# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

അമ്പത്തിയാറാമത് റിപ്പോർട്ട്

(2024 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

**അമ്പത്തിയാറാമത് ........................ റിപ്പോർട്ട്**

**(2024 ഒക്ടോബർ മാസം ...7...-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ
2015-16, 2018-19, 2020-21 വർഷങ്ങളിലെ സമാഹൃത
ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് സർവകലാശാലയുമായി
ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| റിപ്പോർട്ട് | : | |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | |
| അനുബന്ധം II | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-26)

**ഘടന**

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി.

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി.

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-26)യുടെ ..അമ്പത്തിയാറാമത്.. റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16, 2018-19, 2020-21 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

2024 ..ഒക്ടോബർ.. മാസം ..4..-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ..ഒക്ടോബർ 7

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16, 2018-19, 2020-21 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

**കോഴിക്കോട് സർവകലാശാല**

**സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണനിർവഹണവും പ്രവർത്തനവും**

തനത് വരുമാന വർദ്ധനയോടൊപ്പം വിദ്യാർത്ഥി സമൂഹത്തിന് ന്യായമായ ഫീസ് നൽകി ഉന്നതവിദ്യാഭ്യാസ കോഴ്സുകളിൽ ചേരാൻ അവസരം ഒരുക്കുക എന്നതാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക വഴി കോഴിക്കോട് സർവകലാശാല ലക്ഷ്യമിടുന്നത്. ജോലി സാധ്യത കൂടുതലുള്ള പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്ന സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ സംസ്ഥാനത്തും വിശേഷിച്ച് മലബാർ മേഖലയിലും നന്നേ കുറവാണ്. ഈ പോരായ്മ ഒരു പരിധി വരെ കുറയ്ക്കാൻ സർവകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങൾ വഴി സാധിക്കുന്നുണ്ട്. ബി.എഡ്. സെന്ററുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങാനും, കെട്ടിടങ്ങൾ നിർമ്മിക്കാനും അതത് പ്രദേശങ്ങളിലെ ജനപ്രതിനിധികളും, പൊതുജനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുൻകയ്യെടുക്കുകയും കോഴിക്കോട് ഒഴികെയുള്ള മുഴുവൻ ബി.എഡ്. സെന്ററുകൾക്കും കെട്ടിടവും ഭൂമിയും സ്വന്തമാക്കാൻ സാധിക്കുകയും ചെയ്തു. വടകര മുനിസിപ്പാലിറ്റി സംഭാവന ചെയ്ത സ്ഥലത്ത് വലിയ കെട്ടിട സമുച്ചയം സ്ഥാപിക്കുകയും, ബി.എഡ്. കോളേജ്, എം.സി.എ. സെന്റർ തുടങ്ങിയവ പ്രവർത്തിച്ച്

വരികയും ചെയ്യുന്നു. പൊതുജനങ്ങൾ, രക്ഷാകർതൃസമിതികൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരിൽ നിന്നും അകമഴിഞ്ഞ സഹായവും പിന്തുണയും ഇത്തരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ സർവകലാശാലയ്ക്ക് ലഭിച്ച് വരുന്നുണ്ട്. ഈ സാഹചര്യത്തിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ യൂണിവേഴ്സിറ്റി തലത്തിലുള്ള പൊതുവായ ഭരണനിർവഹണവും യൂണിറ്റ് തലങ്ങളിൽ അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വിലയിരുത്തി പോരായ്മകൾ ചൂണ്ടിക്കാണിക്കുക എന്നതാണ് ഈ പ്രവർത്തനാവലോകനം കൊണ്ട് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള ഓഡിറ്റ് പരിശോധനയിലെ പ്രധാന കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

**ഡയറക്ടറേറ്റ് ഓഫ് സെൽഫ് ഫൈനാൻസിന് സ്റ്റാറ്റ്യൂട്ടറി പദവി നൽകിയിട്ടില്ല**

1978 ലെ കോഴിക്കോട് സർവകലാശാല ഫസ്റ്റ് ഓർഡിനൻസ് അധ്യായം XVIII പ്രകാരം താഴെപ്പറയുന്ന സ്റ്റഡി സെന്ററുകൾ സർവകലാശാല ചെലവധിഷ്ഠിത കോഴ്സുകൾ നേരിട്ട് നടത്തുന്നതിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

1. സ്റ്റഡി സെന്റർ, കാലിക്കറ്റ്
2. സ്റ്റഡി സെന്റർ, വടകര
3. കമ്പ്യൂട്ടർ സെന്റർ, കാലിക്കറ്റ് സർവകലാശാല കാമ്പസ്
4. സെന്റർ ഫോർ പ്രിന്റിംഗ് ടെക്നോളജി, കാലിക്കറ്റ് സർവകലാശാല കാമ്പസ്
5. ടീച്ചേഴ്സ് എഡ്യൂക്കേഷൻ സെന്റർ വടകര, വയനാട്, മഞ്ചേരി, പാലക്കാട്, തൃശ്ശൂർ
6. സ്കൂൾ ഓഫ് ഹെൽത്ത് സയൻസ്, കാലിക്കറ്റ് സർവകലാശാല കാമ്പസ്
7. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, കാലിക്കറ്റ് സർവകലാശാല

മേല്പറഞ്ഞ സ്ഥാപനങ്ങൾക്കുപുറമെ 24 സ്വാശ്രയ സ്ഥാപനങ്ങൾ കൂടി സർവകലാശാല നടത്തിവരുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളെ ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്വാശ്രയ കോഴ്സുകളുടെ സുഗമമായ നടത്തിപ്പിനും ഭരണപരമായ സൗകര്യത്തിനും വേണ്ടി സർവകലാശാലയിൽ ഡയറക്ടറേറ്റ് ഓഫ് സെൽഫ് ഫൈനാൻസിംഗ് രൂപീകരിക്കുകയും, സർവകലാശാല പഠന വകുപ്പിലെ ഒരു അധ്യാപകന് ഡയറക്ടറുടെ അധിക ചുമതല നൽകി വരികയും ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത തസ്തിക സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന 31-ഓളം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി സർവകലാശാലയിൽ നിയമിക്കപ്പെട്ട ഡയറക്ടറുടെ അധികാരം സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമാക്കിയിട്ടില്ല.

**പുതിയ 24 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടില്ല**

മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിലായി സർവകലാശാല പുതിയ 24 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഓർഡിനൻസിന്റെ ഭാഗമല്ലാത്ത താഴെപ്പറയുന്ന സ്ഥാപനങ്ങളെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്/സ്ഥലം | നടത്തുന്ന കോഴ്സുകൾ |
|---|---|---|
| 1 | സെന്റർ ഫോർ ഹെൽത്ത് സയൻസ്, കാലിക്കറ്റ് സർവകലാശാല കാമ്പസ് | ബി.എസ്.സി. മെഡിക്കൽ, മൈക്രോബയോളജി, ബി.എസ്.സി. മെഡിക്കൽ ബയോ കെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ ലാബ് ടെക്നോളജി |
| 2 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഡോ.ജോൺ മത്തായി സെന്റർ, തൃശ്ശൂർ | മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (എം.എച്ച്.എ) |
| 3 | എസ്.എം.എസ്., തൃശ്ശൂർ | എം.ബി.എ. |
| 4 | എസ്.എം.എസ്., പാലക്കാട് | എം.ബി.എ. |
| 5 | എസ്.എം.എസ്., കുറ്റിപ്പുറം | എം.ബി.എ. |
| 6 | എസ്.എം.എസ്., തിരൂർ, എ.ജി.കാവ്, തൃശ്ശൂർ | എം.ബി.എ. |
| 7 | എസ്.എം.എസ്., ജോൺ മത്തായി സെന്റർ, തൃശ്ശൂർ | എം.ബി.എ., പാർട്ട് ടൈം കോഴ്സ് |
| 8 | സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷൻ, കാലിക്കറ്റ് സർവകലാശാല | ബി.പി.ഇ., ബി.പി.എഡ് |
| 9 | CCSIT, ഡോ. ജോൺ മത്തായി സെന്റർ, തൃശ്ശൂർ | എം.എസ്.സി., കമ്പ്യൂട്ടർ സയൻസ്, എം.സി.എ. |
| 10 | CCSIT, പുല്ലൂറ്റ് | എം.എസ്.സി., കമ്പ്യൂട്ടർ സയൻസ്, എം.സി.എ. |

| | | |
|---|---|---|
| 11 | CCSIT, മഞ്ചേരി | എം.എസ്.സി., കമ്പ്യൂട്ടർ സയൻസ്, എം.സി.എ. |
| 12 | CCSIT, തളിക്കുളം | എം.സി.എ., ബി.എസ്.സി. - ഐ.ടി. |
| 13 | CCSIT, മുട്ടിൽ, വയനാട് | എം.സി.എ. |
| 14 | CCSIT, മണ്ണാർക്കാട് | എം.സി.എ. |
| 15 | CCSIT, പുതുക്കാട്, തൃശ്ശൂർ | എം.സി.എ. |
| 16 | CCSIT, പാലക്കാട് | എം.സി.എ. |
| 17 | CCSIT, കുറ്റിപ്പുറം | എം.സി.എ. |
| 18 | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, ചക്കിട്ടപ്പാറ | ബി.എഡ്. |
| 19 | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, സുൽത്താൻ ബത്തേരി | ബി.എഡ്. |
| 20 | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, മലപ്പുറം | ബി.എഡ്. |
| 21 | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, വലപ്പാട് | ബി.എഡ്. |
| 22 | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, നാട്ടിക | ബി.എഡ്. |
| 23 | സെന്റർ ഫോർ പി. ജി. സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക്, സുൽത്താൻ ബത്തേരി | എം.എസ്.ഡബ്ല്യൂ |
| 24 | ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ് കാലിക്കറ്റ് സർവകലാശാല കാമ്പസ് | എം.എസ്.സി., റേഡിയേഷൻ ഫിസിക്സ് |

**സ്റ്റഡി സെന്ററുകൾ നടത്തുന്നതിന് NCTE, AICTE, പാരാമെഡിക്കൽ കൗൺസിൽ എന്നിവയുടെ അംഗീകാരം നേടിയിട്ടില്ല**

സർവകലാശാല വിവിധ സ്ഥലങ്ങളിൽ നടത്തുന്ന സ്വാശ്രയ ഫിസിക്കൽ എഡ്യൂക്കേഷൻ സെന്റർ, എം.ബി.എ., എം.സി.എ., എം.എസ്.സി., കമ്പ്യൂട്ടർ സയൻസ് കോഴ്സുകൾ നടത്തുന്ന സെന്ററുകൾ, പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്കൂൾ ഓഫ് ഹെൽത്ത് സയൻസ്, സെന്റർ ഫോർ ഹെൽത്ത് സയൻസ്, തൃശ്ശൂർ കേന്ദ്രത്തിലെ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സ് എന്നിവയ്ക്ക് NCTE, AICTE, പാരാമെഡിക്കൽ കൗൺസിൽ എന്നിവയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ബന്ധപ്പെട്ട ദേശീയ ഏജൻസികളുടെ പരിശോധനയില്ലാതെയും അംഗീകാരമില്ലാതെയും നടത്തപ്പെടുന്ന ഇത്തരം കോഴ്സുകളുടെ ഗുണനിലവാരം ചോദ്യം ചെയ്യപ്പെടുന്നു.

NCTE യുടെ റീജിയണൽ ഡയറക്ടർ 23.01.2015 ലെ നം. എഫ്.എസ്.ആർ.ഒ./ എൻ.സി.റ്റി.ഇ./കെ.എൽ./2014/611311 നമ്പർ കത്ത് പ്രകാരം അംഗീകാരം വാങ്ങാതെ സെന്റർ ഫോർ ഫിസിക്കൽ എഡ്യുക്കേഷനിൽ കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് സർവകലാശാലയോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. അംഗീകാരമില്ലാതെ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനെതിരെ 2011-12 ലെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 24-ൽ) പരാമർശമുണ്ടായിട്ടും അംഗീകാരം നേടാനാവശ്യമായ നടപടികൾ സ്വീകരിച്ച് കാണുന്നില്ല. സർവകലാശാല നടത്തുന്ന ബി.എഡ്. സെന്ററുകൾക്ക് 2015-16 മുതൽ അംഗീകാരം നഷ്ടമായതിനെത്തുടർന്ന് (യു.ഒ.നം. 11074/2015/അഡ്മിൻ തീയതി 26.10.2015) സിൻഡിക്കേറ്റിന്റെ പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 2015-ൽ പ്രവേശന നടപടികൾ ആരംഭിച്ചിട്ടുള്ളത്. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പുതിയ എം.ബി.എ., എം.സി.എ., എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സുകൾ ആരംഭിക്കുന്നതിന് AICTE യുടെ അംഗീകാരം നിർബന്ധമാക്കുന്ന സർവകലാശാല സ്വന്തമായി ഇത്തരം കോഴ്സുകൾ നടത്തുമ്പോൾ ഈ നിബന്ധനകളൊന്നും പാലിക്കുന്നില്ല എന്നത് വിരോധാഭാസമാണ്.

**സ്വന്തമായി ഭൂമിയും, കെട്ടിട സൗകര്യങ്ങളുമില്ല**

1977 ലെ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, അദ്ധ്യായം 23 (25) പ്രകാരം ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് തുടങ്ങുന്നതിന് 15 ഏക്കറും, ജൂനിയർ കോളേജ് തുടങ്ങുന്നതിന് 10 ഏക്കറും ഉപയോഗപ്രദമായ സ്ഥലം ആവശ്യമാണ്. അതുപോലെ ബിരുദത്തിന് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 1.2 സ്ക്വയർ മീറ്റർ ക്ലാസ് മുറി വേണം. സയൻസ് ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഇതിനുപരിയായി 4 സ്ക്വയർ മീറ്റർ ലബോറട്ടറി സൗകര്യവും വേണ്ടതുണ്ട്. ഇതിനു പുറമെ ഓഫീസ്, ലൈബ്രറി, റീഡിംഗ് റൂം, പ്രിൻസിപ്പൽ റൂം, പ്രൊഫസർ റൂം, ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് റൂം, സ്റ്റാഫ് കോമൺ റൂം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കോമൺ റൂം, ടിഫിൻ റൂം എന്നിവ കൂടി വേണം.

എന്നാൽ സർവകലാശാലയുടെ എഞ്ചിനീയറിംഗ് കോളേജ്, ഹെൽത്ത് സയൻസ് കോഴ്സുകൾ, ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ (കോഴിക്കോട് ഒഴികെ) എന്നിവയ്ക്ക് മാത്രമെ സ്വന്തമായി ഭൂമിയും, കെട്ടിട സൗകര്യവും ഉള്ളൂ. ബാക്കി വരുന്ന എം.ബി.എ. സെന്ററുകൾ, എം.സി.എ. സെന്ററുകൾ, എം.എസ്.ഡബ്ല്യൂ സെന്റർ, ടീച്ചർ എഡ്യൂക്കേഷൻ സെന്റർ കോഴിക്കോട് എന്നിവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. 2011-12 ലെ ഓൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ അപ്രൂവൽ പ്രോസസ് ഹാൻഡ് ബുക്ക് റൂൾ 4.2 പ്രകാരം ഒരു എം.ബി.എ, എം.സി.എ. ബാച്ചിന്റെ ക്ലാസ് റൂമിന് 66 സ്ക്വയർ മീറ്ററും, ട്യൂട്ടോറിയൽ റൂമിന് 33 സ്ക്വയർ മീറ്ററും, കമ്പ്യൂട്ടർ സെന്ററിന് 150 സ്ക്വയർ മീറ്ററും, ലൈബ്രറി റീഡിംഗ് റൂമിന് 100 സ്ക്വയർ മീറ്ററും, സെമിനാർ ഹാളിന് 132 സ്ക്വയർ മീറ്ററും കെട്ടിട സൗകര്യം വേണം. എന്നാൽ സർവകലാശാല നടത്തുന്ന 7 എം.ബി.എ., എം.സി.എ. സെന്ററുകളിലും വിദ്യാർത്ഥികൾക്ക് ഈ സൗകര്യങ്ങൾ ലഭിക്കുന്നില്ല. സ്വന്തമായി ഭൂമി ഇല്ലാത്ത 9 സ്വാശ്രയ സ്ഥാപനങ്ങൾ ആണ് സർവകലാശാലയ്ക്ക് ഉള്ളത്. 1977 ലെ കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 23 (29) പ്രകാരം എല്ലാ കോളേജുകളും സിൻഡിക്കേറ്റിന്റെ അനുമതിയോടെ ഹോസ്റ്റലുകൾ സ്ഥാപിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ സർവകലാശാലയുടെ എഞ്ചിനീയറിംഗ് കോളേജ് ഒഴികെയുള്ള ഒരു സ്വാശ്രയ സ്ഥാപനത്തിലും വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നില്ല (വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു).

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കോഴ്സുകൾ | ആരംഭിച്ച വർഷം | സ്വന്തമായി ഭൂമി ഉണ്ടോ | കെട്ടിടത്തിന്റെ വിസ്തീർണ്ണം ($m^2$) | ക്ലാസ് മുറികളുടെ എണ്ണം | സെമിനാർ ഹാൾ ലേഡീസ് റൂം | ഹോസ്റ്റൽ സൗകര്യം |
|---|---|---|---|---|---|---|---|---|
| 1 | സെന്റർ ഫോർ പി.ജി. സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക്, സുൽത്താൻ ബത്തേരി | എം.എസ്.ഡബ്യ | 2001 | ഇല്ല | 421 | 3 | ഇല്ല | ഇല്ല |
| 2 | CCSIT, മണ്ണാർക്കാട് | എം.സി.എ. | 1999 | ഇല്ല | 1840 | 3 | ഇല്ല | ഇല്ല |
| 3 | CUTEC, പൂമല | ബി.എഡ് | 2002 | ഉണ്ട് | 8150 | 4 | ഇല്ല | ഇല്ല |
| 4 | CUTEC, കാലിക്കറ്റ് | ബി.എഡ് | 1991 | ഇല്ല | 5000 | 6 | ഇല്ല | ഇല്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | SMS, വടകര | എം.ബി.എ | 2001 | ഉണ്ട് | 3153 | 2 | ഇല്ല | ഇല്ല |
| 6 | CCSIT, മഞ്ചേരി | എം.സി.എ., എം.എസ്.സി. | 2000 | ഇല്ല | 6000 | 6 | സെമിനാർ ഹാൾ ഉണ്ട് ലേഡീസ് റൂം ഉണ്ട് | ഇല്ല |
| 7 | SMS, കുറ്റിപ്പുറം | എം.ബി.എ. | 2010 | ഇല്ല | 561.5 | 3 | സെമിനാർ ഹാൾ ഉണ്ട് ലേഡീസ് റൂം ഇല്ല | ഇല്ല |
| 8 | CCSIT, പുതുക്കാട് | എം.സി.എ. | 2002 | ഇല്ല | ലഭ്യമല്ല | 3 | ഇല്ല | ഇല്ല |
| 9 | CCSIT, പുല്ലൂറ്റ് | എം.സി.എ., എം.എസ്.സി. | 2000 | ഇല്ല | 5500 | 5 | സെമിനാർ ഹാൾ ഇല്ല ലേഡീസ് റൂം ഉണ്ട് | ഇല്ല |
| 10 | CCSIT, കുറ്റിപ്പുറം | എം.സി.എ. | 2010 | ഇല്ല | ലഭ്യമല്ല | 2 | ഇല്ല | ഇല്ല |
| 11 | CCSIT, തളിക്കുളം | എം.എസ്.സി., ബി.എസ്.സി.-ഐ.ടി. | 2002 | ഇല്ല | 5500 | 6 | ഇല്ല | ഇല്ല |
| 12 | സെന്റർ ഫോർ കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് | ബി.എസ്.സി., എം.എസ്.സി. | 1999 | ഉണ്ട് | ലഭ്യമല്ല | 4 | ഇല്ല | ഇല്ല |

## കമ്പ്യൂട്ടർ ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

വിവിധ സ്വാശ്രയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ടെങ്കിലും ആയതിൽ കുറച്ച് എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. നാല് സ്വാശ്രയ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള ഫർണിച്ചറുകൾ ലഭ്യമല്ല. കമ്പ്യൂട്ടർ ലാബിൽ എയർ കണ്ടീഷൻ സൗകര്യം ചുരുക്കം ചില സ്ഥാപനങ്ങളിൽ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. കമ്പ്യൂട്ടറുകൾ പൊടിപടലങ്ങൾ തട്ടാതെ സൂക്ഷിക്കാനാവശ്യമായ സംവിധാനങ്ങൾ ഇല്ലാത്ത എട്ട് സ്ഥാപനങ്ങളും ഉണ്ട്. മഞ്ചേരി സെന്ററിൽ യു.പി.എസ്. ലഭ്യമാക്കിയിട്ടുണ്ടെങ്കിലും വയറിംഗിലെ അപാകതകൾ മൂലം സ്ഥാപിച്ചിട്ടില്ല. വിവിധ സെന്ററുകളിൽ ലഭ്യമായ സൗകര്യങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം | ലഭ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണം | പ്രവർത്തന ക്ഷമമായത് | കമ്പ്യൂട്ടർ സ്ഥാപിക്കാനാവശ്യമായ ഫർണിച്ചറിന്റെ ലഭ്യത | യു.പി.എസ്. സംവിധാനം | ലാബ് പൊടിപടലങ്ങൾ തട്ടാതെ സജ്ജീകരിച്ചിട്ടുണ്ടോ, എ.സി. ഉണ്ടോ | ഇന്റർനെറ്റ് സൗകര്യം |
|---|---|---|---|---|---|---|---|
| 1 | MSW, സുൽത്താൻ ബത്തേരി | 6 | 2 | ഇല്ല | ഉണ്ട് | സജ്ജീകരിച്ചില്ല, എ.സി. ഇല്ല | ഉണ്ട് |
| 2 | CCSIT, മണ്ണാർക്കാട് | 31 | 12 | ഉണ്ട് | ഇല്ല | ഇല്ല, ഇല്ല | ഭാഗികമായി |
| 3 | CUTEC, സുൽത്താൻ ബത്തേരി | 17 | 12 | ഇല്ല | ഉണ്ട് | ഉണ്ട്, ഇല്ല | ഉണ്ട് |
| 4 | CUTEC, കാലിക്കറ്റ് | 11 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട്, ഇല്ല | ഉണ്ട് |
| 5 | CUIET | 335 | 150 | ഉണ്ട് | ഉണ്ട് | ഉണ്ട്, ഇല്ല | ഉണ്ട് |
| 6 | CUTEC, വലപ്പാട് | 7 | 6 | ഇല്ല | ഇല്ല | ഇല്ല, ഇല്ല | ഇല്ല |
| 7 | CCSIT, മഞ്ചേരി | 45 | 19 | ഉണ്ട് | യു.പി.എസ്. ഉണ്ട്. എന്നാൽ വയറിംഗ് തകരാർ കാരണം കണക്ട് ചെയ്തിട്ടില്ല | ഇല്ല, ഇല്ല | ഉണ്ട് |
| 8 | CCSIT, തൃശ്ശൂർ | 28 | 17 | ആവശ്യത്തിനില്ല | ഇല്ല | ഉണ്ട്, ഉണ്ട് | ഇല്ല |
| 9 | CUTEC, നാട്ടിക | 7 | 3 | ഇല്ല | ഇല്ല | ഇല്ല, ഇല്ല | ഉണ്ട് |
| 10 | CCSIT, പുതുക്കാട് | 42 | 17 | ഉണ്ട് | ഇല്ല | ഇല്ല, ഇല്ല | ഇല്ല |
| 11 | CCSIT, പുല്ലൂറ്റ് | 35 | 5 | പൂർണ്ണമല്ല | ഉണ്ട് | ഇല്ല, ഇല്ല | ഇല്ല |
| 12 | CCSIT, കുറ്റിപ്പുറം | 16 | 14 | ഉണ്ട് | ഉണ്ട് | ഉണ്ട്, ഇല്ല | ഇല്ല |
| 13 | CCSIT, തളിക്കുളം | 36 | 16 | ഉണ്ട് | ഉണ്ട് | ഇല്ല, ഇല്ല | ഇല്ല |

മേൽ സെന്ററുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിലും ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച**

29.12.2014 ലെ കാലിക്കറ്റ് സർവകലാശാല സെനറ്റിന്റെ മിനിട്ട്സ് പ്രകാരം 1998-99 മുതൽ 2012-13 വരെയുള്ള കാലയളവിൽ വിവിധ സ്വാശ്രയ സ്ഥാപനങ്ങൾ നടത്തിയ വകയിൽ 45 കോടിയിൽപ്പരം രൂപയുടെ മിച്ചവരുമാനം സർവകലാശാലയ്ക്കുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 1998-99 മുതൽ 2012-13 വരെയുള്ള ലാഭം |
|---|---|---|
| 1 | CUIET | 78544757 |
| 2 | സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷൻ | 6106119 |
| 3 | സെന്റർ ഫോർ കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് | 9290670 |
| 4 | സെന്റർ ഫോർ ഹെൽത്ത് സയൻസസ് | 84860559 |
| 5 | CCSIT | 121928945 |
| 6 | ബി.എഡ്. സെന്റർ | 91670666 |
| 7 | എം.ബി.എ. സെന്ററുകൾ | 53006506 |
| 8 | മറ്റ് കോഴ്സുകൾ | 13829457 |
| **ആകെ** | | **459237679** |

കഴിഞ്ഞ പതിനഞ്ച് വർഷം കൊണ്ട് 45 കോടിയിൽപ്പരം രൂപയുടെ ലാഭമുണ്ടായിട്ടും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം പ്രസ്തുത സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ വ്യവസ്ഥ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തി മേല്പറഞ്ഞ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

**പുതുക്കാട് സി.സി.എസ്.ഐ.ടി.-ൽ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നു**

പുതുക്കാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുതുക്കാട് സി.സി.എസ്.ഐ.ടി. സെന്ററിൽ 3 വർഷ കോഴ്സായ എം.സി.എ. നടത്തി വരുന്നുണ്ട്. ആകെ 30 സീറ്റുകൾ ലഭ്യമായ സ്ഥാപനത്തിൽ 2014-15-ൽ വിദ്യാർത്ഥികളുടെ എണ്ണം നാമമാത്രമാണ്. വിവിധ സെമസ്റ്ററുകളിലായി ഒരേ സമയം ആകെ 90 വിദ്യാർത്ഥികൾ ഉണ്ടാകണമെന്നിരിക്കെ താഴെപ്പറയും പ്രകാരം ആകെ 39 വിദ്യാർത്ഥികൾ മാത്രമാണ് സ്ഥാപനത്തിലുള്ളത്.

| | | |
|---|---|---|
| I സെമസ്റ്റർ | - | 5 |
| III സെമസ്റ്റർ | - | 17 |
| V സെമസ്റ്റർ | - | 17 |
| **ആകെ** | - | 39 |

പുതിയ അധ്യയന വർഷത്തിൽ ആകെ 5 കുട്ടികൾ മാത്രമേ പ്രവേശനം നേടിയിട്ടുള്ളൂ എന്നത് സ്ഥാപനത്തിന്റെ നിലനില്പ് തന്നെ അനിശ്ചിതത്വത്തിലാണെന്ന് കാണിക്കുന്നു. സ്വന്തമായി കെട്ടിടം, നിലവാരമുള്ള കമ്പ്യൂട്ടർ ലാബ്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ അഭാവമാണ് സ്ഥാപനം അനാകർഷകമാകാൻ കാരണം. പ്രൊഫഷണൽ കോഴ്സായ എം.സി.എ. നടത്തുന്ന സ്ഥാപനത്തിലെ ക്ലാസ് മുറികളും, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയും ആധുനിക രീതിയിൽ സജ്ജീകരിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ സർവകലാശാലയ്ക്ക് സാമ്പത്തിക ബാധ്യതയാകുന്ന തരത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം മാറാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സി.സി.എസ്.ഐ.ടി., പുല്ലൂറ്റ് - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത - വിദ്യാർത്ഥികൾ കുറയുന്നു**

1. പുല്ലൂറ്റ്, കെ.കെ.ടി.എം. ഗവൺമെന്റ് കോളേജിന്റെ ഒരു പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിലും വിദ്യാർത്ഥികളുടെ എൻറോൾമെന്റിന്റെ കാര്യത്തിലും വർഷാവർഷം പിന്നോട്ട്

പോകുകയാണ്. കെട്ടിടത്തിന്റെ ഉപയോഗത്തിന് എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായി പ്രതിമാസം 5,000/- രൂപ സർവകലാശാല കോളേജിന് നൽകുന്നുണ്ടെങ്കിലും ആവശ്യമായ അറ്റകുറ്റപ്പണികൾ സമയാസമയങ്ങളിൽ ചെയ്യുന്നില്ല. എം.എസ്.സി. (24 സീറ്റ്), എം.സി.എ. (40 സീറ്റ്) എന്നീ കോഴ്സുകൾ നടന്നു വരുന്ന സ്ഥാപനത്തിലെ കമ്പ്യൂട്ടറുകൾ പലതും പ്രവർത്തനക്ഷമമല്ല. കൂടാതെ പൊടിപിടിച്ച് കിടക്കുന്ന രീതിയിലാണ് കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിരിക്കുന്നത്.

2. വിദ്യാർത്ഥികളുടെ അഭാവം - എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സ് നിർത്തലാക്കി. 24 സീറ്റ് ലഭ്യമായിരുന്ന എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സ് 2012-13 വർഷം മുതൽ നിർത്തലാക്കിയിട്ടുണ്ട്. 2010-11-ൽ 18 പേരും 2011-12-ൽ 8 പേരും മാത്രമാണ് ഈ കോഴ്സിന് പ്രവേശനം നേടിയിരുന്നത്. 2012-13-ൽ ആവശ്യത്തിന് അപേക്ഷകൾ ഇല്ലാത്തതിനെത്തുടർന്നാണ് കോഴ്സ് നിർത്തലാക്കിയത്.

3. എം.സി.എ. വിദ്യാർത്ഥികൾ കുറഞ്ഞു വരുന്നു: മൂന്ന് വർഷത്തെ കോഴ്സായ എം.സി.എ. കോഴ്സിനും വിദ്യാർത്ഥികൾ കുറഞ്ഞുവരികയാണെന്ന് താഴെപ്പറയുന്ന കണക്കുകൾ കാണിക്കുന്നു.

| **വർഷം** | **പ്രവേശനം നേടിയ വിദ്യാർത്ഥികൾ** | **2-ാം വർഷമുള്ള വിദ്യാർത്ഥികൾ** | **3-ാം വർഷമുള്ള വിദ്യാർത്ഥികൾ** |
|---|---|---|---|
| 2010-11 | 33 | 22 | 22 |
| 2011-12 | 40 | 25 | 25 |
| 2012-13 | 28 | 24 | - |
| 2013-14 | 25 | - | - |

2011-12 വർഷം ഒഴികെയുള്ള വർഷങ്ങളിലൊന്നും തന്നെ ലഭ്യമായ 40 സീറ്റുകളിലും പ്രവേശനം നടത്താൻ സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. പ്രവേശനം നേടിയതിനുശേഷമുള്ള തുടർവർഷങ്ങളിൽ വിദ്യാർത്ഥികൾ വൻതോതിൽ കൊഴിഞ്ഞു

പോകുന്നതായും മേൽ കണക്കുകൾ കാണിക്കുന്നു. സാമ്പത്തിക നഷ്ടത്തിലേക്ക് പോകുന്നതിന് മുമ്പ് തന്നെ അടിസ്ഥാന സൗകര്യങ്ങളുടെയും കോഴ്സ് പാഠ്യക്രമത്തിന്റെയും നിലവാരം ഉയർത്തി വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള സത്വര നടപടികൾ സർവകലാശാലയുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്.

**യു-ടെക് ചക്കിട്ടപ്പാറ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിൽ വീഴ്ചകൾ**

ചക്കിട്ടപ്പാറ യു-ടെക്കിന് സ്വന്തം ഭൂമിയും കെട്ടിടവുമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സെന്ററിന് വേണ്ടി ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് ഒരു ഏക്കർ ഭൂമി സൗജന്യമായി നൽകുകയുണ്ടായി. ഈ ഭൂമിയിൽ ബി.എ.305/2008-09 തിയതി 28.02.2009 നമ്പർ പെർമിറ്റ് പ്രകാരം താഴെപ്പറയുന്ന അളവുകളിലുള്ള മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് സർവകലാശാല അനുമതി വാങ്ങി.

| | **പ്ലിന്ത് ഏരിയ ($M^2$-ൽ)** | **കാർപെറ്റ് ഏരിയ ($M^2$-ൽ)** |
|---|---|---|
| ഗ്രൗണ്ട് ഫ്ളോർ | 584.84 | 343.92 |
| ഫസ്റ്റ് ഫ്ളോർ | 584.84 | 353.60 |
| സെക്കന്റ് ഫ്ളോർ | 584.84 | 303.52 |
| തേർഡ് ഫ്ളോർ | 57.04 | 17.98 |
| **ആകെ** | **1811.56** | **1019.02** |

ഇതിൽ ഗ്രൗണ്ട് ഫ്ളോറിന്റെ പണി 24.05.2012 നും, ഒന്നും രണ്ടും നിലകളുടെ പണി 05.03.2014 നും പൂർത്തീകരിച്ചു. ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തീകരിച്ച് ക്ലാസുകൾ പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റിയത് എന്ന് മുതലാണെന്നത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. 2012 മുതൽ ഈ കെട്ടിടത്തിലാണ് സെന്റർ പ്രവർത്തിച്ചുവരുന്നതെന്ന് ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്.

കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടുകളുടെ പൂർത്തീകരണവും, പൂർത്തികരിച്ച പ്രോജക്ടുകളുടെ നിലവിലെ അവസ്ഥയും പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു

**1. ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല :**

സെന്ററിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പെർമിറ്റ് നം. 241/09-10 തീയതി: 10.02.2010 പ്രകാരം പെർമിറ്റ് വാങ്ങിയിട്ടുണ്ടെങ്കിലും ചില ഭാഗങ്ങളിൽ മതിലിന് അടിത്തറയിട്ടതല്ലാതെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചുറ്റുമതിൽ ഇല്ലാത്തത് കാരണം പരിസരവാസികൾ സെന്ററിന്റെ വരാന്തയിലൂടെ പോലും വഴി നടക്കുന്ന അവസ്ഥയാണ് ഉള്ളത്. മാത്രമല്ല സെന്ററിന്റെ തൊട്ടുമുന്നിൽ പൊതുവഴി, കോമ്പൗണ്ടിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ സുഭിക്ഷ പദ്ധതിയുടെ യൂണിറ്റ്, കെട്ടിടത്തിന്റെ പിൻഭാഗത്ത് വിജനമായ റബ്ബർ തോട്ടം എന്നിവ കോമ്പൗണ്ട് വാൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

**2. എല്ലാ നിലകൾക്കും പഞ്ചായത്തിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല :**

സെന്ററിലെ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ പ്രവൃത്തി പൂർത്തിയാക്കി 18.01.2011 ന് പഞ്ചായത്തിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഒന്നും, രണ്ടും, മൂന്നും നിലകളുടെ ഒക്യുപൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

**3. കളിസ്ഥലം സെന്ററിന്റെ ഭൂവിതാനത്തിൽ നിന്നും ഉയർത്തി മതിൽ കെട്ടിതിരിച്ചു:**

സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ലഭിച്ച ഒരു ഏക്കർ ഭൂമിയിൽ കളിസ്ഥലത്തിനായി ലഭ്യമായിരുന്ന 52 സെന്റ് സ്ഥലം പഞ്ചായത്തിന്റെ പൊതുകളിസ്ഥലത്തോട് ചേർന്ന് കിടക്കുന്ന സ്ഥലമായിരുന്നു. 'പൈക്ക' പദ്ധതിയുടെ കീഴിൽ പഞ്ചായത്ത് പൊതുകളിസ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്ന സമയത്ത് പ്രസ്തുത ഗ്രൗണ്ടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് യു-ടെക്കിന് നൽകിയ 52 സെന്റ് സ്ഥലം ഉൾപ്പെടെ പഞ്ചായത്ത് ഗ്രൗണ്ടിനോട് ചേർത്ത് ചുറ്റുമതിൽ കെട്ടുന്നതിന് പഞ്ചായത്ത് സർവകലാശാലയിൽ നിന്നും അനുമതി വാങ്ങുകയും അതുപ്രകാരം ചുറ്റുമതിൽ കെട്ടുകയും ചെയ്യുകയുണ്ടായി. യു-ടെക്കിന്റെ ഭൂവിതാനത്തിൽ നിന്നും ആറടിയിലധികം ഉയർത്തിയാണ് കളിസ്ഥലം ചുറ്റുമതിൽ കെട്ടിത്തിരിച്ചിട്ടുള്ളത്.

അതിനാൽ സെന്ററിനനുവദിച്ച ഭൂമിയിൽ നിന്നും കളിസ്ഥലത്തേക്ക് നേരിട്ട് പ്രവേശിക്കുവാനാകില്ല. ഇങ്ങനെ സെന്ററിന്റെ തറനിരപ്പിൽ നിന്നുയർന്ന വിതാനത്തിൽ കളിസ്ഥലം മതിൽ കെട്ടിത്തിരിച്ചിട്ടുള്ളത് കാരണം സെന്ററിന് പ്രസ്തുത കളിസ്ഥലം കൊണ്ട് യാതൊരു പ്രയോജനവും ലഭിക്കാത്ത അവസ്ഥയാണുള്ളത്.

## 4. ഗ്രിൽ സ്ഥാപിച്ചിട്ടില്ല - സുരക്ഷ അപകടത്തിൽ

യു-ടെക് കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ നിന്നും മുകൾ നിലകളിലേക്ക് രണ്ട് ഭാഗത്തു നിന്നും ഗോവണികൾ ഉണ്ട്. ഈ ഗോവണികളിലേക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നതിന് യാതൊരു സംവിധാനവും നിലവിലില്ല. ആയതിനാൽ സെന്ററിന്റെ മുകൾനിലയിലേക്ക് ഒരു തടസ്സവുമില്ലാതെ ആർക്കും ഏത് സമയത്തും പ്രവേശിക്കാനാകും. തീർത്തും വിജനമായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ സെന്ററിൽ ജോലി ചെയ്യുന്ന സ്ത്രീകളടക്കമുള്ള ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും ഇത് വലിയ സുരക്ഷാ ഭീഷണിയാണുണ്ടാക്കുന്നത്.

## 5. എക്സ്പാൻഷൻ ജോയിന്റ് ചോർന്നൊലിക്കുന്നു

കെട്ടിടത്തിന്റെ രണ്ടാം നിലയുടെ ടെറസ്സിലെ എക്സ്പാൻഷൻ ജോയിന്റ് അലുമിനിയം ഷീറ്റ് കൊണ്ട് അടച്ചിട്ടുണ്ടെങ്കിലും വെള്ളം ലീക്ക് ചെയ്യുന്നുണ്ട്. ഇത് കെട്ടിടത്തെ ദോഷകരമായി ബാധിക്കുന്നതാണ്.

## 6. ഇലക്ട്രോണിക് സ്വിച്ചുകളും മറ്റും നശിച്ച നിലയിൽ

യു-ടെക് കെട്ടിടത്തിലേക്ക് ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ആണുള്ളത്. എന്നാൽ വയറിംഗിലെ അപാകത നിമിത്തം എല്ലാ ഫേസിലും വൈദ്യുതി ലഭിക്കുന്നില്ലെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ബന്ധപ്പെട്ടവർ വിശദീകരണം നൽകുകയുണ്ടായി. അതുപോലെ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ സ്ഥാപിച്ചിട്ടുള്ള മെയിൻ സ്വിച്ച്, ഫേസ് ചേയ്ഞ്ച് ചെയ്യുന്ന സ്വിച്ചുകൾ എന്നിവ സാമൂഹ്യവിരുദ്ധർ നശിപ്പിച്ചിട്ടുണ്ട്.

**യു.-ടെക്, സുൽത്താൻ ബത്തേരി - എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങളില്ല :**

യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ സുൽത്താൻ ബത്തേരിയിൽ ബി.എഡിന് 100 സീറ്റുകളാണുള്ളത്. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പ്രകാരം 1500 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടവും സൗകര്യവും 5 ക്ലാസ് മുറികളും 7 സ്ഥിരം അധ്യാപകരും സെന്ററിൽ ആവശ്യമുണ്ട്. എന്നാൽ 600 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള കെട്ടിടവും 4 ക്ലാസ് മുറികളും കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിച്ച 7 അധ്യാപകരും സർവകലാശാലയിലെ ഒരു സ്ഥിരം ജീവനക്കാരനും മാത്രമാണ് ഇപ്പോൾ സെന്ററിൽ ലഭ്യമായിട്ടുള്ളത്. അധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഭാവിയിൽ സെന്ററിനുള്ള അംഗീകാരം നിലനിർത്തുന്നതിനും എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സെന്ററിൽ ലഭ്യമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.3.1 മുതൽ 6.3.11 വരെ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി 41 സ്വാശ്രയ സ്ഥാപനങ്ങളാണ് യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുള്ളതെന്നും അതിൽ 11 സ്ഥാപനങ്ങൾ ബി.എഡ് കോഴ്സിനും മറ്റുള്ളവ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് സെന്ററുകൾ എന്നിങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും ബി.എഡ്, സെന്ററുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിച്ചിട്ടുണ്ടെന്നും സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് എന്നീ സെന്ററുകൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും അതിൽ മിക്കവാറും സ്ഥാപനങ്ങൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഈ സെന്ററുകളെല്ലാം 'no profit no loss' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ്

പ്രവർത്തിക്കുന്നതെന്നും സെന്ററുകളിലെല്ലാം എൻ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുന്നതിനും യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നതിനും മികച്ച കോഴ്സുകൾ നടത്തുന്നതിനുമുള്ള ശ്രമങ്ങളാണ് യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ളതെന്നും കാലിക്കറ്റ് സർവകലാശാല ഡയറക്ടേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ ഡയറക്ടർ സമിതിയെ അറിയിച്ചു. നിലവിൽ സ്വാശ്രയ സ്ഥാപനങ്ങളിലെ സ്റ്റഡി സെന്ററുകളെല്ലാം സ്വയംപര്യാപ്തമാണെന്നും വിദ്യാർത്ഥികളുടെ അധ്യിഷനുമായി ബന്ധപ്പെട്ട് പോരായ്മകളുണ്ടെങ്കിലും സെന്ററുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതികസാഹചര്യം സർവകലാശാല സജ്ജമാക്കിയിട്ടുണ്ടെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

2. 'No profit no loss' എന്ന തത്വത്തിലധിഷ്ഠിതമായാണ് സെന്ററുകളെല്ലാം പ്രവർത്തിക്കുന്നതെങ്കിലും പലതും നഷ്ടത്തിൽ പ്രവർത്തിക്കാനുള്ള സാഹചര്യമെന്താണെന്ന് സമിതി ആരാഞ്ഞു. സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളെല്ലാം നിയമപരമായാണോ പ്രവർത്തിക്കുന്നതെന്നും കോഴ്സുകളെല്ലാം സ്റ്റാറ്റ്യൂട്ടിന് വിധേയമായാണോ നടത്തുന്നതെന്നത് വിശദമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. 1977 ലെ കോഴിക്കോട് സർവകലാശാല ഫസ്റ്റ് ഒർഡിനൻസിൽ 7 സ്റ്റഡി സെന്ററുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സ്റ്റഡി സെന്റർ, കാലിക്കറ്റ്, സ്റ്റഡി സെന്റർ, വടകര, കമ്പ്യൂട്ടർ സെന്റർ, കാലിക്കറ്റ് സർവകലാശാല ക്യാമ്പസ്, സെന്റർ ഫോർ പ്രിന്റിംഗ് ടെക്നോളജി, കാലിക്കറ്റ് സർവകലാശാല ക്യാമ്പസ്, ടീച്ചർ എഡ്യുക്കേഷൻ സെന്റർ വടകര, വയനാട്, മഞ്ചേരി, പാലക്കാട്, തൃശ്ശൂർ, സ്കൂൾ ഓഫ് ഹെൽത്ത് സയൻസ്, കാലിക്കറ്റ് സർവകലാശാല ക്യാമ്പസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, കാലിക്കറ്റ് സർവകലാശാല എന്നിവയാണ് അവയെന്നും ഡി.യു.എസ്.സി.യുടെ കീഴിലുള്ള 41 സ്റ്റഡി സെന്ററുകളെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും കാലിക്കറ്റ് സർവകലാശാലാ ഡയറക്ടേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ ഡയറക്ടർ സമിതിയെ അറിയിച്ചു.

3. 14 സ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും മുഴുവൻ സ്വാശ്രയ സ്ഥാപനങ്ങളുടെയും വരവ് ചെലവ് കണക്ക് പരിശോധിച്ചതിൽ 2020-21-ൽ 1,02,40,475/- രൂപ സർവകലാശാലയ്ക്ക് ലാഭമുണ്ടായെങ്കിലും 2021-22-ൽ 2,76,80,244/- രൂപ ബാധ്യതയാണുണ്ടായതെന്നും ഇതുസംബന്ധിച്ച് സർവകലാശാല വ്യക്തമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

4. ഒരു കോഴ്സ് നടത്തണമെങ്കിൽ എൻ.സി.റ്റി.ഇ. മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്നും സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിച്ച സമയത്ത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നതെന്നും തുടർന്ന് സ്വന്തമായ സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിച്ച് ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിനായി സർവകലാശാലയ്ക്ക് തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടെന്നും പ്രസ്തുത തുക അടുത്ത അധ്യയന വർഷം പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ ഫീസിനത്തിൽ നിന്നും അഡ്ജസ്റ്റ് ചെയ്യാമെന്ന വ്യവസ്ഥയിലാണ് സ്വാശ്രയ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനായി തുക ചെലവഴിച്ചിട്ടുള്ളതെന്നും ഇത് സർവകലാശാലയുടെ സ്വത്തുവകയാണെന്നും വടകര, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ പുതിയ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള ചെലവ് സർവകലാശാല വഹിക്കുന്നതുകൊണ്ടാണ് 2021-22 സാമ്പത്തിക വർഷത്തിൽ ചെലവ് വർദ്ധിക്കാൻ കാരണമായതെന്നും ഡയറക്ടർ സമിതി മുൻപാകെ ബോധിപ്പിച്ചു.

5. ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന്റെ കീഴിലുള്ള 41 സെന്ററുകൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള തടസ്സം എന്താണെന്ന സമിതിയുടെ ചോദ്യത്തിന് ഓരോ സമയത്തും ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് സെന്ററുകൾ ആരംഭിക്കുന്നതെന്നും വയനാട്ടും പേരാമ്പ്രയിലും സ്റ്റഡി സെന്ററുകൾ സ്ഥാപിച്ചുവെന്നും സെന്ററുകൾ ആരംഭിക്കുന്നതിന് മുമ്പ് സെനറ്റിന്റെ അംഗീകാരം വാങ്ങിയതിനുശേഷമാണ് മറ്റ് നടപടികൾ സ്വീകരിക്കുന്നതെന്നും 41 സെന്ററുകളെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും ഡയറക്ടർ മറുപടി നൽകി.

6. 41 സെന്ററുകൾ ആരംഭിച്ച് വർഷങ്ങളായിട്ടും ആവശ്യമായ ഇടപെടൽ സർവകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നുള്ളത് ഗൗരവതരമാണെന്ന് വിലയിരുത്തിയ സമിതി തടസ്സങ്ങൾ ഒഴിവാക്കാൻ ചട്ടങ്ങൾ ഭേദഗതി വരുത്തി അക്കാദമിക് കൗൺസിലിനെ ഏൽപ്പിക്കാനോ മറ്റ് ശക്തമായ നിലപാട് സ്വീകരിക്കുവാനോ സാധിക്കുമോയെന്ന് ആരാഞ്ഞു. ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ ഒരു സ്റ്റാറ്റ്യൂട്ട് ബോഡിയായി പ്രവർത്തിക്കുന്നതിന് ഡയറക്ടർ തസ്തിക സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സെനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 29-03-2014-ൽ ചേർന്ന സെനറ്റ് യോഗം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തുവെങ്കിലും അനുവാദം ലഭിച്ചിട്ടില്ലെന്നും ഡയറക്ടർ വ്യക്തമാക്കി. വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ സർവകലാശാല പ്രസ്തുത വിഷയത്തിൽ ഇടപെടണമെന്ന് സമിതി നിർദ്ദേശിച്ചു.

7. ചക്കിട്ടപ്പാറ സ്റ്റഡി സെന്ററിൽ കോടതി ഇടപെടലിന്റെ ഭാഗമായി കോഴ്സ് നിർത്തലാക്കിയതുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ബി.പി.എഡ്. കോഴ്സിന് എൻ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കാത്തതുമായി ബന്ധപ്പെട്ട വിഷയമാണതെന്ന് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

8. സർവകലാശാല ആരംഭിക്കുന്ന കോഴ്സിന് നിയമപരമായ അംഗീകാരം ഉറപ്പുവരുത്തണമെന്നും അല്ലെങ്കിൽ പ്രസ്തുത കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെ അത് ബാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. കോടതി ഇടപെട്ടതിനാലാണ് ചക്കിട്ടപ്പാറ സെന്ററിലെ ബി.പി.എഡ്. കോഴ്സിലേയ്ക്ക് നിലവിൽ പ്രവേശനം നടത്താത്തതെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ഭാവിയിൽ അംഗീകാരം ലഭിക്കാൻ സാധ്യതയില്ലാത്ത കോഴ്സ് ആരംഭിക്കാൻ നിർബന്ധിതമാകുന്നപക്ഷം പ്രസ്തുത കോഴ്സുകൾക്കെല്ലാം നിയമപരമായി അംഗീകാരം നേടിയെടുക്കാൻ സർവകലാശാലയ്ക്ക് സാധിക്കണമെന്നും അതുപോലെ ഡയറക്ടർ തസ്തിക സ്റ്റാറ്റ്യൂട്ടിൽ

ഉൾപ്പെടുത്തുന്നതിനായി എത്രയും വേഗം ഗവർണ്ണറുടെ അനുമതി ലഭിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും സമിതി വ്യക്തമാക്കി.

9. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സ് ആരംഭിച്ച് നാല് വർഷമായെങ്കിലും എൻ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടില്ലെന്നും നാലാം വർഷം വിദ്യാർത്ഥികളാണ് നിലവിൽ അവിടെ പഠിക്കുന്നതെന്നും സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിൽ, കാലിക്കറ്റ് സർവകലാശാല 1994-ൽ ആരംഭിച്ച കോഴ്സുകൾക്ക് എൻ.സി.റ്റി.ഇ. അംഗീകാരമില്ലെങ്കിലും പി.എസ്.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ആവശ്യത്തിനായി നിരവധി തവണ എൻ.സി.റ്റി.ഇ.-അധികൃതരെ സമീപിച്ചിട്ടുണ്ടെന്നും സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു. 2015-ൽ നൽകിയ അപേക്ഷ നിരസിച്ചതിനെ തുടർന്ന് എൻ.സി.റ്റി.ഇ. നിർദ്ദേശാനുസരണം ഏതാനും സൗകര്യങ്ങൾ ഒരുക്കിയെങ്കിലും അവസാനം രണ്ട് അസോസിയേറ്റ് പ്രൊഫസറിന്റെയും ഒരു പാർട്ട് ടൈം ടൈപ്പിസ്റ്റിന്റെയും പോസ്റ്റ് നികത്തിയില്ലെന്ന കാരണത്താൽ അംഗീകാരം ലഭിച്ചില്ലെന്നും നാളിതുവരെ അതിനെതിരെ അപ്പീൽ കൊടുത്തിട്ടില്ലെന്നും അതിനുശേഷം പോർട്ടൽ അടച്ചതിനാൽ പുതുതായി അപേക്ഷിക്കാനോ തുടർനടപടി സ്വീകരിക്കാനോ സാധിച്ചിട്ടില്ലെന്നും തുടർന്ന് യൂണിവേഴ്സിറ്റി, ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ സിംഗിൾ ബെഞ്ചിൽ നിന്നും അനുകൂലമായ വിധിയാണ് ലഭിച്ചതെന്നും പ്രിൻസിപ്പൽ കൂട്ടിച്ചേർത്തു. അതിനുശേഷം അവിടെനിന്ന് പഠിച്ചിറങ്ങിയ വിദ്യാർത്ഥിനി ഡിവിഷൻ ബെഞ്ചിന് നൽകിയ അപ്പീലിന്മേൽ യൂണിവേഴ്സിറ്റിക്ക് അംഗീകാരത്തിനായി എൻ.സി.റ്റി.ഇ.-യെ സമീപിക്കാമെങ്കിലും നടപ്പുവർഷത്തെ അഡ്മിഷൻ നടത്തരുതെന്ന വിധിയാണ് പുറപ്പെടുവിച്ചതെന്നും പ്രിൻസിപ്പൽ വ്യക്തമാക്കി. സിംഗിൾ ബെഞ്ച് വിധി എൻ.സി.റ്റി.ഇ. അംഗീകരിക്കാത്തതിനാൽ കോടതിയലക്ഷ്യ ഹർജി സമർപ്പിച്ചിട്ടുണ്ടെന്നും സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിലെ ബി.പി.എഡ്., എം.പി.എഡ്. കോഴ്സുകളാണ് എൻ.സി.റ്റി.ഇ.-യുടെ പരിധിയിൽ വരുന്നതെന്നും 1994-ൽ പ്ലസ്ടു യോഗ്യതയുള്ള കുട്ടികൾക്കായി ആരംഭിച്ച 3 വർഷത്തെ ബി.പി.ഇ. കോഴ്സ് 2013 മുതൽ 4 വർഷത്തെ

കോഴ്സാക്കി ഉയർത്തിയിട്ടുണ്ടെന്നും പ്രസ്തുത കോഴ്സ് എൻ.സി.റ്റി.ഇ.-യുടെ പരിധിയിൽ വരുന്നില്ലെങ്കിൽ പോലും കോഴ്സ് തുടങ്ങിയ കാലഘട്ടം മുതൽ പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചിരുന്നെന്നും എന്നാൽ ഇവിടെ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥി പ്രസ്തുത കോഴ്സിന് അഡ്മിഷൻ നടത്തുന്നുവെന്ന് ആരോപിച്ച് കോടതിയലക്ഷ്യ ഹർജി സമർപ്പിച്ചതിന് യൂണിവേഴ്സിറ്റി മറുപടി നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ വിശദീകരിച്ചു. ബി.പി.എഡ്., എം.പി.എഡ്. കോഴ്സുകളുമായി ബന്ധപ്പെട്ട രേഖകളും നിലവിലെ സ്റ്റാഫ് പാറ്റേണടക്കം മുദ്രപത്രത്തിൽ നൽകിയിട്ടുപോലും 2017-ലെ റിജക്ഷൻ കത്ത് കാണിച്ച് വീണ്ടും അപേക്ഷ നിരസിക്കുകയാണ് ചെയ്തതെന്നും അപ്പീൽ നൽകുന്നതിനുള്ള ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും റിജക്ഷൻ കത്ത് വന്നാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും പ്രിൻസിപ്പൽ സമിതിയെ ധരിപ്പിച്ചു. എൻ.സി.റ്റി.ഇ.-യുടെ അപ്പീൽ കമ്മിറ്റി എല്ലാ മാസവും യോഗം ചേരാറുണ്ടെന്നും തദവസരത്തിൽ സർവകലാശാലയിലെ ഉദ്യോഗസ്ഥൻ നേരിട്ട് ഹാജരായി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും നിലവിൽ പ്രസ്തുത സെന്ററിൽ ബി.പി.എഡ്., എം.പി.എഡ്. കോഴ്സുകൾ നടത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യം സജ്ജമാക്കിയിട്ടുണ്ടെന്നും 1994 മുതൽ പ്രിൻസിപ്പൽ എന്നതിനുപകരം കോ-ഓർഡിനേറ്റർ എന്ന തസ്തികയാണ് ഉണ്ടായിരുന്നതെന്നും എൻ.സി.റ്റി.ഇ. നിർദ്ദേശപ്രകാരം പ്രിൻസിപ്പൽ എന്നാക്കി മാറ്റിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ കൂട്ടിച്ചേർത്തു.

10. ചക്കിട്ടപ്പാറ സ്റ്റഡി സെന്ററിൽ വിദ്യാർത്ഥികളുണ്ടെങ്കിലും അവിടെ പഠിപ്പിക്കുവാൻ യു.ജി.സി. നെറ്റ് പാസായ അദ്ധ്യാപകർ തയ്യാറാകുന്നില്ലെന്ന വിഷയം നിലനിൽക്കുന്നുണ്ടെന്നും പ്രസ്തുത സെന്ററിലേയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുമെന്നുള്ള പ്രതീക്ഷയിലാണ് പ്രവർത്തനം ആരംഭിച്ചതെന്നും പ്രിൻസിപ്പൽ ബോധിപ്പിച്ചു

11. 2017-ൽ എൻ.സി.റ്റി.ഇ. അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷ നിരസിച്ചപ്പോൾ ഉന്നയിച്ച വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് രണ്ട് അസോസിയേറ്റ് പ്രൊഫസർമാരെയും ഒരു പാർട്ട് ടൈം ടൈപ്പിസ്റ്റിനെയും നിയമിച്ച് വിഷയം പരിഹരിച്ചിട്ടുണ്ടെന്നും നിലവിൽ ബി.പി.എഡ്.,

എം.പി.എഡ്. കോഴ്സുകൾ പഠിപ്പിക്കുന്നതിനായി നാല് അസോസിയേറ്റ് പ്രൊഫസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇക്കാര്യങ്ങളെല്ലാം വിശദമായി മുദ്രപ്പത്രത്തിൽ രേഖപ്പെടുത്തിയ അഫിഡവിറ്റാണ് യൂണിവേഴ്സിറ്റിയിൽ നിന്നും നൽകിയതെന്നും സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

12. ഹൈക്കോടതി വിധിപ്രകാരം 2023-ന ശേഷം ബി.എഡ്. കോഴ്സുകൾ നടത്താനുള്ള അനുവാദമില്ലെന്നും നിലവിലുള്ള കോഴ്സിന് മാത്രമാണ് സ്റ്റേ നിലനിൽക്കുന്നതെന്നും അടുത്ത അധ്യയന വർഷത്തെ കുട്ടികളുടെ ഭാവിയെ സംബന്ധിച്ച് ആശങ്ക നില നിൽക്കുന്നുണ്ടെന്നും സമിതി വ്യക്തമാക്കി.

13. ഓരോ സെന്ററും പരിശോധിക്കുന്നതിനായി 1.75 ലക്ഷം രൂപ ഫീസിനത്തിൽ അടയ്ക്കണമെന്നാണ് കഴിഞ്ഞ എസ്.ആർ.സി. യോഗത്തിൽ നിർദ്ദേശിച്ചതെന്നും ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ ഡയറക്ടർ അറിയിച്ചു. എല്ലാ സെന്ററുകളിൽ നിന്നുമുള്ള പൊതുവായ കാര്യങ്ങളാണ് പരിഗണിക്കുന്നതെങ്കിൽപോലും അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയ സെന്ററുകളിൽ പോലും അവ ചെയ്തിട്ടില്ലെന്ന നിലയിലാണ് എസ്.ആർ.സി. മിനിട്ട്സിൽ രേഖപ്പെടുത്തുന്നതെന്നും ഓരോ സെന്ററിലും നേരിട്ട് പരിശോധന നടത്തിക്കൊണ്ടിരുന്ന സ്ഥാനത്ത് ഓൺലൈൻ വിസിറ്റ് നടത്തുമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും മുമ്പ് ഓൺലൈൻ വിസിറ്റ് നടത്തിയപ്പോൾ 11 സെന്ററുകളെക്കുറിച്ച് വിശദമാക്കുന്നതിന് 5 മിനിട്ടാണ് അനുവദിച്ചതെന്നും ഒരു സെന്ററിന്റെ കാര്യം പറയാനുള്ള സമയം പോലും ലഭിച്ചില്ലെന്നും ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. എൻ.സി.റ്റി.ഇ.-യുടെ മാനദണ്ഡമനുസരിച്ചാണ് ബി.എഡ്. സെന്ററുകളെല്ലാം പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതെന്നും പ്രസ്തുത സെന്ററുകൾ സന്ദർശിക്കാൻ എൻ.സി.റ്റി.ഇ. അധികൃതർ തയ്യാറാകുന്നില്ലെന്നതാണ് വിഷയമെന്നും ഡയറക്ടേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ ഡയറക്ടർ കൂട്ടിച്ചേർത്തു.

14. അഫിലിയേഷനുമായി ബന്ധപ്പെട്ട വിഷയത്തിൽ സർവകലാശാല കോടതിയെ സമീപിക്കുന്നില്ലെന്ന് അഭിപ്രായപ്പെട്ട സമിതി സ്വാശ്രയ സ്ഥാപനങ്ങൾ നടത്തുന്ന

ബി.എഡ്. കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ., എൻ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കോഴ്സ് പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിന് നിയമപരമായി അംഗീകാരം ലഭിക്കുമോയെന്ന് ആരാഞ്ഞു. 2004-ൽ അംഗീകാരം ലഭിച്ചതിനുശേഷമാണ് കോടതി വ്യവഹാരവും കേസ്സും വന്നതെന്നും 2024 വരെയുള്ള കോഴ്സുകൾക്ക് കോടതി വിധിപ്രകാരം എൻ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും കാലിക്കറ്റ് സർവകലാശാല ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ ഡയറക്ടർ മറുപടി നൽകി.

15. ബി.എഡ്. കോഴ്സുകളുടെ കാര്യത്തിൽ കുറേയേറെ മാറ്റം വന്നെങ്കിലും മറ്റ് ടെക്നിക്കൽ കോഴ്സുകൾക്കൊന്നും എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം നേടിയെടുക്കാൻ സാധിച്ചിട്ടില്ലെന്നും യൂണിവേഴ്സിറ്റി നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് ബന്ധപ്പെട്ട ഏജൻസികളുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്നും ബി.എഡ് കോളേജുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമെല്ലാം അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണെന്നും സമിതി വിലയിരുത്തി. കൂടാതെ പല സ്ഥാപനങ്ങളിലും കമ്പ്യൂട്ടറിന്റെയും ലാബുകളുടെ അപര്യാപ്തതയും നിലനിൽക്കുന്നുണ്ടെന്നും വിവിധ സ്വാശ്രയ സ്ഥാപനങ്ങൾ നടത്തിയ വകയിൽ 45 കോടിയോളം രൂപ ലാഭമുണ്ടാക്കിയ സർവകലാശാലയ്ക്ക് 2019-20-ലെ വരവ് ചെലവ് കണക്ക് പരിശോധിച്ചതിൽ അധികചെലവ് വന്നതായാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും ഓരോ കോഴ്സിലേയ്ക്കും ആവശ്യമായ വിദ്യാർത്ഥികളുടെ എണ്ണത്തിൽ സംഭവിച്ച കുറവാണ് സർവകലാശാലയുടെ വരുമാന നഷ്ടത്തിന് കാരണമായി അധികൃതർ വ്യക്തമാക്കിയിട്ടുള്ളതെന്നും അഭിപ്രായപ്പെട്ട സമിതി ഇത്തരത്തിൽ യൂണിവേഴ്സിറ്റിക്ക് നഷ്ടമുണ്ടാക്കിക്കൊണ്ട് എത്രകാലം കോഴ്സുകളുമായി മുന്നോട്ട് പോകാൻ സാധിക്കുമെന്ന് ആരാഞ്ഞു.

16. ബി.എസ്.സി.-ഐ.ടി. കോഴ്സുകൾ പല സെന്ററുകളിലും ആരംഭിച്ചിട്ടുണ്ടെന്നും നിലവിലെ കോഴ്സുകളിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള നടപടി യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ടെന്നും പ്രൊഫഷണൽ

കോഴ്സുകളിലേയ്ക്ക് പ്രത്യേകിച്ച്, എം.ബി.എ. കോഴ്സുകൾക്ക് വിദ്യാർത്ഥികൾ കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളതെന്നും എൻജിനീയറിംഗ് കോളേജിന് അംഗീകാരമുണ്ടെങ്കിലും വിദ്യാർത്ഥികൾ കുറവാണെന്നും എം.ബി.എ.-യ്ക്കാണ് എ.ഐ.സി.റ്റി.ഇ. അംഗീകാരം ആവശ്യമായിട്ടുള്ളതെന്നും നിലവിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം നിലനിൽക്കുന്നതെന്നതിനാൽ എ.ഐ.സി.റ്റി.ഇ. അംഗീകാരം എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടതുണ്ടെന്നും ടി സ്ഥാപനങ്ങൾക്കൊന്നും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ അംഗീകാരം ലഭിക്കാൻ സാധ്യത കുറവാണെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

17. സർവകലാശാല നടത്തുന്ന കോഴ്സുകളെല്ലാം റീ സ്ട്രക്ചറിംഗിന് വിധേയമാക്കിയില്ലെങ്കിൽ തുടർന്നുപോകാൻ കഴിയില്ലെന്നും കോഴ്സുകളുടെ സ്വഭാവം മാറിയതാണ് പ്രധാന വിഷയമെന്നും അക്രഡിറ്റഡ് കോളേജുകളിൽ പോലും കുട്ടികളെ കിട്ടാത്ത സാഹചര്യത്തിൽ ആധുനിക കാലഘട്ടത്തിനനുസരിച്ച് കോഴ്സുകൾ ആരംഭിക്കാനുള്ള നടപടി സർവകലാശാലയുടെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. സ്വകാര്യ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള നൂതന കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കാൻ സാധിക്കുന്നുണ്ടെന്നും ഇത്തരം പ്രവണതകളെ പോസിറ്റീവായി കണ്ടുകൊണ്ട് കോഴ്സുകൾ ആരംഭിക്കുന്ന കാര്യത്തിൽ കാലോചിതമായ മാറ്റം വരുത്തിയാൽ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്നും സമിതി സൂചിപ്പിച്ചു.

18. 2005-ലാണ് സ്വാശ്രയ കോഴ്സുകൾ വ്യാപകമായി 5 ജില്ലകളിൽ തുടങ്ങിയതെന്നും അന്നത്തെ സാഹചര്യത്തിൽ അത് അനിവാര്യ മായിരുന്നുവെന്നും പെട്ടെന്ന് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ സാധിക്കില്ലെന്നും പുതിയ കോഴ്സുകൾ നടപ്പാക്കുമ്പോൾ ഫാക്കൽറ്റികളെ നിയമിച്ചും നിലവിലുള്ളവരെ നിലനിർത്തിയും സംരക്ഷിച്ച് പോകേണ്ട അവസ്ഥ യൂണിവേഴ്സിറ്റി അഭിമുഖീകരിക്കുന്നുണ്ടെന്നും

ടി വിഷയങ്ങളെല്ലാം സിൻഡിക്കേറ്റിൽ പലപ്പോഴും ഉന്നയിക്കുകയും അവയെല്ലാം സജീവമായി പരിഗണിക്കുകയും ചെയ്യുന്നുണ്ടെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

19. സ്വകാര്യ സ്ഥാപനങ്ങൾ വൻതോതിൽ ഫീസ് ഈടാക്കി വിവിധ കോഴ്സുകൾ പഠിപ്പിക്കുന്നുണ്ടെന്നും പുതിയ ഫാക്കൽറ്റിയെ നിയോഗിച്ച് ജർമ്മൻ കോഴ്സുകൾ ആരംഭിക്കാൻ യൂണിവേഴ്സിറ്റി നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

20. മാറുന്ന സാഹചര്യത്തിനനുസരിച്ചുള്ള കോഴ്സുകൾ യൂണിവേഴ്സിറ്റി ആസൂത്രണം ചെയ്തുവരുന്നുണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നതെന്നും യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകൾക്ക് സ്വകാര്യ മേഖലയിലെ കോളേജുകളുമായി മത്സരിച്ച് മുന്നോട്ട് പോകാൻ സാധിക്കണമെന്നും ആയതിനാൽ സ്വാശ്രയ കോളേജുകളിലെ നിലവിലുള്ള കോഴ്സുകൾ നിയമവിധേയമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സ്വാശ്രയ സ്ഥാപനങ്ങൾ സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമാകാത്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. യൂണിവേഴ്സിറ്റി പുതിയ കോഴ്സുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെന്നാണ് സമിതി മനസ്സിലാക്കുന്നതെന്നും വിദേശത്ത് പഠനത്തിനും പഠനേതര ആവശ്യങ്ങൾക്കും പോകുവാൻ വേണ്ടിയാണ് പുതുതലമുറ വിദേശ ഭാഷകൾ പഠിക്കാൻ എത്തുന്നതെന്നും അവ പ്രയോഗിക്കാൻ തക്കവിധത്തിലുള്ള പരിശീലനം നൽകുകയെന്നതും പ്രധാനപ്പെട്ട വിഷയമാണെന്നും എന്നാൽ യൂണിവേഴ്സിറ്റി തലത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പോരായ്മകൾ പരിഹരിക്കാൻ തുടർനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സർക്കാരിന് റിപ്പോർട്ട് നൽകാമെന്നും സമിതി അറിയിച്ചു.

21. സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാമെന്ന് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ വ്യക്തമാക്കി. യൂണിവേഴ്സിറ്റി നടത്തുന്ന കോഴ്സുകൾക്ക് എൻ.സി.റ്റി.ഇ.,

എ.ഐ.സി.റ്റി.ഇ. പോലുള്ള അപ്പെക്സ് ബോഡികളുടെ അംഗീകാരം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് സർവകലാശാല രജിസ്ട്രാർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

22. സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തി ഗവർണ്ണറുടെ അംഗീകാരം ലഭിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് സമിതി നിർദ്ദേശിച്ചു. ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങൾ നിലനിൽക്കുന്നതായി സമിതി അറിയിച്ചു.

23. ചാൻസലർ സർവകലാശാല സന്ദർശിക്കുമ്പോഴെല്ലാം പ്രസ്തുത കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നുണ്ടെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലുകളിന്മേൽ ധനകാര്യ-നിയമ വകുപ്പുകളുടെ അംഗീകാരം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

24. പ്രസ്തുത ആവശ്യത്തിനായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ലെയ്സൺ വർക്ക് നടത്തിയാൽ മാത്രമേ ഗവർണ്ണറുടെ അനുമതി നേടിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഇത്തരം കോഴ്സുകൾ, സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താത്തതിനാൽ അനധികൃതമായി നടത്തുന്ന കോഴ്സുകളായി മാത്രമേ പരിഗണിക്കുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. സർവകലാശാല നടത്തുന്ന കോഴ്സുകളുടെയും സർട്ടിഫിക്കറ്റിന്റെയും വാലിഡിറ്റി സംബന്ധിച്ച് തർക്കമുണ്ടായാൽ അത് യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യതയെ ബാധിക്കുമെന്നും സർവകലാശാല നടത്തുന്ന കോഴ്സുകൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയില്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ യാതൊരു പുരോഗതിയും കൈവരിക്കാൻ സാധിക്കില്ലെന്നും സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന ഏത് കാര്യവും സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തണമെന്നാണ് കാലിക്കറ്റ് സർവകലാശാല ആക്ട് 175-ൽ പറഞ്ഞിരിക്കുന്നതെന്നും സമിതി വ്യക്തമാക്കി.

25. സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഏതൊരു തീരുമാനത്തിനും ചാൻസലറുടെ അനുവാദം ആവശ്യമാണെന്നും 1984-ലാണ് കാലിക്കറ്റ് സർവകലാശാല കോഴ്സുകളാരംഭിക്കുന്നതെന്നും എന്നാൽ 2002-ലാണ് കോഴ്സുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട് എൻ.സി.റ്റി.ഇ., എ.ഐ.സി.റ്റി.ഇ. വിഷയം വരുന്നതെന്നും അതിനുമുമ്പ് കോഴ്സുകൾ ആരംഭിച്ചുവെന്നതിനാൽ എൻ.സി.റ്റി.ഇ., എ.ഐ.സി.റ്റി.ഇ. എന്നിവയുടെ അംഗീകാരം ആവശ്യമില്ലെന്ന നിയമോപദേശമാണ് സർവകലാശാലയ്ക്ക് ലഭിച്ചതെന്നും കാലിക്കറ്റ് സർവകലാശാല ഡയറക്ടർ വ്യക്തമാക്കി. ലെയ്സൺ വർക്കിനായി സർവകലാശാല ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഉണ്ടെന്ന് രജിസ്ട്രാർ മറുപടി നൽകി. സർവകലാശാലയ്ക്ക് ലഭിച്ച നിയമോപദേശം അനുസരിച്ചാണെങ്കിൽ ചക്കിട്ടപ്പാറ സ്റ്റഡി സെന്ററിൽ ആരംഭിച്ച കോഴ്സ് നിർത്തലാക്കാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് ബി.എഡ് കോഴ്സുമായി മുന്നോട്ട് പോകാമെന്ന നിയമോപദേശമാണ് ലഭിച്ചിട്ടുള്ളതെന്ന് രജിസ്ട്രാർ സൂചിപ്പിച്ചു.

26. എൻ.സി.റ്റി.ഇ. ഡയറക്ടറേറ്റിൽ നിന്നും അതത് സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സമയം അനുവദിക്കുകയാണ് ചെയ്യുന്നതെന്നും കാലിക്കറ്റ് സർവകലാശാലയിലെ സ്റ്റഡി സെന്ററുകളിൽ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ പോലും എൻ.സി.റ്റി.ഇ. അധികൃതർ തയ്യാറാകുന്നില്ലെന്നും യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി, മൂലധന നിക്ഷേപ ഇനത്തിൽ പ്രതിവർഷം കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നതെന്നും എൻ.സി.റ്റി.ഇ. അധികൃതർ സ്ഥാപനങ്ങൾ സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തിയാൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് സ്റ്റാൻഡിംഗ് കൗൺസിൽ വിലയിരുത്തുന്നതെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു. എൻ.സി.റ്റി.ഇ.യുടെ മാർഗ്ഗനിർദ്ദേശപ്രകാരം കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നും കഴിഞ്ഞ ഇരുപത് വർഷക്കാലമായി കോടിക്കണക്കിന് രൂപയുടെ നിക്ഷേപമാണ് ഓരോ സ്ഥാപനത്തിലും

നടത്തിക്കൊണ്ടിരിക്കുന്നതെന്നും അതുകൊണ്ടുതന്നെ ഇത്തരം സ്ഥാപനങ്ങൾ പെട്ടെന്ന് നിർത്തിയാൽ സർവകലാശാലയ്ക്ക് വൻതോതിലുള്ള സാമ്പത്തിക ബാധ്യതയാകുമെന്നും സ്ഥാപനങ്ങൾ നിർത്തുന്നതിനുപകരം അവിടേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് തേടുന്നതെന്നും എം.സി.എ. കോഴ്സുകൾക്ക് കുട്ടികൾ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വൈവിധ്യങ്ങളായ കോഴ്സുകൾ ആരംഭിക്കാനുള്ള ശ്രമം യൂണിവേഴ്സിറ്റി നടത്തുന്നുണ്ടെന്നും ഡയറക്ടർ വിശദീകരിച്ചു

27. കേന്ദ്ര സർക്കാരാണ് എൻ.സി.റ്റി.ഇ.-യുടെ അംഗീകാരം നൽകുന്നതെന്നും ഇക്കാര്യത്തിൽ ലെയ്സൺ ഓഫീസറുടെ പങ്കെന്താണെന്നും സമിതി ആരാഞ്ഞതിന് കാലിക്കറ്റ് സർവകലാശാല നടത്തുന്ന കോഴ്സുകൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി ലെയ്സൺ ഓഫീസറെ നിയോഗിച്ചിട്ടുണ്ടെന്നും പ്രസ്തുത വിഷയത്തിൽ വകുപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർ എൻ.സി.റ്റി.ഇ. ചെയർമാനുമായി നടത്തിയ ചർച്ചയിൽ സർവകലാശാലയ്ക്ക് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്നും സ്വാശ്രയ കോളേജുകളും യൂണിവേഴ്സിറ്റി നടത്തുന്ന സ്വാശ്രയ കോളേജുകളും തമ്മിൽ മത്സരം നിലനിൽക്കുന്നുണ്ടെന്നും സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

28. സർവകലാശാലകൾക്ക് വളരെ ഉന്നതമായ സ്ഥാനവും അതിലേറെ പ്രതീക്ഷയുമാണ് പൊതുസമൂഹം നൽകുന്നതെന്നും യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം മെച്ചപ്പെട്ട നിലവാരത്തിലെത്താതെ വരുമ്പോൾ പ്രതികരണങ്ങളും ഉയർന്നുവരുമെന്നും ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് യൂണിവേഴ്സിറ്റികൾ പ്രവർത്തിച്ചാൽ മാത്രമേ മികച്ച രീതിയിൽ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയത്തിൽ പരിഹാരം കാണണുന്നതിനായി യൂണിവേഴ്സിറ്റി അധികൃതരും സർക്കാരും സംയുക്തമായി ചർച്ച നടത്തി തീരുമാനമെടുക്കേണ്ടതാവശ്യമാണെന്നും യൂണിവേഴ്സിറ്റികളുമായി മത്സരിച്ച് സ്വകാര്യ സ്ഥാപനങ്ങൾക്ക് മുന്നോട്ട് പോകാനുള്ള സാഹചര്യമുണ്ടെങ്കിൽ ആയത് എങ്ങനെ പരിഹരിക്കാമെന്നതിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ 1 മുതൽ 11 വരെയുള്ള

ഓഡിറ്റ് ഖണ്ഡികകളിലെ പ്രശ്നങ്ങൾ നിലനിൽക്കുന്നതായാണ് ഇന്നത്തെ ചർച്ചയിലൂടെ മനസ്സിലാക്കാൻ കഴിയുന്നതെന്നും ആയതിനാൽ ന്യൂനതകൾ പരിഹരിച്ചതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

29. ഓഡിറ്റ് ഖണ്ഡിക 6.3.1 പ്രകാരമുള്ള പരാമർശത്തിൽ സെന്ററുകളിൽ നിയമിതരായ അദ്ധ്യാപകേതര സ്ഥിരം ജീവനക്കാർ ഉൾപ്പെടെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള ചെലവ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും വകയിരുത്തുന്നത് കോഴ്സുകളുടെ ഫീസിനത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നുമാണെന്നുള്ളത് വസ്തുതാപരമായി ശരിയല്ലെന്നും സർവകലാശാല നൽകിയ മറുപടിയിൽ വന്ന പിശകാണതെന്നും സർവകലാശാല രജിസ്ട്രാർ അറിയിച്ചു. സെന്ററുകളിലെ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുന്നതിനായി സർവകലാശാലയിൽ നിന്നും അനദ്ധ്യാപകൻ പരിശോധന നടത്തേണ്ടതുണ്ടെന്നും ജീവനക്കാരുടെ ശമ്പളം ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നുമല്ല നൽകുന്നതെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചപ്പോൾ പ്രസ്തുത പരാമർശം സംബന്ധിച്ച് തിരുത്തൽ വരുത്തിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

30. 2030-ഓടുകൂടി ബി.എഡ്. കോഴ്സുകളെല്ലാം അവസാനിപ്പിച്ച് പുതിയൊരു സംവിധാനത്തിലേയ്ക്ക് മാറേണ്ടിവരുമെന്നും പ്രസ്തുത വിഷയത്തിന്മേൽ സർക്കാരും സിൻഡിക്കേറ്റും പോളിസി രൂപീകരിച്ചതിനുശേഷം ഇക്കാര്യത്തിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതുണ്ടെന്നും അദ്ധ്യാപകരെ മാറ്റി പുതിയ ആളുകളെ നിയമിക്കുമ്പോഴെല്ലാം നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമെന്നും ആയതിനാൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനായി സമിതിയുടെ ഭാഗത്തുനിന്നുമുള്ള ഇടപെടലുണ്ടാകണമെന്ന് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

31. ഗവർണ്ണറുടെ അനുമതി, എൻ.സി.റ്റി.ഇ., എ.ഐ.സി.റ്റി.ഇ. എന്നിവയുടെ അഫിലിയേഷൻ ലഭിക്കാത്തതുമായി ബന്ധപ്പെട്ട വിഷയം എന്നിവയിൽ വിശദമായ റിപ്പോർട്ട് നൽകിയാൽ മാത്രമേ ഇക്കാര്യത്തിന്മേൽ നടപടി സ്വീകരിക്കുവാൻ

സാധിക്കുകയുള്ളൂവെന്ന് സമിതി അറിയിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാമെന്ന് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ അറിയിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**32. വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയം ഗൗരവതരമാകയാൽ Directorate of University Study Centre-ഉം അതിന്റെ കീഴിലുള്ള 41 സ്റ്റഡി സെന്ററുകളും സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുവാൻ സർവകലാശാലയോട് സമിതി നിർദ്ദേശിക്കുന്നു.**

**33. വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ളതും സ്വകാര്യ സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന തരത്തിലുള്ളതുമായ നൂതന കോഴ്സുകൾ ആരംഭിക്കുവാനും നിലവിൽ സർവകലാശാല നടത്തുന്ന കോഴ്സുകൾ re-structuring ന് വിധേയമാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പുതിയ ഫാക്കൽറ്റിയെ നിയോഗിച്ച് ജർമ്മൻ കോഴ്സുകൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.**

**34. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകൾക്ക് സ്വകാര്യ മേഖലയിലെ കോളേജുകളുമായി മത്സരിച്ച് മുന്നോട്ട് പോകാൻ സാധിക്കണമെന്നും ആയതിനാൽ സ്വാശ്രയ കോളേജുകളിലെ നിലവിലുള്ള കോഴ്സുകൾ നിയമവിധേയമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സ്വാശ്രയ സ്ഥാപനങ്ങൾ സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമാകാത്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**35. സ്റ്റഡി സെന്ററുകളിലെ അധ്യാപക/ അനധ്യാപക തസ്തികകളിലേക്ക് ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരുത്തൽ വരുത്തിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**36. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കുവാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സർവകലാശാല അധികൃതരും സർക്കാരും**

**സംയുക്തമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ 6.3.1 മുതൽ 6.3.11 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ശിപാർശകൾ**

1. നാളിതുവരെ സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമാക്കിയിട്ടില്ലാത്ത സ്വാശ്രയ സ്ഥാപനങ്ങളെയും അതിന്റെ നടത്തിപ്പിനായി സ്ഥാപിതമായ ഡയറക്ടറേറ്റ് ഓഫ് സെൽഫ് ഫൈനാൻസിംഗിലെ ഡയറക്ടറുടെ തസ്തികയും അടിയന്തരമായി സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമാക്കേണ്ടതാണ്.

2. സർവകലാശാല നേരിട്ടുനടത്തുന്ന എം.ബി.എ., എം.സി.എ., പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയ്ക്ക് എൻ.സി.റ്റി.ഇ. എ.ഐ.സി.റ്റി.ഇ., പാരാമെഡിക്കൽ കൗൺസിൽ എന്നിവയുടെ അംഗീകാരം നേടേണ്ടതും പ്രസ്തുത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരമുള്ള കെട്ടിടസ്ഥല സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹോസ്റ്റൽ സൗകര്യമില്ലാത്തിടത്ത് അതിനുള്ള സൗകര്യമേർപ്പെടുത്തുന്നതിനും മുൻകൈയെടുക്കേണ്ടതുമാണ്.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തി കോഴ്സുകൾ ആകർഷകമാക്കി വിദ്യാർത്ഥികളുടെ അനിയന്ത്രിതമായ കൊഴിഞ്ഞുപോക്കിന് അറുതി വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

   (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.3.12)

ശിപാർശ 1 സമിതി അംഗീകരിച്ചു

ശിപാർശ 2 താഴെപ്പറയുംപ്രകാരം മാറ്റം വരുത്താൻ സമിതി നിർദേശിച്ചു.

37. "സർവകലാശാല നേരിട്ടുനടത്തുന്ന എം.ബി.എ., എം.സി.എ. കോഴ്സുകൾ എന്നിവയ്ക്ക് എൻ.സി.റ്റി.ഇ., എ.ഐ.സി.റ്റി.ഇ. എന്നിവയുടെ അംഗീകാരം നേടേണ്ടതും പ്രസ്തുത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരമുള്ള കെട്ടിട സ്ഥലസൗകര്യങ്ങൾ ഒരുക്കുന്നതിനും ഹോസ്റ്റൽ സൗകര്യമില്ലാത്തിടത്ത് അതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും മുൻകയ്യെടുക്കേണ്ടതുമാണ്".

ശിപാർശ 3 താഴെപ്പറയും പ്രകാരം മാറ്റം വരുത്താൻ സമിതി നിർദേശിച്ചു

38. "വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തി കോഴ്സുകൾ ആകർഷകമാക്കി കാലാനുസൃതമായ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ അനിയന്ത്രിതമായ കൊഴിഞ്ഞുപോക്കിന് അറുതി വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്."

## ശിപാർശകൾ / നിർദ്ദേശങ്ങൾ

39. "സർവകലാശാല നേരിട്ടുനടത്തുന്ന എം.ബി.എ., എം.സി.എ. കോഴ്സുകൾ എന്നിവയ്ക്ക് എൻ.സി.റ്റി.ഇ., എ.ഐ.സി.റ്റി.ഇ. എന്നിവയുടെ അംഗീകാരം നേടേണ്ടതും പ്രസ്തുത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരമുള്ള കെട്ടിട സ്ഥലസൗകര്യങ്ങൾ ഒരുക്കുന്നതിനും ഹോസ്റ്റൽ സൗകര്യമില്ലാത്തിടത്ത് അതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും മുൻകയ്യെടുക്കേണ്ടതുമാണ്".

40. "വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തി കോഴ്സുകൾ ആകർഷകമാക്കി കാലാനുസൃതമായ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ അനിയന്ത്രിതമായ കൊഴിഞ്ഞുപോക്കിന് അറുതി വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്."

ഓഡിറ്റ് ഖണ്ഡിക

**കോളേജുകൾക്ക്/ കോഴ്സുകൾക്ക് അഫിലിയേഷൻ നൽകൽ - കോളേജ് ഡെവലപ്മെന്റ് കൗൺസിൽ (സി.ഡി.സി.)**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23-ൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും

സർവകലാശാലയിൽ അഫിലിയേഷൻ നൽകേണ്ടത്. ഈ സ്റ്റാറ്റ്യൂട്ട് പ്രകാരം പുതിയ കോളേജ്/കോഴ്സിന് അഫിലിയേഷൻ നൽകുന്നതിനുള്ള പൂർണ്ണ അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്. അഫിലിയേഷൻ അനുവദിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾ തൃപ്തികരമല്ല എന്ന് കാണുന്നപക്ഷം ആയത് നിരസിക്കാനും, അപേക്ഷകൾ പൂർണ്ണമല്ല എന്ന് കാണുന്നപക്ഷം കൂടുതൽ വിവരം ഹാജരാക്കാൻ ആവശ്യപ്പെടാനും, അപേക്ഷകളിൽ പറഞ്ഞ കാര്യങ്ങളുടെ നിജസ്ഥിതി പ്രാദേശിക പരിശോധന നടത്തി ഉറപ്പുവരുത്താനും സിൻഡിക്കേറ്റിന് അധികാരമുണ്ട്.

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്കും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനുമിടയിൽ ഒരു ഇടനിലക്കാരനെന്ന നിലയിൽ പ്രവർത്തിക്കുകയും അഫിലിയേറ്റഡ് കോളേജുകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന പ്രാഥമിക ലക്ഷ്യം മുൻനിർത്തി രൂപീകൃതമായ സി.ഡി.സി. മുഖേനയാണ് പുതിയ കോളേജുകൾക്ക്/കോഴ്സുകൾക്ക് അഫിലിയേഷൻ അനുവദിക്കുന്നതിന് സർവകലാശാലയിൽ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതും. സർവകലാശാലയിലെ ഒരു അധ്യാപകനാണ് ഈ വകുപ്പിന്റെ ഡയറക്ടർ (ഇൻചാർജ്).

പുതിയ കോളേജുകൾക്കും/കോഴ്സുകൾക്കും അഫിലിയേഷൻ നൽകുമ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23-ലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾ പാലിക്കുന്നതിലാണ് പോരായ്മകൾ ഉണ്ടായിട്ടുള്ളത് എന്നും, അഫിലിയേഷനുള്ള അപേക്ഷകളിൽ പ്രാദേശിക പരിശോധന നടത്തി സിൻഡിക്കേറ്റിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയുക്തമായ സിൻഡിക്കേറ്റിന്റെ ജില്ലാതല പരിശോധനാസമിതികളുടെ രൂപീകരണവും പ്രവർത്തനവും വിലയിരുത്തുകയും, അപേക്ഷകൾ സ്വീകരിക്കുകയും അതിൽ തുടർനടപടി സ്വീകരിക്കുന്നതിന് സിൻഡിക്കേറ്റിനെ സഹായിക്കുകയും ചെയ്യുന്നതിന് ചുമതലപ്പെട്ട സി.ഡി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക എന്നതാണ് " സി.ഡി.സി.യുടെ പ്രവർത്തനാവലോകനം" കൊണ്ട് ഉദ്ദേശിക്കുന്നത്. 2013-14 വർഷം പുതിയ

കോളേജ്/കോഴ്സ്/പെർമനെന്റ് ഇൻക്രീസ് അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് ആരംഭിച്ച സി.ഡി.സി/ജി3/9445/2012 നമ്പർ ഫയലും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുമാണ് ഓഡിറ്റ് പരിശോധനയ്ക്ക് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്.

ഓഡിറ്റ് പരിശോധനയിലെ പ്രധാന കണ്ടെത്തലുകൾ താഴെ വിവരിക്കുന്നു.

**അപേക്ഷകൾ സമർപ്പിക്കുന്നതും അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതും നിരീക്ഷിക്കുന്നതിന് സംവിധാനമില്ല:**

എഡ്യൂക്കേഷണൽ ഏജൻസികൾ അപേക്ഷകൾ സമർപ്പിക്കുന്നതും, സമർപ്പിക്കുന്ന അപേക്ഷകളിലെ തുടർനടപടികളും നിരീക്ഷിക്കുന്നതിന് സി.ഡി.സി.യിൽ യാതൊരു സംവിധാനവുമില്ല. ആയതിനാൽ വിവിധ ഫയലുകളിലായി ചിതറിക്കിടക്കുന്ന വിവരങ്ങൾ ഒരുമിച്ച് ചേർത്ത് പരിശോധിച്ചാൽ മാത്രമേ ലഭിച്ച അപേക്ഷകൾ, തീർപ്പാക്കിയ അപേക്ഷകൾ എന്നിവയെ കുറിച്ച് ഒരു ഏകദേശ വിവരം ലഭിക്കുകയുള്ളൂ.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 1 പ്രകാരം പുതിയ കോളേജ്/കോഴ്സിന് അഫിലിയേഷൻ ലഭിക്കുന്നതിന് ലോ കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ എന്നിവ ഒഴികെയുള്ള പ്രൊഫഷണൽ കോളേജുകൾ തൊട്ട് മുമ്പിലെ അധ്യയന വർഷം ജൂൺ 30 ന് മുമ്പായും മറ്റെല്ലാ കോളേജുകളും ഒക്ടോബർ 31 ന് മുമ്പായും അപേക്ഷ സമർപ്പിക്കണം. അതുപോലെ പിഴ ഒടുക്കി ഡിസംബർ 31 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഇതേ സ്റ്റാറ്റ്യൂട്ടിലെ ഖണ്ഡിക 6 പ്രകാരം ലഭിച്ച അപേക്ഷകളിൽ കോളേജ്/കോഴ്സ് ആരംഭിക്കുന്ന വർഷത്തിന് തൊട്ട് മുമ്പുള്ള മാർച്ച് 31-ന് മുമ്പായി സിൻഡിക്കേറ്റ് തീരുമാനമെടുക്കുകയും വേണം.

സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള മേല്പറഞ്ഞ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്നും സമർപ്പിക്കപ്പെട്ട അപേക്ഷകളിലെല്ലാം സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ തീയതി ക്രമത്തിൽ ഒരു രജിസ്റ്ററിൽ ചേർക്കുകയും അപേക്ഷകൾ തീർപ്പാകുമ്പോൾ

ഉത്തരവ് നമ്പറും തീയതിയും രേഖപ്പെടുത്തി അപേക്ഷ രജിസ്റ്ററിൽ ആയത് ക്ലോസ് ചെയ്യുകയും വേണം. ഇത് സി.ഡി.സി.യുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമമാക്കുന്നതിന് സഹായകമാകും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 6.4.1)

41. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയിൽ കോളേജുകൾ / കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ College Development Council കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**42. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയിൽ കോളേജുകൾ/ കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ College Development Council കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രൊവിഷണൽ അഫിലിയേഷൻ പുതുക്കൽ - നിരീക്ഷണ സംവിധാനമില്ല**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 12 പ്രകാരമാണ് പുതിയ കോളേജുകൾക്ക് സർവകലാശാലയിൽ അഫിലിയേഷൻ നൽകുന്നത്. ഈ സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിൽ സാധാരണ ഒരു വർഷത്തേക്കാണ് സർവകലാശാല കോളേജുകൾക്ക് അഫിലിയേഷൻ നൽകി വരുന്നത്. അഫിലിയേഷന്റെ കാലാവധി കഴിഞ്ഞാൽ നിശ്ചിത ഫീസ് ഒടുക്കി കോളേജുകൾ ആയത് പുതുക്കണം അല്ലെങ്കിൽ കോളേജ് നടത്തിപ്പ് സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമാകും. സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി കോളേജുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും സർവകലാശാലയുടെ

സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം അനിവാര്യമാണ്. എന്നാൽ സി.ഡി.സി.യിൽ നിലവിൽ ഇത്തരം ഒരു സംവിധാനം ഇല്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 6.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. 2014-ലെ പ്രസ്തുത പരാമർശത്തിലെ പല ന്യൂനതകളും പരിഹരിച്ചിട്ടുണ്ടെന്ന് കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു

44. സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളുടെ അഫിലിയേഷൻ പുതുക്കുന്നത് പരിശോധിക്കാനുള്ള സംവിധാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പരിശോധന സംവിധാനം ഉണ്ടെന്നും കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതോടൊപ്പം സോഫ്റ്റ്‌വെയറിലൂടെ കൃത്യമായി അറിയാൻ സാധിക്കുന്നുണ്ടെന്നും ഡയറക്ടർ, കാലിക്കറ്റ് സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ മറുപടി നൽകി. കാലിക്കറ്റ് സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ സർവകലാശാലകളുടെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അക്കൗണ്ടിംഗിനായി ടാലി സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടെന്നും കൂടാതെ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറും നിലവിലുണ്ടെന്നും രജിസ്ട്രാർ അറിയിച്ചു.

45. കേരളത്തിലെ സർവകലാശാലകളെല്ലാം അക്കൗണ്ടിംഗിനായി ഏകീകൃത സ്വഭാവമുള്ള സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാൻ സമിതി ആവശ്യപ്പെട്ടതിന് പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് പരിശോധിച്ചതിനുശേഷം റിപ്പോർട്ട് സമർപ്പിക്കാമെന്ന് കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ ബോധിപ്പിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**46. ഓഡിറ്റ് പരാമർശത്തിലെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. കേരളത്തിലെ സർവകലാശാലകളെല്ലാം അക്കൗണ്ടിംഗിനായി ഏകീകൃത സ്വഭാവമുള്ള സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല**

പുതിയ കോളേജുകൾ/കോഴ്സുകൾ എന്നിവ ആരംഭിക്കൽ, പെർമനെന്റ് ഇൻക്രീസ് അനുവദിക്കൽ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കുവേണ്ടി സി.ഡി.സി.യിൽ ലഭിക്കുന്ന അപേക്ഷകളിൽ തുടർനടപടി സ്വീകരിച്ച് സർവകലാശാലയുടെ ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്നതുവരെയുള്ള കാര്യങ്ങൾ നിർവഹിക്കുന്നതിന് ഒരു സെക്ഷനും, സർക്കാരിൽ നിന്നും ഭരണാനുമതി വന്നതിന് ശേഷം അഫിലിയേഷൻ നൽകുന്നതുവരെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ സൃഷ്ടിച്ചിട്ടുള്ള വിവിധ സെക്ഷനുകളും എന്ന രീതിയിലാണ് നിലവിൽ സി.ഡി.സി.യിൽ ജോലി വിഭജനം നടത്തിയിട്ടുള്ളത്.

2013-14 വർഷത്തിലെ അപേക്ഷകളിൽ സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുന്നതുവരെയുള്ള നടപടികൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ലഭിച്ച അപേക്ഷകളിലെ സേവനത്തിന് അപേക്ഷകർ അടക്കേണ്ട ഫീസിന്റെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതായോ ആയത് മേൽ പരിശോധന നടത്തിയതായോ കണ്ടില്ല. അതുപോലെ അപേക്ഷകളിൽ കണ്ടെത്തിയ അപാകതകളിൽ കുടിശ്ശിക ഫീസിന്റെ അടവ്, തുടർനടപടി സ്വീകരിച്ച് ആയത് പരിഹരിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുതലായവ രേഖപ്പെടുത്താത്തതായി കണ്ടു. ആയതിനാൽ അപേക്ഷകളിൽ സ്വീകരിച്ച തുടർനടപടികളുടെ പൂർണ്ണവിവരം ഈ ഫയലിൽ നിന്നും ലഭ്യമല്ല.

സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചു കഴിഞ്ഞാൽ, എഡ്യൂക്കേഷണൽ ഏജൻസികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും ഫീ ഒടുക്കിയതിന്റെ ചലാനും ഭൂപ്രമാണങ്ങളുൾപ്പെടെയുള്ള മറ്റ് രേഖകളും ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ സെക്ഷനുകളിലേക്ക് കൈമാറുകയും തുടർന്ന് ഓരോ ഏജൻസിയുടെയും പേരിൽ പ്രത്യേകം ഫയൽ ആരംഭിക്കുകയുമാണ് ചെയ്യുന്നത്. 2012-13 വർഷത്തെ ഇത്തരം ഫയലുകൾ പരിശോധിച്ചതിൽ ചില ഫയലുകളിൽ ഫീ ഒടുക്കിയതിന്റെ ചലാനുകൾ ഇല്ലാത്തതായി കണ്ടു. മറ്റൊരു സെക്ഷനിൽ നിന്ന് കൈമാറിക്കിട്ടുന്ന ഫയലുകളായതിനാൽ ബന്ധപ്പെട്ട സെക്ഷനിലെ ജീവനക്കാർക്ക് രേഖകളിലെ പോരായ്മ സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകാനായിട്ടില്ല. രേഖകളുടെ കൈമാറ്റം സുതാര്യവും ഔപചാരികവുമല്ലാത്തതാണ് ഈ അപാകതയ്ക്ക് കാരണം.

**വരവിനങ്ങളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല - ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല**

വർഷം തോറും കോടിക്കണക്കിന് രൂപ സി.ഡി.സി. മുഖേന യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് വരവുണ്ടെങ്കിലും സി.ഡി.സി.യിലെ വരവിനങ്ങളുടെ കണക്ക് സൂക്ഷിപ്പ് തൃപ്തികരമല്ല. കിട്ടാനുള്ള ഫീസുകളുടെ വിശദമായ ഡിമാന്റ് - കളക്ഷൻ - ബാലൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതിരിക്കൽ, സെക്ഷനിൽ നിന്നും കണക്കാക്കുന്ന ഡിമാന്റിന്മേൽ പരിശോധന നടത്താതിരിക്കൽ, കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കാതിരിക്കൽ (2012-13 വരെ) തുടങ്ങിയ അപാകതകൾ ഓഡിറ്റ് പരിശോധനയിൽ കാണുകയുണ്ടായി.

പുതിയ കോളേജുകൾക്ക് അഫിലിയേഷൻ അനുവദിക്കുന്നതിനുവേണ്ടി എഡ്യൂക്കേഷണൽ ഏജൻസികൾ ഒടുക്കുന്ന രജിസ്ട്രേഷൻ ഫീ, അഫിലിയേഷൻ ഫീ, ഇൻസ്പെക്ഷൻ ഫീ, നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിനുവേണ്ടി കോളേജുകൾ ഒടുക്കേണ്ട ഫീസ്, കോളേജുകളിൽ അഡ്മിറ്റ് ചെയ്യാവുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധന അനുവദിക്കുന്നതിനുവേണ്ടി കോളേജുകൾ ഒടുക്കേണ്ട ഫീസ്, ഇൻസ്പെക്ഷൻ ഫീസ്, പ്രൊവിഷണൽ അഫിലിയേഷൻ

പുതുക്കുന്നതിന് കോളേജുകൾ ഒടുക്കേണ്ട ഫീസ് എന്നിങ്ങനെ വിവിധ ഇനങ്ങളിലായി സർവകലാശാല ഫണ്ടിലേക്ക് വരുന്ന വരവിനങ്ങളുടെ ഡിമാന്റ് കണക്കാക്കുന്നതും ഫീസുകളുടെ ഒടുക്ക് ഉറപ്പുവരുത്തുന്നതും സി.ഡി.സി.യാണ്. 2011-12 മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ ബജറ്റുകളിൽ അഡ്മിനിസ്ട്രേഷൻ, അഫിലിയേഷൻ ഇനങ്ങളിൽ മാത്രമായി സി.ഡി.സി. മുഖേന പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ചിരുന്ന ഫീസുകളുടെയും യഥാർത്ഥത്തിൽ പിരിച്ചെടുത്ത ഫീസുകളുടെയും കണക്ക് പരിശോധിച്ചാൽ ഭീമമായ തുകയാണ് സർവകലാശാല ഫണ്ടിലേക്ക് സി.ഡി.സി. മുഖേന വരുന്നതെന്ന് വ്യക്തമാകും. ആയത് താഴെ പറയുന്നു.

| വർഷം | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് എസ്റ്റിമേറ്റ് | യഥാർത്ഥത്തിൽ വരവ് |
|---|---|---|---|
| 2011-12 | 3,25,00,000 | 3,12,00,000 | 3,11,51,677 |
| 2012-13 | 3,25,00,000 | 3,25,00,000 | 4,25,41,972 |
| 2013-14 | 2,75,00,000 | 4,00,00,000 | 4,38,70,090 |

ഇത്രയും ഭീമമായ തുകയുടെ ഡിമാന്റ് നിർണ്ണയിക്കുകയും വരവ് ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഡിപ്പാർട്ട്മെന്റ് കണക്ക് സൂക്ഷിപ്പിൽ അലംഭാവം കാണിക്കുന്നത് യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്.

2013-14 വർഷത്തെ വാർഷിക കണക്കിനൊപ്പം ചേർത്തിട്ടുള്ള സി.ഡി.സി.യുടെ ഡിമാന്റ് - കളക്ഷൻ- ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരം സി.ഡി.സി.യുടെ വരവിനങ്ങളിൽ 20,11,000/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. 2011-12, 2012-13 വർഷങ്ങളിലെ വാർഷിക കണക്കുകളിൽ വിവിധ വകുപ്പുകളുടെ ഡി.സി.ബി. ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത വർഷങ്ങളിൽ സി.ഡി.സി.യുടെ വരവിനങ്ങളിൽ കുടിശ്ശിക അവശേഷിച്ചിരുന്നുവോയെന്ന് വ്യക്തമല്ല. കോളേജുകൾക്ക്/കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിന് ഒടുക്കേണ്ട ഫീസുകൾ മുൻകൂറായി ഒടുക്കിയാൽ മാത്രമേ അഫിലിയേഷൻ നൽകു എന്നതിനാൽ പ്രസ്തുത വരവിനങ്ങളിൽ കുടിശ്ശികയുണ്ടാകാൻ സാധ്യതയില്ല. എന്നാൽ പ്രൊവിഷണൽ അഫിലിയേഷൻ ലഭിച്ച കോളേജുകൾ ആയത് പുതുക്കിയില്ലെങ്കിൽ ഡിമാന്റിനെ

അപേക്ഷിച്ച് കളക്ഷനിൽ കുറവ് വരും. എന്നാൽ സി.ഡി.സി. മുഖേന പിരിച്ചെടുക്കേണ്ട വരവിനങ്ങളുടെ വിശദമായ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഏതെല്ലാം വരവിനങ്ങളിലാണ് കുറവ് വന്നിട്ടുള്ളത് എന്ന് പരിശോധിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്.

**സ്റ്റാറ്റ്യൂട്ട് നിബന്ധനകളെക്കുറിച്ചുള്ള അജ്ഞത- അപേക്ഷകളിൽ വ്യാപകമായി തെറ്റുകൾ**

പുതിയ കോളേജുകൾ/കോഴ്സുകൾക്ക് അഫിലിയേഷൻ, പെർമനെന്റ് ഇൻക്രീസ് എന്നിവ ലഭിക്കുന്നതിന് പാലിച്ചിരിക്കേണ്ട നിബന്ധനകളെക്കുറിച്ച് എഡ്യൂക്കേഷണൽ ഏജൻസികൾക്കുള്ള അജ്ഞത നിമിത്തം പ്രസ്തുത ആവശ്യങ്ങൾക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ വ്യാപകമായ തെറ്റുകൾ സംഭവിക്കുന്നതായി കണ്ടു. ഉദാഹരണത്തിന് 2013-14, 2014-15 വർഷങ്ങളിൽ ഈ ആവശ്യങ്ങൾക്കുവേണ്ടി ലഭിച്ച അപേക്ഷകളിലെ ന്യൂനതകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

**പുതിയ കോഴ്സിനുള്ള അപേക്ഷകൾ**

| ജില്ല | ആകെ അപേക്ഷകൾ | അപേക്ഷയിലെ അപാകതകൾ | | | | | |
|---|---|---|---|---|---|---|---|
| | | ഫീസ് കുടിശ്ശിക | കോഴ്സ് സ്റ്റബിലൈസ് ചെയ്യിട്ടില്ലാത്തത് | അപേക്ഷ നിശ്ചിത ഫോർമാറ്റിലല്ലാത്തത് | കോഴ്സ് സർവകലാശാല * യുടെ അധികാരത്തിൽ വരുന്നതല്ലാത്തത് | അവശ്യം വേണ്ട രേഖകൾ ഹാജരാക്കിയിട്ടില്ലാത്തത് | ആകെ അപാകതകൾ |
| വയനാട് | 6 | 1 | - | - | - | - | 1 |
| കോഴിക്കോട് | 30 | 2 | 5 | 1 | 1 | - | 9 |
| മലപ്പുറം | 41 | 2 | 8 | 2 | - | 2 | 14 |
| പാലക്കാട് | 14 | 2 | 3 | 1 | - | 1 | 7 |
| തൃശ്ശൂർ | 30 | 6 | 2 | 1 | - | - | 9 |

## പുതിയ കോളേജിന് അഫിലിയേഷൻ

| ജില്ല | ആകെ ലഭിച്ച അപേക്ഷകൾ | അപാകതകൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | ഫീസ് കടിശ്ശിക | കോളേജ് സ്ഥാപിക്കുന്നത് എവിടെയെന്ന് ഇല്ലാത്തത് | ഭൂമിയുടെ രേഖകൾ ഇല്ലാത്തത് | ട്രസ്റ്റിന്റെ ബൈലോ ഇല്ലാത്തത് | നിശ്ചിത ഫോർമാറ്റിൽ അപേക്ഷിക്കാത്തത് | അപേക്ഷയിൽ ഒപ്പ് വച്ചിട്ടില്ലാത്തത് | കോഴ്സ് ഏതാണ് വേണ്ട, തെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തത് | കോഴ്സ് സർവകലാശാലയുടെ അധികാരത്തിൽ വരുന്നതല്ലാത്തത് | ആകെ അപാകതകൾ |
| വയനാട് | 2 | 1 | 1 | 1 | - | - | - | - | - | 3 |
| കോഴിക്കോട് | 17 | - | 1 | 13 | 1 | 1 | 1 | - | - | 17 |
| മലപ്പുറം | 21 | - | - | 14 | - | - | - | 1 | - | 15 |
| പാലക്കാട് | 12 | - | - | 2 | - | - | 1 | - | 1 | 4 |
| തൃശ്ശൂർ | 9 | - | - | 4 | 1 | - | - | - | - | 5 |

അപേക്ഷകളിൽ സംഭവിക്കുന്ന തെറ്റുകൾ പരിഹരിക്കുന്നതിന് എഡ്യൂക്കേഷണൽ ഏജൻസികൾക്ക് പിന്നീട് സമയം നൽകേണ്ടതിനാൽ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ഇത് തടസ്സമാകുന്നുണ്ടെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള വ്യവസ്ഥകളെക്കുറിച്ച് അപേക്ഷകർക്കുള്ള അജ്ഞത നിമിത്തമാണ് മേല്പറഞ്ഞ വിധത്തിലുള്ള തെറ്റുകൾ സംഭവിക്കുന്നതെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ അപേക്ഷകരെ വേണ്ട വിധം ബോധവൽക്കരിക്കുന്നത് അപേക്ഷകളിൽ താമസം കൂടാതെ തുടർനടപടി സ്വീകരിക്കുന്നതിന് സഹായകരമാകും

## സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകളിലും തുടർനടപടി സ്വീകരിക്കുന്നു

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 1 പ്രകാരം പുതിയ കോളേജ്/കോഴ്സിന് അഫിലിയേഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി കോളജ്/കോഴ്സ് ആരംഭിക്കുന്നതിന് തൊട്ടു മുൻ വർഷത്തെ ഡിസംബർ 31 ആണ്. എന്നാൽ ഇതിന് വിപരീതമായി 2012-13, 2013-14 വർഷങ്ങളിൽ

ഡിസംബർ 31 ന് ശേഷം ലഭിച്ച ചില അപേക്ഷകളിലും തുടർനടപടി സ്വീകരിച്ചതായി കണ്ടു. ഉദാഹരണത്തിന് 2012-13 അക്കാദമിക് വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് മലപ്പുറത്തുള്ള അൽ ഹിന്ദ് എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് 24.01.2012 ന് സമർപ്പിച്ച അപേക്ഷ സി.ഡി.സി. നിരസിച്ചെങ്കിലും മലപ്പുറം ജില്ലാതല പരിശോധനാസമിതി പ്രസ്തുത അപേക്ഷയിൽ പ്രാദേശിക പരിശോധന നടത്തി പുതിയ കോളേജ് ആരംഭിക്കുന്നതിന് ശിപാർശ സമർപ്പിക്കുകയും ഈ ശിപാർശ 31.03.2012 ൽ കൂടിയ സിൻഡിക്കേറ്റ് അംഗീകരിച്ച തീരുമാനം നം.2012/397 പ്രകാരം സർക്കാരിലേക്ക് അയയ്ക്കുകയും ചെയ്തു (സർവകലാശാല രജിസ്ട്രാറുടെ 24.08.2012 ലെ GA1/G3/6494/201 നമ്പർ കത്ത് കാണുക). എന്നാൽ സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി സിൻഡിക്കേറ്റ് സ്വീകരിക്കുന്ന നടപടികൾക്ക് നിയമപരമായ നിലനില്പ് ഇല്ല.

**ജില്ലാതല പരിശോധനാസമിതിയുടെ പരിശോധനാ റിപ്പോർട്ടുകൾ പൂർണ്ണവും സമഗ്രവും അല്ല**

ജില്ലാതല പരിശോധനാസമിതിയുടെ റിപ്പോർട്ടുകളിൽ ന്യൂനതകൾ സംഭവിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന ന്യൂനതകളാണ് കണ്ടിട്ടുള്ളത്. (സി.ഡി.സി/ജി3/ 9445/2012 നമ്പർ ഫയൽ, നോട്ട് ഫയൽ പേജ് നമ്പർ 45 & 46 കാണുക)

എ ചില റിപ്പോർട്ടുകളിൽ ഏജൻസികൾ സമർപ്പിച്ച ഭൂപ്രമാണങ്ങൾ വിശദമായി പരിശോധിക്കണമെന്ന് പരിശോധനാസമിതികൾ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ റിപ്പോർട്ടിൽ പറയുന്നില്ല.

ബി പല റിപ്പോർട്ടുകളിലും ശിപാർശ ചെയ്യുന്ന കോഴ്സുകളിൽ അഡ്മിറ്റ് ചെയ്യാവുന്ന കുട്ടികളുടെ എണ്ണം പറയുന്നില്ല.

സി എഡ്യൂക്കേഷണൽ ഏജൻസികൾ അപേക്ഷിക്കാത്ത കോഴ്സുകൾ ആരംഭിക്കുന്നതിന് ചില പരിശോധനാസമിതികൾ ശിപാർശ നൽകുന്നുണ്ട്.

ഡി യൂണിവേഴ്സിറ്റി സിലബസ് അംഗീകരിക്കാത്ത കോഴ്സുകൾ ആരംഭിക്കുന്നതിന് പരിശോധനാസമിതികൾ ശിപാർശ സമർപ്പിക്കുന്നു.

ഇ കോഴ്സുകളുടെ സെക്ടർ (എയ്ഡഡ്/അൺ എയ്ഡഡ്) തീരുമാനിക്കാനുള്ള പൂർണ്ണ അധികാരം സർക്കാരിനാണ്. എന്നാൽ ചില പരിശോധനാസമിതികൾ കോഴ്സുകൾ ഏത് സെക്ടറിൽ ആരംഭിക്കണമെന്ന് ശിപാർശ ചെയ്യുന്നുണ്ട്.

അപാകതകൾ ഉള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അപേക്ഷകളിൽ തുടർനടപടി സാധ്യമല്ലാത്തതിനാൽ അവ പരിഹരിക്കുന്നതിന് റിപ്പോർട്ടുകൾ വീണ്ടും പരിശോധനാസമിതികളുടെ പുനഃപരിഗണനയ്ക്ക് നൽകേണ്ടി വരുന്നുണ്ട്. ഇത് അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കുന്നുണ്ട്.

സ്റ്റാറ്റ്യൂട്ട് പ്രകാരം പുതിയ കോളേജ്/കോഴ്സിന് അഫിലിയേഷൻ നൽകുന്നതിനുള്ള പൂർണ്ണ അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്. പുതിയ കോളേജ്/കോഴ്സിന് അഫിലിയേഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് അവ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 പ്രകാരമുള്ള നിബന്ധനകൾ മുഴുവൻ പാലിക്കുന്നുണ്ടോയെന്ന് പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ഉചിതമായ തീരുമാനം എടുക്കുന്നതിന് സിൻഡിക്കേറ്റിന് വേണ്ട ഉപദേശങ്ങൾ നൽകുന്നതിനുമാണ് സിൻഡിക്കേറ്റ് മെമ്പർമാർ അംഗങ്ങളായി ജില്ലാതല പരിശോധനാസമിതികൾ രൂപീകരിക്കുന്നത്. ജില്ലാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന ജില്ലാതല പരിശോധനാസമിതികൾ അപേക്ഷകളിൽ പ്രാദേശികമായി പരിശോധന നടത്തിയും എഡ്യൂക്കേഷണൽ ഏജൻസികൾ സമർപ്പിക്കുന്ന ഭൂപ്രമാണങ്ങളുൾപ്പെടെയുള്ള രേഖകൾ പരിശോധന നടത്തിയും കണ്ടെത്തുന്ന വിവരങ്ങൾ റിപ്പോർട്ടാക്കി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് ഉചിതമായ തീരുമാനം എടുക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ ജില്ലാതല പരിശോധനാസമിതികളുടെ റിപ്പോർട്ടുകൾ വസ്തുനിഷ്ഠവും സമഗ്രവും പൂർണ്ണവും ആയിരിക്കേണ്ടതും അപേക്ഷകളിന്മേൽ സിൻഡിക്കേറ്റിന് തുടർനടപടി സ്വീകരിക്കുന്നതിന് സഹായകവുമായിരിക്കേണ്ടതാണ്.

**ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുന്നു**

ജില്ലാതല പരിശോധനാ സമിതികൾ പല അവസരങ്ങളിലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോളേജ്/കോഴ്സ് ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ സർക്കാരിലേക്ക് ശിപാർശകൾ സമർപ്പിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുകയുണ്ടായി. ഇത് അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് പലപ്പോഴും തടസ്സമായിട്ടുണ്ട്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 6(1) പ്രകാരം പുതിയ കോളേജുകൾ/ കോഴ്സുകൾക്ക് അഫിലിയേഷൻ അനുവദിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ കോളേജ്/കോഴ്സ് ആരംഭിക്കുന്നതിന് തൊട്ടു മുൻ അക്കാദമിക് വർഷത്തെ മാർച്ച് 31 കഴിയുന്നതിന് മുമ്പ് നടപടി സ്വീകരിക്കണം. ലഭിക്കുന്ന അപേക്ഷകളിൽ പ്രാദേശിക പരിശോധന നടത്തി ജില്ലാതല പരിശോധനാസമിതികൾ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനമാക്കിയാണ് സിൻഡിക്കേറ്റ് അപേക്ഷകളിൽ തീരുമാനം എടുക്കുന്നത്. ആയതിനാൽ പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാക്കും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.4.3 മുതൽ 6.4.8 വരെ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളിന്മേൽ വകുപ്പ് നൽകിയ മറുപടികളുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**48. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളിന്മേൽ വകുപ്പ് നൽകിയ മറുപടികളുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ്പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുതുതായി അഫിലിയേഷൻ നൽകുന്ന കോളേജുകളിൽ നിന്നും ഫിനാൻഷ്യൽ ഗ്യാരന്റി വാങ്ങുന്നില്ല**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 23 പ്രകാരം പുതുതായി അഫിലിയേഷൻ നൽകപ്പെടുന്ന കോളേജുകളുടെ ശരിയായ പരിപാലനം ഉറപ്പുവരുത്തുന്നതിന് കോളേജുകൾ സർവകലാശാലയ്ക്ക് ഫിനാൻഷ്യൽ ഗ്യാരന്റി സമർപ്പിക്കണം. എന്നാൽ ഈ നിബന്ധന പാലിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്;ഖണ്ഡിക 6.4.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന ഫിനാൻഷ്യൽ ഗ്യാരന്റിക്ക് പകരം അഡ്മിനിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടെന്ന് കാലിക്കറ്റ് സർവകലാശാല കോളേജ് ഡെവലപ്മെന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

50. ഇത്തരത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുവാനുള്ള കാരണമെന്താണെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണ് നടപ്പിലാക്കിയതെന്ന് ഡയറക്ടർ മറുപടി നൽകി.

51. കാലിക്കറ്റ് സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977-ലെ ചാപ്റ്റർ 23 ഖണ്ഡിക 23 പ്രകാരം പുതിയതായി അഫിലിയേഷൻ നൽകപ്പെടുന്ന കോളേജുകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിന് ഫിനാൻഷ്യൽ ഗ്യാരന്റി സമർപ്പിക്കണമെന്ന് വ്യക്തമാക്കുന്നുണ്ടെന്നും പ്രസ്തുത സ്റ്റാറ്റ്യൂട്ട് നിലനിൽക്കേ സിൻഡിക്കേറ്റ് ഇപ്രകാരം തീരുമാനിക്കാനുള്ള കാരണം എന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഡയറക്ടർ മറുപടി നൽകി.

52. സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നതിന് മുമ്പ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത് എങ്ങനെയാണെന്നും യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടിനകത്ത് ഒരു പ്രൊവിഷൻ നിലനിൽക്കേ സിൻഡിക്കേറ്റിന് അപ്രകാരം തീരുമാനമെടുക്കുന്നതിന് അധികാരമുണ്ടോയെന്നും സമിതി വീണ്ടും ആരാഞ്ഞതിന്, സർവകലാശാല തലത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ട് സെല്ലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമോപദേശം ലഭിച്ചതുകൊണ്ടാണ് സിൻഡിക്കേറ്റ് അപ്രകാരം തീരുമാനമെടുത്തതെന്ന് സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത നടപടി ക്രമപ്രകാരമാണോയെന്ന സമിതിയുടെ ചോദ്യത്തിന് നടപടിക്രമം ശരിയല്ലെന്നും സ്വാശ്രയ കോളേജുകൾ പെട്ടെന്ന് കോഴ്സ് അവസാനിപ്പിക്കുന്ന പ്രവണതയുണ്ടെന്നും 91 കുട്ടികൾക്ക് അഡ്മിഷൻ കൊടുത്തശേഷം നടപ്പ് വർഷം കോഴ്സ് നടത്തുന്നില്ലെന്ന് ഒരു കോളേജ് പറഞ്ഞ അനുഭവമുണ്ടെന്നും ഒരു 'exit policy' സർവകലാശാലയ്ക്കില്ലെന്നും അക്കാര്യം മുൻ സിൻഡിക്കേറ്റ് യോഗത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണെന്നും വസ്തുതകളെല്ലാം മുൻനിർത്തി ഫിനാൻഷ്യൽ ഗ്യാരന്റി വീണ്ടും ഏർപ്പെടുത്താവുന്നതാണെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയെ ബോധിപ്പിച്ചു.

53. കോളേജുകളിൽ നിന്നും ഫിനാൻഷ്യൽ ഗ്യാരണ്ടി ഈടാക്കിയില്ലെങ്കിൽ എപ്പോൾ വേണമെങ്കിലും കോഴ്സ് അവസാനിപ്പിക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടതിന്, കാലിക്കറ്റ് സർവകലാശാലയിൽ 426 അഫിലിയേറ്റഡ് കോളേജുകളാണുള്ളതെന്നും അതിൽ 101 കോളേജുകൾ ഗവൺമെന്റ് എയ്ഡഡ് മേഖലയിലും മറ്റുള്ളവ സ്വാശ്രയ മേഖലയിലുമാണ് പ്രവർത്തിക്കുന്നതെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

54. സിൻഡിക്കേറ്റ് തീരുമാനത്തിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് സർക്കാർ, എയ്ഡഡ് മേഖലയിൽ മാത്രമാണ് കോളേജുകളുണ്ടായിരുന്നതെന്ന് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ വിശദീകരിച്ചു. സ്വാശ്രയ കോളേജുകളിൽ നിന്നും ഫിനാൻഷ്യൽ ഗ്യാരന്റി ഈടാക്കിയില്ലെങ്കിൽ കോഴ്സുകൾ അവസാനിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടുമെന്ന് സമിതി ചൂണ്ടിക്കാട്ടി.

55. പ്രസ്തുത വിഷയം അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ ഉന്നയിക്കാമെന്ന് കാലിക്കറ്റ് സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടർ സമിതിയെ അറിയിച്ചു പുതുതായി അഫിലിയേഷൻ നൽകുന്ന കോളേജുകളിൽ ഫിനാൻഷ്യൽ ഗ്യാരന്റി ഈടാക്കണമെന്ന് ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങളും ശിപാർശകളും

**56. സർവകലാശാലയുടെ കീഴിൽ പുതുതായി അഫിലിയേഷൻ നൽകുന്ന കോളേജുകളിൽ നിന്നും ഫിനാൻഷ്യൽ ഗ്യാരന്റി ഈടാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഭൂപ്രമാണങ്ങൾ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടുന്നില്ല**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 25 പ്രകാരം ഫസ്റ്റ് ഗ്രേഡ് കോളേജ്, ജൂനിയർ കോളേജ്, ഓറിയന്റൽ ടൈറ്റിൽ കോളേജ് എന്നിവ ആരംഭിക്കുന്നതിന് എഡ്യൂക്കേഷണൽ ഏജൻസിയുടെ പേരിൽ യാതൊരു ബാധ്യതയുമില്ലാത്ത യഥാക്രമം 15, 10, 3 ഏക്കർ ഭൂമി വേണം. അതുപോലെ സിൻഡിക്കേറ്റിന്റെ 30.03.2013 ലെ 292/2013 നമ്പർ തീരുമാന പ്രകാരം യൂണിവേഴ്സിറ്റിയിൽ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (അഫിലിയേഷൻ ഓഫ് കോളേജസ് ബൈ യൂണിവേഴ്സിറ്റീസ്) (ഒന്നാം ഭേദഗതി) റെഗുലേഷൻസ്, 2012 ലെ വ്യവസ്ഥ പ്രകാരം പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് മെഗാസിറ്റികളിൽ 1.5 ഏക്കറും, മെട്രോ സിറ്റികളിൽ 2 ഏക്കറും, മറ്റ് സിറ്റികളിൽ 3 ഏക്കറും മറ്റ് ബാധ്യതകളില്ലാത്ത ഭൂമി വേണം. പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾക്കൊപ്പം ഹാജരാക്കുന്ന ഭൂപ്രമാണങ്ങൾ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കിയാൽ മാത്രമേ സ്റ്റാറ്റ്യൂട്ട് നിഷ്കർഷിക്കുന്ന ഭൂമിയുടെ ലഭ്യത ഉറപ്പാക്കാനാകുകയുള്ളൂ. എന്നാൽ എഡ്യൂക്കേഷണൽ ഏജൻസികൾ സമർപ്പിക്കുന്ന പ്രമാണങ്ങൾ ഇപ്പോൾ ജില്ലാതല പരിശോധനാസമിതികളിലെ അംഗങ്ങളായ

സിൻഡിക്കേറ്റ് മെമ്പർമാർ മാത്രമാണ് പരിശോധിക്കുന്നത്. ഇവരിൽ ഭൂപ്രമാണങ്ങൾ പരിശോധിക്കുന്നതിന് വേണ്ട സാങ്കേതികജ്ഞാനമുള്ളവർ ഉണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ ഏജൻസികൾ സമർപ്പിക്കുന്ന ഭൂപ്രമാണങ്ങൾ ശരിയാംവിധം പരിശോധിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനാകില്ല.

**അടിസ്ഥാന സൗകര്യങ്ങളുടെ പര്യാപ്തത ഉറപ്പുവരുത്തുന്നില്ല**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 26 (ii) പ്രകാരം അഫിലിയേഷന് അപേക്ഷ സമർപ്പിക്കുന്ന കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ (കെട്ടിടങ്ങൾ, ലബോറട്ടറി, മറ്റ് ഉപകരണങ്ങൾ) പര്യാപ്തത ഉറപ്പുവരുത്തണം. ഇതിന് അഫിലിയേഷനുള്ള അപേക്ഷക്കൊപ്പം കെട്ടിടങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ മുതലായവ സമർപ്പിക്കണം. അതോടൊപ്പം പ്രാദേശിക പരിശോധനയിൽ പ്രസ്തുത രേഖകളിൽ പറഞ്ഞ കാര്യങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പുവരുത്തുകയും വേണം. എന്നാൽ 2012-13, 2013-14 വർഷങ്ങളിൽ പുതിയ കോളേജുകൾക്ക് അഫിലിയേഷൻ നൽകിയതുമായി ബന്ധപ്പെട്ട ചില ഫയലുകൾ പരിശോധിച്ചപ്പോൾ കോളേജിനായി നിർമ്മിക്കാനുദ്ദേശിക്കുന്ന/നിർമ്മിച്ച കെട്ടിടങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ മുതലായവ കാണുകയുണ്ടായില്ല. എന്നാൽ പ്രാദേശിക പരിശോധന റിപ്പോർട്ടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയതായും കണ്ടു. (ഉദാഹരണത്തിന് യൂണിവേഴ്സിറ്റി ഉത്തരവ് നം. GAI/G2/8101/2011 തീയതി 19.06.2012 പ്രകാരം അഫിലിയേഷൻ നൽകിയ ഐ.കെ.ടി. മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്, വട്ടല്ലൂർ, യു. ഒ. നം. 1068/2013/സി.യു. തീയതി 03.04.2013 പ്രകാരം അഫിലിയേഷൻ നൽകിയ ശരിയത് വനിതാ കോളേജ്, തേഞ്ഞിപ്പാലം എന്നീ ഫയലുകൾ കാണുക) അടിസ്ഥാന സൗകര്യങ്ങളുടെ പര്യാപ്തത ഉറപ്പുവരുത്താതെ പുതിയ കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത് സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമാണ്. ആയതിനാൽ അഫിലിയേഷൻ നൽകുന്നതിനുമുമ്പ് കോളേജുകൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും ഇത് തെളിയിക്കുന്നതിന് വേണ്ട രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

**ന്യൂനതകളുള്ള അപേക്ഷകൾ നിരസിക്കുന്നില്ല**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 7 പ്രകാരം അഫിലിയേഷന് വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തൃപ്തികരമല്ലെന്ന് കാണുന്ന പക്ഷം ആയത് നിരസിക്കുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിനുണ്ട്. എന്നാൽ ഈ അധികാരം സിൻഡിക്കേറ്റ് വിനിയോഗിക്കുന്നില്ല. ഉദാഹരണത്തിന് 2013-14, 2014-15 വർഷം പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് വേണ്ടി ലഭിച്ച അപേക്ഷകൾ പരിശോധിച്ച സിൻഡിക്കേറ്റ് അതിന്റെ 30.03.2013 ലെ 292/2013 നമ്പർ തീരുമാന പ്രകാരം 49 പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ നൽകാൻ തീരുമാനിച്ചിരുന്നു. എന്നാൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകിയ 42 ട്രസ്റ്റുകൾ അപേക്ഷക്കൊപ്പം ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതിനും, ഭൂമിക്ക് മേൽ ബാധ്യതയില്ലെന്ന് തെളിയിക്കുന്നതിനുമാവശ്യമായ മുഴുവൻ രേഖകളും സമർപ്പിച്ചിരുന്നില്ല. ആയതിനാൽ സോപാധികമായാണ് സിൻഡിക്കേറ്റ് മുൻ പറഞ്ഞ തീരുമാനപ്രകാരം കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുള്ളത്. പുതിയ കോളേജുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 31.12.2012 നോ അതിന് മുമ്പായോ അപേക്ഷ സമർപ്പിച്ച എഡ്യൂക്കേഷണൽ ഏജൻസികൾ മൂന്ന് മാസത്തെ സാവകാശം ലഭിച്ചിട്ടും (സിൻഡിക്കേറ്റ് പ്രസ്തുത അപേക്ഷകൾ അംഗീകരിച്ചത് 30.03.2013 നാണ്) ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഹാജരാക്കുകയുണ്ടായില്ല. എന്നിട്ടും പ്രസ്തുത അപേക്ഷകൾ നിരസിക്കാതെ ഭൂമിയുടെ രേഖകൾ 15 ദിവസത്തിനകം ഹാജരാക്കണമെന്ന ഉപാധിക്കുവിധേയമായി അപേക്ഷകളിൽ അനുകൂലമായ ശിപാർശ സമർപ്പിക്കുകയാണുണ്ടായത്.

അപേക്ഷകളിൽ സംഭവിച്ച പ്രകടമായ ന്യൂനതകൾ പരിഹരിക്കുന്നതിന് സാവകാശം നൽകിയിട്ടും ആയത് പരിഹരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അത്തരം അപേക്ഷകൾ നിരസിക്കാതെ, അനുകൂലമായ തുടർനടപടി സ്വീകരിച്ചത് തെറ്റായ

സന്ദേശം നൽകുന്നതും, ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്;ഖണ്ഡിക 6.4.10 മുതൽ 6.4.12 വരെ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. പ്രസ്തുത ഖണ്ഡികകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സമിതി പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**58. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്ഥലവിസ്തൃതി സംബന്ധിച്ച സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 23 ഖണ്ഡിക 25 പ്രകാരം ഫസ്റ്റ് ഗ്രേഡ് കോളേജ്, ജൂനിയർ കോളേജ്, ഓറിയന്റൽ ടൈറ്റിൽ കോളേജ് എന്നിവ ആരംഭിക്കുന്നതിന് എഡ്യൂക്കേഷണൽ ഏജൻസിയുടെ പേരിൽ യാതൊരു ബാധ്യതയുമില്ലാത്ത യഥാക്രമം 15, 10, 3 ഏക്കർ ഭൂമി വേണം. അതേ സമയം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (അഫിലിയേഷൻ ഓഫ് കോളേജസ് ബൈ യൂണിവേഴ്സിറ്റീസ്) (ഒന്നാം ഭേദഗതി) റഗുലേഷൻസ്, 2012 പ്രകാരം പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് മെഗാസിറ്റികളിൽ 1.5 ഏക്കറും, മെട്രോ സിറ്റികളിൽ 2 ഏക്കറും മറ്റ് സിറ്റികളിൽ 3 ഏക്കറും ഭൂമി മതി. ഈ വ്യവസ്ഥ യൂണിവേഴ്സിറ്റിയിൽ നടപ്പാക്കുമെന്ന് സിൻഡിക്കേറ്റിന്റെ 30.03.2013 ലെ 292/2013 നമ്പർ തീരുമാനപ്രകാരം തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 2013-14, 2014-15

വർഷങ്ങളിൽ പുതിയ കോളേജ് സ്ഥാപിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ച സ്റ്റാറ്റ്യൂട്ട് നിഷ്കർഷിക്കുന്നത്ര ഭൂമി കൈവശമില്ലാത്ത 32 എഡ്യൂക്കേഷണൽ ഏജൻസികളുടെ അപേക്ഷകൾ അംഗീകരിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ യു.ജി.സി.യുടെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച സർവകലാശാലയുടെ ശിപാർശകൾ കൂടുതൽ വിശദീകരണം ആരാഞ്ഞ് സർക്കാർ തിരിച്ചയച്ചു.

പുതിയ കോളേജ് ആരംഭിക്കുന്നതിന് എഡ്യൂക്കേഷണൽ ഏജൻസികളുടെ കൈവശമുണ്ടായിരിക്കേണ്ട ഭൂമിയുടെ അളവിനെക്കുറിച്ച് സ്റ്റാറ്റ്യൂട്ടിലുള്ള വ്യവസ്ഥ സിൻഡിക്കേറ്റിന്റെ ഉത്തരവിനാൽ മാറ്റാനാകില്ല. ആയതിനാൽ സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ മറികടന്നത് ക്രമപ്രകാരമല്ല.

മേല്പറഞ്ഞ കണ്ടെത്തലുകളും നിരീക്ഷണങ്ങളും പരിഹാര നടപടികൾക്കായി ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6.4.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യേണ്ട വിഷയമാണിതെന്നും 2017-ൽ ഇതുസംബന്ധിച്ച് പൂർണ്ണ രൂപം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അതിലെ നിർദ്ദേശമനുസരിച്ചാണ് സ്ഥലവിസ്തൃതിയുടെ കാര്യത്തിൽ നിയന്ത്രണം കൊണ്ടുവന്നിട്ടുള്ളതെന്നും ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് അഞ്ച് ഏക്കറും ട്രെയിനിംഗ് കോളേജുകൾക്ക് ഒരേക്കറും ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾക്ക് 5 മുതൽ 8 വരെ ഏക്കറുമായി നിജപ്പെടുത്തിയിട്ടുണ്ടെന്നും കേരളത്തിലെ നിലവിലെ സ്ഥിതിയനുസരിച്ച് സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിച്ചിട്ടുള്ള 15 ഏക്കർ നിബന്ധന പാലിച്ചുകൊണ്ട് കോളേജ് തുടങ്ങാൻ ബുദ്ധിമുട്ടാണെന്നും കാലിക്കറ്റ് സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

60. യു.ജി.സി. റെഗുലേഷൻസ് അനുസരിച്ച് ഭൂമിയുടെ വിസ്തൃതിയിൽ കുറവ് വരുത്തിയിട്ടുണ്ടെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും സമിതി ചൂണ്ടിക്കാട്ടി. 2017-ൽ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയതിന് ഗവർണ്ണറുടെ അനുമതി ലഭിക്കണമെന്നും കാലിക്കറ്റ് സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടർ വ്യക്തമാക്കി.

61. സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താനുള്ള നടപടി സർവകലാശാല സ്വീകരിച്ച സ്ഥിതിക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കില്ലേയെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി ആരാഞ്ഞു. സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാനുള്ള നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

62. സംസ്ഥാന സർക്കാർ ഭൂമിയുടെ അളവിൽ വ്യത്യാസം വരുത്തി പുറപ്പെടുവിച്ച ഉത്തരവുകൂടി ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ലെന്ന വിഷയം മാത്രമാണ് നിലവിൽ പരിശോധിച്ചിട്ടുള്ളതെന്നും അതിനുശേഷം വന്ന മാറ്റങ്ങളും സർക്കാർ ഉത്തരവുകളും പരിശോധിച്ച് തൃപ്തികരമെങ്കിൽ പരാമർശം ഒഴിവാക്കണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു

## <u>നിഗമനങ്ങളും ശിപാർശകളും</u>

**63. യു.ജി.സി. റെഗുലേഷൻസ് അനുസരിച്ച് ഭൂമിയുടെ വിസ്തൃതിയിൽ കുറവ് വരുത്തിയിട്ടുണ്ടെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി നിരീക്ഷിക്കുന്നു.**

**64. സംസ്ഥാന സർക്കാർ ഭൂമിയുടെ അളവിൽ വ്യത്യാസം വരുത്തി പുറപ്പെടുവിച്ച ഉത്തരവുകൂടി ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ലെന്ന വിഷയം മാത്രമാണ് നിലവിൽ പരിശോധിച്ചിട്ടുള്ളതെന്നും അതിനുശേഷം വന്ന മാറ്റങ്ങളും സർക്കാർ ഉത്തരവുകളും പരിശോധിച്ച് തൃപ്തികരമെങ്കിൽ പരാമർശം ഒഴിവാക്കണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമനങ്ങൾ, ജീവനക്കാര്യം, പെൻഷൻ എന്നീ വിഷയങ്ങളിൽ സർവകലാശാലകളിൽ നിലനിൽക്കുന്ന വൈരുദ്ധ്യങ്ങളെയും അപാകതകളെയും സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ ഫലങ്ങൾ**

ഉന്നതവിദ്യാഭ്യാസ രംഗത്ത് സർവകലാശാലകൾക്ക് പരമപ്രധാനമായ സ്ഥാനമാണുള്ളത്. ഉന്നതവിദ്യാഭ്യാസ വികസനത്തിനും ഗവേഷണത്തിനും സാങ്കേതിക പരിജ്ഞാനവും അതാത് വിഷയമേഖലകളിൽ അഗാധജ്ഞാനവും പരിചയസമ്പത്തുമുള്ള അധ്യാപക സമൂഹം അത്യന്താപേക്ഷിതമാണ്. അതിനൂതന സാങ്കേതികവിദ്യാപരിജ്ഞാനവും വിഷയ വൈദഗ്ധ്യവും വ്യക്തമായ കാഴ്ചപ്പാടുമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ അഥവാ ഭാവി തലമുറയെ വാർത്തെടുക്കുന്നതിന് അധ്യാപകർ നിർണായക പങ്ക് വഹിക്കുന്നുണ്ട്. ഭൂരിഭാഗം സർവകലാശാലകളിലും സമയബന്ധിതമായി നിയമനം നടത്താത്തതുമൂലവും സർക്കാർ അംഗീകാരം ലഭ്യമാകാത്തതിനാലും നിരവധി സ്ഥിരം അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. കരാർ വ്യവസ്ഥയിലോ ദിവസവേതനത്തിലോ നിയമിക്കപ്പെട്ടവരാണ് കൂടുതലും ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. പരിചയസമ്പന്നരായ സ്ഥിരം അധ്യാപകരുടെ അഭാവം സർവകലാശാലകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കും. സർവകലാശാലകളിലെ അധ്യാപക/ അനധ്യാപക തസ്തികകളിലെ നിയമനങ്ങളിലും ഉദ്യോഗക്കയറ്റങ്ങളിലും സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ്/ സർക്കാർ ഉത്തരവുകൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല. ഓഡിറ്റിന്റെ അംഗീകാരമില്ലാതെ അർഹതയ്ക്ക് ഉപരിയായി സർവീസ് /പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതും പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിൽ അനുവർത്തിച്ച് വരുന്ന മെല്ലെപ്പോക്കും സർവകലാശാലകൾ പൊതുവായി നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നുണ്ട്. മേൽ വസ്തുതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഈ അവലോകനം കൊണ്ട് ലക്ഷ്യമിടുന്നത്.

## സർക്കാർ അംഗീകാരമില്ലാത്ത അനദ്ധ്യാപക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരം

## കോഴിക്കോട് സർവകലാശാല

| ക്രമ നം. | തസ്തികയുടെ പേര് | 2019 ൽ സേവനമനുഷ്ഠിക്കുന്നവരുടെ എണ്ണം | | | അംഗീകാരമുള്ള തസ്തികകളുടെ എണ്ണം | അധിക തസ്തികകളുടെ എണ്ണം | അധിക തസ്തികകളുടെ വിശദാംശം |
|---|---|---|---|---|---|---|---|
| | | സ്ഥിരം ജീവനക്കാർ | താല്ക്കാലിക ജീവനക്കാർ | ആകെ | | | |
| 1 | സിസ്റ്റം അനലിസ്റ്റ് | ഇല്ല | 1 | 1 | ഇല്ല | 1 | പരീക്ഷാ ഭവൻ കമ്പ്യൂട്ടർവത്കരണം സർവകലാശാലയിൽ ഡിജിറ്റൽ ഫയലിംഗ സിസ്റ്റം, പ്രവേശന നടപടികൾക്കായി ഇ-ഗവർണൻസ് സംവിധാനം, വിദ്യാർത്ഥികൾക്കുള്ള മറ്റ് ഓൺലൈൻ സേവനങ്ങൾ എന്നിവ നടപ്പാക്കിയതിന്റെ ഭാഗമായിട്ടാണ് നിയമനം നടത്തിയിട്ടുള്ളത്. ഓർഡിനൻസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങ പൂർത്തിയാക്കി ബഹു. ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2. | ടെക്നീഷ്യൻ (ഡാറ്റാ സെന്റർ) | ഇല്ല | 2 | 2 | ഇല്ല | 2 | പരീക്ഷാ ഭവൻ കമ്പ്യൂട്ടർവത്കരണം സർവകലാശാലയിൽ ഡിജിറ്റൽ ഫയലിംഗ സിസ്റ്റം, പ്രവേശന നടപടികൾക്കായ ഇ-ഗവർണൻസ് സംവിധാനം വിദ്യാർത്ഥികൾക്കുള്ള മറ്റ് ഓൺലൈന സേവനങ്ങൾ എന്നിവ നടപ്പാക്കിയതിന്റെ ഭാഗമായിട്ടാണ് നിയമനം നടത്തിയിട്ടുള്ളത്. |
| 3. | ടെക്നീഷ്യൻ (സി.എസ്. ഐ. എഫ്.) | ഇല്ല | 3 | 3 | ഇല്ല | 3 | Awaiting Government concurrence fo temporary appointment. |
| 4. | പബ്ലിക് അഡ്രസ്സ് സിസ്റ്റം ഓപ്പറേറ്റർ | ഇല്ല | 1 | 1 | ഇല്ല | 1 | ----- |
| 5. | പ്രോഗ്രാമർ | 4 | 25 | 29 | 5 | 24 | പരീക്ഷാ ഭവൻ കമ്പ്യൂട്ടർവത്കരണത്തിന്റെയും, സർവകലാശാലയിൽ ഡിജിറ്റ ഫയലിംഗ് സിസ്റ്റം നടപ്പിലാക്കിയതിന്റെയു ഭാഗമായിട്ടാണ് നിയമനം നടത്തിയിട്ടുള്ളത് ഓർഡിനൻസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ബഹു ചാൻസലറുടെ അംഗീകാരത്തിനായ സമർപ്പിച്ചിട്ടുണ്ട്. |
| 6. | ടെക്നീഷ്യൻ (USIC) | 2* | 10 | 12 | 7 | 5 | പരീക്ഷാഭവൻ കമ്പ്യൂട്ടർവത്കരണം സർവകലാശാലയിൽ ഡിജിറ്റ ഫയലിംഗ് സിസ്റ്റം, പ്രവേശന നടപടികൾക്കായി ഇ-ഗവർണൻസ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സംവിധാനം, വിദ്യാർത്ഥികൾക്കുള്ള മറ്റ് ഓൺലൈൻ സേവനങ്ങൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സർവകലാശാലയിൽ വിവിധങ്ങളായ ഡിപ്പാർട്ട്മെന്റുകൾ രൂപീകരിക്കുകയും നൂതന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി മേൽ ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപണികൾക്കുമായി സാങ്കേതിക വിദഗ്ദരുടെ സഹായം ആവശ്യമായിട്ടുള്ള പശ്ചാത്തലത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. |
| 7. | ലെയ്സൺ ഓഫീസർ, ന്യൂഡൽഹി | ഇല്ല | ഒന്ന് | ഒന്ന് | ഇല്ല | ഒന്ന് | പ്രസ്തുത തസ്തികയുടെ അംഗീകാരത്തിനായി ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ തസ്തികയിൽ ജോലി ചെയ്യുന്ന വ്യക്തിക്ക് 31.03.2019 വരെയാണ് നിയമനം നൽകിയിട്ടുള്ളത് |

* One on unauthorised absence.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 6, ഖണ്ഡിക II (f))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓരോ മാസവും സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ലെന്ന സർട്ടിഫിക്കറ്റ് നൽകാറുണ്ടെന്നും അതിന്റെയടിസ്ഥാനത്തിലാണ് തുടർന്നും ഗ്രാന്റുകൾ ലഭിക്കുന്നതെന്നും നിലവിൽ അത്തരം സാഹചര്യമില്ലെന്നും കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

66. സർക്കാരിന്റെ അംഗീകാരമില്ലാതെ താൽക്കാലിക ജീവനക്കാരെ സർവകലാശാല നിയമിക്കാനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് ജീവനക്കാരുടെ സേവനം ആവശ്യമാണെന്നും സർവകലാശാലയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്ക് തിരുവനന്തപുരത്ത് ലെയ്സൺ ഓഫീസറുടെ സേവനം അത്യന്താപേക്ഷിതമാണെന്നും സ്റ്റാറ്റ്യൂട്ട് നിലവിൽ

വന്നതിനുശേഷം ലെയ്സൺ ഓഫീസറെ നിയമിക്കാമെന്നുള്ളത് പ്രായോഗികമല്ലെന്നും സർവകലാശാല രജിസ്ട്രാർ മറുപടി നൽകി.

67. സർക്കാർ അംഗീകാരമില്ലാതെ അനദ്ധ്യാപക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ നിയമിച്ചതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് വകുപ്പ് പ്രശ്നം ഉന്നയിച്ചിരിക്കുന്നതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ സർവകലാശാലയിൽ എയർ കണ്ടീഷൻ ടെക്നീഷ്യന്റെ സേവനം അനിവാര്യമാണെങ്കിലും അത്തരം തസ്തിക നിലവിലില്ലെന്ന് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

68. സർവകലാശാലയിൽ സർക്കാരിന്റെ അനുമതിയില്ലാതെ ജീവനക്കാരെ നിയമിക്കുന്നത് തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കുമെന്നും സർവകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തിക സംബന്ധിച്ച് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ പോലും സമർപ്പിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി.

69. 26 പ്രോഗ്രാമർമാരുടെ താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ 24-09-2019-ന് സർക്കാരിന് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്ന് കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ ബോധിപ്പിച്ചു.

70. പരീക്ഷാഭവനിൽ രണ്ട് സ്ഥിരം ജീവനക്കാരിൽ ഒരാൾ unauthorised absent ആണെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി ആരാഞ്ഞതിന് പ്രസ്തുത പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പരിശോധിച്ച് എത്രയുംപെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കാമെന്നും കാലിക്കറ്റ് സർവകലാശാല ജോയിന്റ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

71. പരീക്ഷാഭവനിൽ നിലവിൽ എത്ര ടെക്നീഷ്യന്മാരാണുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് 7 ടെക്നീഷ്യന്മാരാണുള്ളതെന്നും അതിൽ ഒരാൾ സ്ഥിരം ജീവനക്കാരനും മറ്റ് ആറ് പേർ കരാറടിസ്ഥാനത്തിലുമാണ് ജോലി ചെയ്യുന്നതെന്നും ജോയിന്റ് രജിസ്ട്രാർ (administration) സമിതിക്ക് മറുപടി നൽകി.

72. ഓഡിറ്റ് പരാമർശത്തിലെ ന്യൂനതകൾ സംബന്ധിച്ച് വ്യക്തതയില്ലാതെ മറുപടി നൽകുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. സർവകലാശാലയിൽ രണ്ട് സ്ഥിരം ടെക്നീഷ്യന്മാരിൽ ഒരാളാണ് unauthorised absent ആയിട്ടുള്ളതെന്നും ടി ജീവനക്കാരനെ 29-06-2016-ൽ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**73. സർവകലാശാലയിൽ സർക്കാർ അനുമതിയില്ലാതെ ജീവനക്കാരെ നിയമിക്കുന്നത് ശരിയായ നടപടിയല്ലെന്നും ആയത് തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തിലെ ന്യൂനതകൾ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് എത്രയും പെട്ടെന്ന് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പരാമർശിച്ചിട്ടുള്ളതും ശമ്പളപരിഷ്കരണ ഉത്തരവിലോ സർക്കാർ അനുമതിയിലോ ഉൾപ്പെടാത്തതും ആയ തസ്തികകളുടെയും സേവനത്തിലുള്ളവരുടെയും വിവരം**

| ക്രമ നം. | അനധ്യാപക തസ്തിക | ജീവനക്കാരുടെ എണ്ണം | അധിക വിവരം |
|---|---|---|---|
| 1 | പൂൾ ഓഫീസർ | 4 | രണ്ടായിരത്തി ഒമ്പതിലെ ഒമ്പതാം ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് പ്രകാരം പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), (എഫ്.സി. & ഡി.), സെക്ഷൻ ഓഫീസർ എഫ്.സി. & ഡി.) എന്നീ തസ്തികകളെ ഓഫീസ് സൂപ്രണ്ട് തസ്തികകൾ ആയി ക്രമപ്പെടുത്തുകയും, മേൽ തസ്തികകളിലേക്കുള്ള [(പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), (എഫ്.സി. & ഡി.), സെക്ഷൻ ഓഫീസ് (എഫ്.സി. & ഡി.)] പ്രൊമോഷൻ നിർത്തലാക്കുകയും ചെയ്തു. കൂടാതെ, മേൽ തസ്തികകളിൽ ഒമ്പതാം ശമ്പളപരിഷ്കരണം നടപ്പാക്കുന്ന സമയത്ത് ഉണ്ടായിരുന്നവരെ പ്രസ്തുത തസ്തികകളിൽ തന്നെ തുടരുവാനും അനുവദിച്ചു. നിലവിൽ കാലിക്കറ്റ് |
| 2 | സെക്ഷൻ ഓഫീസർ (FC & D) ഹയർ ഗ്രേഡ് | 7 | |
| 3 | സെക്ഷൻ ഓഫീസർ (FC & D) | 13 | |

| | | | |
|---|---|---|---|
| | | | സർവകലാശാലയിൽ പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), (എഫ്.സി. & ഡി.), സെക്ഷൻ ഓഫീസർ (എഫ്.സി. & ഡി.) എന്നീ തസ്തികകളിൽ ഉള്ളവർ മേൽ ശമ്പള കമ്മീഷൻ ശിപാർശ പ്രകാരം തുടരുന്നവരും ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം പ്രൊമോഷൻ ലഭിച്ചവരുമാണ്. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 6, ഖണ്ഡിക III)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## <u>നിഗമനങ്ങളും ശിപാർശകളും</u>

**75. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പ്രതിപാദിച്ചിട്ടില്ലാത്തതും ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമായ തസ്തികകളുടെയും സേവനത്തിലുള്ളവരുടെയും വിവരം**

ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമായ നിരവധി തസ്തികകളെ സംബന്ധിച്ച് സർവകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ പ്രതിപാദിച്ചിട്ടില്ല. അത്തരം തസ്തികകളുടെ വിവരം ചുവടെ നൽകുന്നു.

| ക്രമ നം. | തസ്തികയുടെ വിവരം | ജീവനക്കാരുടെ എണ്ണം | അധിക വിവരം |
|---|---|---|---|
| 1 | ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് | 10 | രണ്ടായിരത്തി ഒമ്പതിലെ ഒമ്പതാം ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് പ്രകാരം പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), (എഫ്, സി. & ഡി.), സെക്ഷൻ ഓഫീസർ എഫ്. സി. & ഡി.) എന്നീ തസ്തികകളെ ഓഫീസ് സൂപ്രണ്ട് തസ്തികകൾ ആയി ക്രമപ്പെടുത്തുകയും 01.02.2011 മുതൽ ഓഫീസ് സൂപ്രണ്ട് തസ്തികയുടെ അനുവദനീയമായ തസ്തിക 59 ആക്കി നിജപ്പെടുത്തുകയും ചെയ്തു. ഓഫീസ് സൂപ്രണ്ട്, ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) എന്നീ തസ്തികകളുടെ അനുപാതം 1:1 ആണ്. ബഹു. ഹൈക്കോടതിയുടെ വിവിധ കേസുകൾ നിലനിൽക്കുന്നതിനാൽ ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയുടെ അനുവദനീയമായ മുഴുവൻ തസ്തികകളിലേക്കും പ്രൊമോഷൻ നൽകിയിട്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 6, ഖണ്ഡിക IV(d))

76. സർവകലാശാല ഓർഡിനൻസ് ഭേദഗതി ചെയ്യാതെ ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കരുതെന്ന് 05-07-2016 ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നാൽ ഓർഡിനൻസിൽ ആവശ്യമായ ഭേദഗതി വരുത്താത്തതുമൂലം ശമ്പളപരിഷ്കരണ ഉത്തരവിലില്ലാത്ത തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കുകയും അധികാനുകൂല്യം കൈപ്പറ്റുകയും ചെയ്തുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും ഇതു സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന് പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (ഫെയർ കോപ്പി & ഡി), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) എന്നീ തസ്തികൾക്കാണ് 9-ാം ശമ്പള കമ്മീഷനുശേഷം ശമ്പള പരിഷ്കരണ ഉത്തരവിൽ നിർത്തലാക്കിയ തസ്തികകളിൽ പ്രൊമോഷൻ നൽകിയെന്ന പരാമർശം ഉന്നയിച്ചിട്ടുള്ളതെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്താത്തതിനാൽ ചില ജീവനക്കാർ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നേടിയെടുക്കുകയാണ് ചെയ്തതെന്നും സിൻഡിക്കേറ്റ് യോഗത്തിൽ പ്രസ്തുത തസ്തികകൾ സാംഗ്ഷൻഡ് പോസ്റ്റാക്കുന്നതിനുള്ള അമെന്റ്മെന്റ് പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നും കാലിക്കറ്റ് സർവകലാശാല ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു.

77. കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ സിൻഡിക്കേറ്റ് ഭേദഗതി നിർദ്ദേശിച്ചതെന്ന് സമിതി ആരാഞ്ഞതിന് അല്ലായെന്നും എന്നാൽ കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രൊമോഷൻ നൽകേണ്ടിവന്നുവെന്നും ഒമ്പതാം ശമ്പള പരിഷ്കരണത്തോടുകൂടി പൂൾ ഓഫീസർ തസ്തിക നിർത്തലാക്കിയെങ്കിലും സ്റ്റാറ്റ്യൂട്ട് നിലനിൽക്കുന്ന പോസ്റ്റുകളിലേയ്ക്ക് പ്രൊമോഷൻ നൽകാനുള്ള ഉത്തരവാണ് കോടതിയിൽനിന്നും ലഭിച്ചതെന്നും ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ) ബോധിപ്പിച്ചു.

78. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടിൽ അമെന്റ്മെന്റ് വരുത്തണമെന്നാവശ്യപ്പെട്ട് 2016-ൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രജിസ്ട്രാർക്ക് നൽകിയ കത്തിന്മേൽ നടപടി സ്വീകരിക്കാത്തതിനാലാണ് എതിർകക്ഷികൾ കോടതിയിൽ പോയി വിധി സമ്പാദിച്ചതെന്നും സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തിരുന്നുവെങ്കിൽ ഈ വിഷയം ഉണ്ടാകില്ലെന്നാണ് ഓഡിറ്റ് ചൂണ്ടിക്കാണിച്ചതെന്നും സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2016-ലെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്തിന്റെയടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് യോഗങ്ങൾ നടത്തിയെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചില്ലെന്ന് ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ) വ്യക്തമാക്കി.

79. സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തതിനുശേഷം മാത്രമേ ശമ്പള പരിഷ്കരണം നടപ്പിലാക്കാവൂ എന്ന സർക്കാർ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കുകയാണ് യൂണിവേഴ്സിറ്റി ചെയ്തതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഡിറ്റ് ഓഫീസർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

80. യൂണിവേഴ്സിറ്റി സ്വീകരിച്ച നടപടി പൊതുതാല്പര്യത്തിന് എതിരാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 05-07-2016-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ യൂണിവേഴ്സിറ്റി ബാധ്യസ്ഥമാണെന്നും എന്നാൽ അതിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിച്ചതുകൊണ്ടാണ് യൂണിവേഴ്സിറ്റിക്ക് നഷ്ടം സംഭവിച്ചതെന്നും സമിതി വിലയിരുത്തി. പ്രസ്തുത വിഷയത്തിൽ വിശദമായ മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**81. സർവകലാശാല ഓർഡിനൻസ്/ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാതെ യൂണിവേഴ്സിറ്റി ശമ്പളപരിഷ്കരണ ഉത്തരവ് നടപ്പാക്കിയത് പൊതുതാല്പര്യത്തിന് എതിരായ നടപടിയാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 05.07.2016-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ യൂണിവേഴ്സിറ്റി ബാധ്യസ്ഥരാണെന്നും അതിൽ നിന്നും വ്യതിചലിച്ച നിലപാട് സ്വീകരിച്ചത് കൊണ്ടാണ് യൂണിവേഴ്സിറ്റിക്ക് നഷ്ടം സംഭവിച്ചതെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിന്മേൽ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാലിക്കറ്റ് സർവകലാശാല**

കാലിക്കറ്റ് സർവകലാശാലയിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി 3,57,000/- (FD Rt No. JJ 400021/14599), 2,40,000/- (FD Rt No. JJ 400336/203312), 2,00,000/- (FD Rt No. JJ400217/112804) എന്നീ 3 ഫിക്സഡ് ഡെപ്പോസിറ്റുകൾ തിരൂരങ്ങാടി സബ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നതല്ലാതെ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് ആരംഭിച്ച് നിക്ഷേപം തുടങ്ങിയിട്ടില്ല. നോൺ പ്ലാൻ ഗ്രാന്റ്, തനത്ഫണ്ട് എന്നിവ ഉപയോഗിച്ചാണ് പെൻഷൻ നൽകി വരുന്നത്. സ്വാശ്രയസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 6, ഖണ്ഡിക XXIII)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. കാലിക്കറ്റ് സർവകലാശാലയിലെ പെൻഷൻ ഫണ്ടിന്റെ രൂപീകരണം സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി 100 കോടി രൂപ ട്രഷറി സ്ഥിരനിക്ഷേപമാക്കി മാറ്റുന്നതിന്

വേണ്ടി സർവകലാശാല സർക്കാരിലേക്ക് നൽകിയ കത്ത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു

83. പെൻഷൻ ഫണ്ട് നിലവിൽ ഫിനാൻസ് വകുപ്പ് തടഞ്ഞിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും യൂണിവേഴ്സിറ്റി പെൻഷൻ ഫണ്ടിലേയ്ക്ക് 100 കോടി രൂപ നിക്ഷേപിക്കുമ്പോൾ സർക്കാരും അത്രയും തുക മാറ്റിവയ്ക്കേണ്ടതുണ്ടെന്നും ആയത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിന്നും അന്തിമ മറുപടി ലഭിച്ചിട്ടില്ലെന്നും ഫിനാൻസ് ഓഫീസർ ബോധിപ്പിച്ചു

84. 19-01-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർവകലാശാല നിർദ്ദേശം നൽകിയിരുന്നെന്നും എന്നാൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് പല യൂണിവേഴ്സിറ്റികളിലെയും ജീവനക്കാരുടെ സംഘടനകളിൽ നിന്ന് വലിയ അതൃപ്തിയും പ്രതിഷേധവും ഉയർന്നുവന്നതിനാലാണ് മുൻ ഉത്തരവ് മരവിപ്പിക്കാൻ 10-05-2022-ൽ സർക്കാർ തീരുമാനിച്ചതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. നോൺ പ്ലാൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് പെൻഷനും ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതെന്നും പ്രതിവർഷം പെൻഷൻ ചെലവിനത്തിൽ നൽകേണ്ട തുക വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്താണ് സർക്കാർ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതെന്നും. ഒരു ജീവനക്കാരന്റെ ശമ്പള സ്കെയിലിന്റെ മാക്സിമത്തിന്റെ 25% പ്രതിമാസം പെൻഷൻ ഫണ്ടിലേയ്ക്ക് നിക്ഷേപിക്കണമെന്നുള്ളതാണ് അതിലെ വ്യവസ്ഥയെന്നും 25 ശതമാനത്തിൽ 10% ഗവൺമെന്റ് ഗ്രാന്റിൽ നിന്നും 15% യൂണിവേഴ്സിറ്റിയും അടയ്ക്കണമെന്ന വ്യവസ്ഥയിൽ ജീവനക്കാരുടെ ഭാഗത്തുനിന്നും പ്രതിഷേധം ഉയർന്നതിനാലാണ് ഉത്തരവ് മരവിപ്പിക്കാനിടയായതെന്നും യൂണിവേഴ്സിറ്റിയുടെ തനത് ഫണ്ടിൽ നിന്നും പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിൽ സർക്കാരിന് എതിരഭിപ്രായമില്ലെങ്കിലും തുല്യ ഷെയർ അടയ്ക്കുന്ന കാര്യത്തിൽ സർക്കാർ വ്യക്തത വരുത്തിയിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പാണ് വ്യക്തത വരുത്തേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് 19-01-2022-

ൽ പുറപ്പെടുവിച്ച ഉത്തരവ് 10-05-2022-ൽ സർക്കാർ മരവിപ്പിക്കുകയാണുണ്ടായതെന്നും പ്രസ്തുത വിഷയത്തിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലാത്തതിനാൽ പരാമർശം നിലനിൽക്കുന്നതല്ലെന്നും സമിതി വിലയിരുത്തി.

85. 100 കോടി രൂപ കരുതൽ ശേഖരമായി മാറ്റിയാൽ സർവകലാശാലയെ സംബന്ധിച്ച് വളർച്ചയുണ്ടാകുകയേയുള്ളൂവെന്നും സർക്കാരിൽ നിന്നും തുല്യ വിഹിതം ലഭിച്ചാൽ മാത്രമേ പെൻഷൻ ഫണ്ട് രൂപീകരിക്കുകയുള്ളൂ എന്ന വാദം ശരിയല്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു

86. സർക്കാർ നിർദ്ദേശപ്രകാരം സർവകലാശാല തുക മാറ്റിവച്ചതിനാൽ അവരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ഉചിതമായ തീരുമാനമെടുക്കാത്ത സാഹചര്യത്തിൽ സർവകലാശാലയുടെ മേൽ പരാമർശമുന്നയിക്കുന്നതിൽ അർത്ഥമില്ലെന്നും സമിതി നിരീക്ഷിച്ചു

87. സർവകലാശാലകൾ പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്നുള്ളത് സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നത് മുതലുള്ള വ്യവസ്ഥയാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. പ്ലാൻ ഫണ്ടുകൾ യൂണിവേഴ്സിറ്റിക്ക് യഥാസമയം ലഭിക്കാറില്ലെന്നും നിലവിൽ ഒരു ഗഡു ലഭിക്കാനുണ്ടെന്നും മാർച്ച് മാസത്തിലെ ശമ്പളം കൊടുക്കാനുള്ള ഫണ്ട് ലഭിച്ചിട്ടില്ലെന്നും പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും 30 കോടി രൂപ ലഭിക്കേണ്ടിടത്ത് 12 കോടി രൂപ മാത്രമാണ് അനുവദിക്കുന്നതെന്നും തന്മൂലം ദൈനംദിന ചെലവുകൾക്കുള്ള തുക വർഷങ്ങളായി ലഭിക്കാറില്ലെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ അവസരത്തിൽ നടപ്പ് വർഷം നോൺ പ്ലാൻ ഇനത്തിൽ 24 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു

88. സർവകലാശാല 40 കോടി രൂപയുടെ പ്രൊപ്പോസൽ കൊടുത്തതിൽ 30 കോടി രൂപയാണ് അനുവദിച്ചതെന്നും പ്രസ്തുത തുക 4 തവണകളായി മാത്രമേ അനുവദിക്കുകയുള്ളൂവെന്നും മാർച്ചിൽ ബഡ്ജറ്റ് പാസാക്കിയെങ്കിലും 7-ാം മാസം വരെ ആദ്യ ഗഡു ലഭിച്ചില്ലെന്നും രണ്ടാം ഗഡു ജനുവരിയിലും മൂന്നാം ഗഡു ഫെബ്രുവരിയിലും അവസാന ഗഡു മാർച്ച് മാസത്തിലുമാണ് ലഭിക്കുന്നതെന്നും മാർച്ച് മാസത്തിൽ തുക ലഭിക്കുന്നതുകൊണ്ട്

പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കില്ലെന്നും കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

89. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ആദ്യ ഗഡുവിന്റെ 20 ശതമാനവും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ രണ്ടാമത്തെ ഗഡുവിന്റെ 30 ശതമാനം തുകയുമാണ് നൽകുന്നതെന്ന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

90. മുൻ വർഷത്തെ പ്ലാൻ ഫണ്ടിന്റെ ആദ്യ ഗഡു കിട്ടിയത് ജൂലൈ മാസത്തിലാണെന്ന് കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്ന് സമിതി അറിയിച്ചു.

91. മുൻ വർഷം മാർച്ചിൽ നോൺ പ്ലാൻ ഗ്രാന്റ് സർക്കാർ നൽകാത്തതിനാൽ തനത് ഫണ്ടിൽ നിന്നും 28 കോടിയോളം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചെങ്കിലും നാളിതുവരെയും ലഭ്യമായിട്ടില്ലെന്ന് കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ച അവസരത്തിൽ അവസാനത്തെ ഗഡു ഒരു യൂണിവേഴ്സിറ്റിക്കും നൽകിയിട്ടില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നല്കി.

92. മാർച്ച് മാസത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതിരുന്നാൽ തിരിച്ചടയ്ക്കണോയെന്ന സമിതിയുടെ ചോദ്യത്തിന് കഴിഞ്ഞ പ്രാവശ്യം മാർച്ച് 29-ാം തീയതി വരെ മാത്രമേ ബിൽ കൊടുക്കാൻ പാടുള്ളൂവെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും 30-ാം തീയതി ഫണ്ട് നൽകുകയും ചെയ്തുവെന്നും ടി തുക 31-ാം തീയതി Resume ചെയ്യുണമെന്നും കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

93. 30-06-2023 വരെ അപേക്ഷിക്കുന്നവർക്ക് Resumed Fund തിരികെ നൽകുന്നതാണെന്നും അത്തരത്തിൽ അപേക്ഷിച്ചവർക്കെല്ലാം തുക കൊടുത്തിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

94. സാമ്പത്തിക പ്രതിസന്ധി വന്നപ്പോൾ യൂണിവേഴ്സിറ്റികൾക്ക് മാത്രമല്ല മറ്റ് മേഖലയിലും ധനകാര്യ വകുപ്പിൽ നിന്നും ഇപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും സാമ്പത്തിക നില മെച്ചപ്പെട്ടപ്പോൾ പ്രസ്തുത തുക തിരികെ നൽകാൻ സർക്കാർ തീരുമാനിക്കുകയും ചെയ്യുവെന്നും ആയതുപ്രകാരം Resumed Fund തിരികെ ലഭിക്കുവാൻ യൂണിവേഴ്സിറ്റി അപേക്ഷ നൽകിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് Resume Fund-ന് യഥാസമയം നടപടി സ്വീകരിക്കാറുണ്ടെന്ന് കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു

95. പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ യൂണിവേഴ്സിറ്റിയെ കുറ്റപ്പെടുത്തുന്നത് ശരിയല്ലെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ച തുക സർവകലാശാലയ്ക്ക് ലഭിച്ചിട്ടില്ലെന്ന വിഷയം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാമെന്നും സമിതി തീരുമാനിച്ചു. അടുത്ത സാമ്പത്തിക വർഷം മുതൽ പ്ലാൻ ഫണ്ടിന്റെ ഗഡു ഏപ്രിൽ-മെയ് മാസത്തിൽ കിട്ടുന്ന രീതിയിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കാലിക്കറ്റ് സർവകലാശാല ഫിനാൻസ് ഓഫീസർ ബോധിപ്പിച്ചു. പ്രസ്തുത വിഷയം സൂചിപ്പിച്ച് സർക്കാരിന് കത്ത് നൽകണമെന്നും സർവകലാശാലയ്ക്ക് അനുവദിച്ച തുക കിട്ടിയിട്ടില്ലെന്ന് പറഞ്ഞത് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**96. ധനകാര്യ വകുപ്പിൽ നിന്ന് പെൻഷൻ ഫണ്ടിനത്തിൽ അനുവദിച്ച തുക സർവകലാശാലയ്ക്ക് ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്ലാൻ ഫണ്ടിന്റെ ഗഡു ഏപ്രിൽ-മെയ് മാസത്തിൽ കിട്ടുന്ന രീതിയിൽ ക്രമീകരിക്കുന്നതിനായി ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

**യു.ജി.സി. പ്ലാൻ ഗ്രാന്റിനത്തിൽ 2017-2018 സാമ്പത്തിക വർഷത്തിൽ നീക്കിയിരിപ്പ് വന്ന 2,48,60,269/- രൂപ ചെലവഴിക്കാതെ തിരിച്ചടച്ചു**

[കാലിക്കറ്റ് സർവകലാശാല ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക 3.16]

എഡ്യൂക്കേഷൻ മൾട്ടിമീഡിയ റിസേർച്ച് സെന്റർ (EMMRC) എന്ന സ്ഥാപനത്തിന് യു.ജി.സി. പ്ലാൻ ഗ്രാന്റിനത്തിൽ 2014-15 വർഷത്തിൽ 2,62,57,000/- രൂപ എഫ്.11-2/97(എം.സി) നമ്പർ അനുമതിപത്രപ്രകാരം ലഭിക്കുകയും, ആയത് 09.09.2015-ൽ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസറുടെ പേരിലുള്ള 0825201001109 നമ്പർ തിരൂരങ്ങാടി കാനറ ബാങ്ക് ശാഖയിൽ വരവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2,50,00,000/- രൂപ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസറുടെ പേരിലുള്ള എസ്.ബി.ടി. അക്കൗണ്ടിൽ സ്ഥിരനിക്ഷേപം ചെയ്യാനും (എഫ്.ഡി നം. 67338040793), ബാക്കി തുകയായ 12,57,000/- രൂപ 2014-15 വർഷത്തിൽ ഇ.എം.എം.ആർ.സി.യ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് Part II A 47-3005-02(Equipment) എന്ന ഹെഡിലേക്ക് മാറ്റാനും 19.05.2015 ലെ യു. ഒ. നം.9482/2015/Admn നമ്പർ പ്രകാരം വൈസ് ചാൻസലർ ഉത്തരവായി.

2013-14 മുതൽ 2017-18 വർഷം വരെയുള്ള യു.ജി.സി. പ്ലാൻ ഗ്രാന്റിന്റെ വരവ് - ചെലവ് കണക്ക് താഴെക്കൊടുക്കുന്നു.

| സാമ്പത്തിക വർഷം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 2013-14 | | | 37,38,709 |
| 2014-15 | 2,62,57,000 | 14,59,220 | 2,85,36,489 |
| 2015-16 | | 14,02,920 | 2,71,33,569 |
| 2016-17 | | 22,19,723 | 2,49,13,846 |
| 2017-18 | | 53,577 | 2,48,60,269 |

2017-18 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പായ 2,48,60,269/- രൂപ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്നു.

- ഉപകരണങ്ങൾ വാങ്ങൽ - part II A 47-3005-02(Equipment) - വകയിരുത്തിയ തുക - 2,47,43,672/-
- എഡ്യൂക്കേഷൻ മൾട്ടീമീഡിയ റിസേർച്ച് സെന്ററിന് (EMMRC) അനുബന്ധ കെട്ടിടനിർമ്മാണം - വകയിരുത്തിയ തുക -1,16,597/-

ഇതിൽ ഒന്നാമത്തെ പ്രവർത്തിയായ "supply, installation, testing and commissioning (SITC) of storage and Automation of HD work flow" എന്ന പ്രവൃത്തിക്കായി 09.09.2017 ൽ ടെണ്ടർ ക്ഷണിക്കുകയും 32,76,992/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് 2017 സെപ്തംബർ 20 ൽ സാമ്പത്തികാനുമതി ലഭിക്കുകയും 2017 ഒക്ടോബറിൽ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

30.9.2017 തീയതിയിൽ പ്ലാൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക യു.ജി.സി.യുടെ 8627101002122 നമ്പർ കാനറ ബാങ്ക് അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ യു.ജി.സി. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16.03.2019 ലെ സിൻഡിക്കേറ്റ് മീറ്റിംഗിൽ ഐറ്റം നമ്പർ 2019.2727 ആയി മേൽ വിഷയം പരിഗണിക്കുകയും, 04.02.2019 ലെ യു.ഒ.നം. 1771/2019/Admn നമ്പർ യൂണിവേഴ്സിറ്റി ഉത്തരവിൽ യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസറുടെ പേരിലുള്ള എസ്.ബി.ടി. അക്കൗണ്ടിലെ സ്ഥിരനിക്ഷേപം തുകയായ 2,50,00,000/- രൂപയും (എഫ്.ഡി. നമ്പർ 67338040793/18.12.2017 തീയതിയിൽ ക്ലോസ് ചെയ്ത് പലിശയിനത്തിൽ ലഭിച്ച 27,63,557/- രൂപയും ഉൾപ്പെടെ 2,77,63,557/- രൂപ ഫിനാൻസ് ഓഫീസറുടെ കാലിക്കറ്റ് യൂണിവേഴ്സിറ്റി എസ്.ബി.ഐ. അക്കൗണ്ട് നമ്പർ 2-ലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. 2017-18 ലെ പ്ലാൻ ഗ്രാന്റ് നീക്കിയിരിപ്പായ 2,48,60,269/- രൂപയും പലിശയിനത്തിൽ ലഭിച്ച 27,63,557/- രൂപയും ഉൾപ്പെടെ 2,76,23,826/- രൂപ യു.ജി.സി.യുടെ ന്യൂഡൽഹി ശാഖയിലെ 8627101002122 നമ്പർ കാനറ ബാങ്ക് അക്കൗണ്ടിലേക്ക് 965970/12.03.2019 നമ്പർ ചെക്ക് മുഖേന തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

2,48,60,269/- രൂപ നിശ്ചിത കാലാവധിക്കുള്ളിൽ ചെലവഴിക്കാനാകാതെ തിരിച്ചടയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 06.02.2020 ലെ EMMRC/Audit/2018 കത്തു പ്രകാരം ലഭിച്ച മറുപടി തൃപ്തികരമല്ല. സമയബന്ധിതമായി തീരുമാനങ്ങളെടുത്ത് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായതിനാലാണ് പ്ലാൻ ഗ്രാന്റ് തിരിച്ചടക്കേണ്ട സാഹചര്യം ഉണ്ടായതെന്ന് ഓഡിറ്റ് കണക്കാക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; അദ്ധ്യായം 2, ഖണ്ഡിക 2(b))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

98. പേരാമ്പ്ര മണ്ഡലത്തിലെ ചാലിക്കരയിൽ യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിനായി അഞ്ചേക്കർ സ്ഥലം സർവകലാശാലയ്ക്ക് കൈമാറിയിട്ടുണ്ടെന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളതെന്നും പ്രസ്തുത സെന്ററിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

99. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുമില്ലെന്നും പ്രസ്തുത സെന്ററിന്റെ പ്ലാൻ തയ്യാറാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് ഫയൽ കൈമാറിയിട്ടുണ്ടെന്നും ആദ്യം ചുറ്റുമതിൽ നിർമ്മിച്ചതിനുശേഷം കെട്ടിടങ്ങൾ പൂർത്തീകരിക്കണമെന്നും പ്രസ്തുത സ്ഥലത്ത് റോഡിന്റെ വിഷയം നിലനിൽക്കുന്നുണ്ടെന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഇടപെടൽ നടത്തുന്നുണ്ടെന്നും സർവകലാശാല മുൻ വർഷം ആരംഭിച്ച ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സ്റ്റഡി കോഴ്സുകളിലേയ്ക്ക് നിരവധി കുട്ടികൾ അപേക്ഷിക്കുന്നുണ്ടെന്നും 40 സീറ്റ് മാത്രമാണ് പ്രസ്തുത കോഴ്സിനായി അനുവദിച്ചിട്ടുള്ളതെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

100. സർവകലാശാല നടത്തുന്ന ചില കോഴ്സുകളിലേയ്ക്ക് ആവശ്യത്തിന് വിദ്യാർത്ഥികളെ ലഭിക്കാത്തതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നും വിദ്യാർത്ഥികൾ തുടർപഠനത്തിനായി വിദേശത്തേയ്ക്ക് പോകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ചില കോഴ്സുകളിൽ അഡ്മിഷൻ എടുക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്നും പ്ലസ്ടു പാസ്സായ കുട്ടികളടക്കം വിദേശത്തേയ്ക്ക് പോകുന്നുണ്ടെന്നും സർവകലാശാലയിൽ നിന്നും ഡിഗ്രി, പി.ജി. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് ആയി അപേക്ഷിക്കുന്നുണ്ടെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു. സർക്കാർ നാല് പുതിയ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ നടത്തുന്നുണ്ടെന്നും കമ്പ്യൂട്ടർ ഡേറ്റാ സയൻസ് പോലുള്ള പ്രോഗ്രാമുകൾക്ക് നല്ല ഡിമാന്റാണുള്ളതെന്നും അടുത്ത അക്കാദമിക് വർഷം മുതൽ ആരംഭിക്കുന്ന നാല് വർഷ ഡിഗ്രി കോഴ്സുകളുടെ സിലബസ് തയ്യാറാക്കലുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ് പുരോഗമിക്കുകയാണെന്നും അതിൽ ഏറ്റവും ആധുനിക രീതിയിലുള്ള പ്രോഗ്രാമുകളാണ് ഡിസൈൻ ചെയ്തിരിക്കുന്നതെന്നും സ്വാശ്രയ കോളേജുകളുടെ വിഷയം പുതിയ സിൻഡിക്കേറ്റുമായി ചർച്ച ചെയ്ത് മാറ്റം വരുത്തുന്നതാണെന്നും കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ വ്യക്തമാക്കി.

101. മലബാറിന്റെ പൊതുവായ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കാലിക്കറ്റ് സർവകലാശാല 1968-ൽ സ്ഥാപിതമായതെന്നും 55 വർഷത്തിനുള്ളിൽ സർവകലാശാലയ്ക്ക് വളരെയധികം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും മറ്റ് സർവകലാശാലകൾക്ക് മാതൃകയാകുന്ന രീതിയിൽ പരീക്ഷ നടത്തി 30 ദിവസത്തിനുള്ളിൽ ഫലപ്രഖ്യാപനം നടത്താനും 45 ദിവസത്തിനുള്ളിൽ റീവാല്യുവേഷൻ നടപടിക്രമം പൂർത്തിയാക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ അറിയിച്ചു. അടുത്ത അക്കാദമിക് വർഷം ഓട്ടോമാറ്റിക് എക്സാമിനേഷൻ സിസ്റ്റം നടപ്പിലാക്കാൻ സാധിക്കുന്നതാണെന്നും മറ്റ് സർവകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ 426 കോളേജുകളിലായി മൂന്ന് ലക്ഷത്തോളം വിദ്യാർത്ഥികൾ

പഠിക്കുന്നുണ്ടെന്നും 1992-ന് ശേഷം പുതിയ തസ്തികകളൊന്നും അനുവദിച്ചിട്ടില്ലെന്നും വർഷം തോറും നടത്തിയിരുന്ന പരീക്ഷ സമ്പ്രദായത്തിൽ മാറ്റം വരികയും സെമസ്റ്റർ സിസ്റ്റം നിലവിൽ വരികയും ചെയ്തതോടുകൂടി ജോലി ബാഹുല്യം വർദ്ധിച്ചെങ്കിലും സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് അതിനെയെല്ലാം മറികടക്കുന്നതെന്നും വിദ്യാർത്ഥികൾക്കുള്ള പോർട്ടൽ, ഓൺലൈൻ അഡ്മിഷൻ, ഡിജിറ്റൽ ഡോക്കുമെന്റൽ ഫയലിംഗ് സിസ്റ്റം പരീക്ഷാ ജോലി, റീവാല്യുവേഷൻ എന്നിവ സാങ്കേതികവിദ്യ ഉപയോഗിച്ച് വേഗത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും 40 ഓളം സ്റ്റാറ്റ്യൂട്ട് അമെന്റ്മെന്റ് ഗവർണ്ണറുടെ അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുന്നതുകൊണ്ടാണ് പല ഓഡിറ്റ് ഒബ്ജക്ഷനുകളും റിപ്പോർട്ട് ചെയ്യപ്പെടുന്നതെന്നും കാലാനുസൃതമായ മാറ്റങ്ങൾ സ്റ്റാറ്റ്യൂട്ടിൽ കൊണ്ടുവരണമെന്നും കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ സമിതിയെ അറിയിച്ചു

## നിഗമനങ്ങളും ശിപാർശകളും

**102. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ UGC Plan Grant ഇനത്തിൽ തുക ചെലവഴിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**103. പേരാമ്പ്ര മണ്ഡലത്തിലെ ചായിക്കര University Study Centre-ന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**104. Education Multimedia Research Centre (EMMRC) എന്ന സ്ഥാപനത്തിന് ലഭിച്ച UGC Plan Grant- ഇനത്തിൽ ലഭിച്ച തുകയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024.....ഒക്ടോബർ 7

# അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നം. | വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 32, 33, 34, 35, 36 | 32. വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയം ഗൗരവതരമാകയാൽ Directorate of University Study Centre-ഉം അതിന്റെ കീഴിലുള്ള 41 സ്റ്റഡി സെന്ററുകളും സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുവാൻ സർവകലാശാലയോട് സമിതി നിർദ്ദേശിക്കുന്നു.<br><br>33. വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ളതും സ്വകാര്യ സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന തരത്തിലുള്ളതുമായ നൂതന കോഴ്സുകൾ ആരംഭിക്കുവാനും നിലവിൽ സർവകലാശാല നടത്തുന്ന കോഴ്സുകൾ re-structuring ന് വിധേയമാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പുതിയ ഫാക്കൽറ്റിയെ നിയോഗിച്ച് ജർമ്മൻ കോഴ്സുകൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിക്കുന്നു.<br><br>34. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകൾക്ക് സ്വകാര്യ മേഖലയിലെ കോളേജുകളുമായി മത്സരിച്ച് മുന്നോട്ട് പോകാൻ സാധിക്കണമെന്നും ആയതിനാൽ സ്വാശ്രയ കോളേജുകളിലെ നിലവിലുള്ള കോഴ്സുകൾ നിയമവിധേയമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സ്വാശ്രയ സ്ഥാപനങ്ങൾ സ്റ്റാറ്റ്യൂട്ടിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമാകാത്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | | 35. സ്റ്റഡി സെന്ററുകളിലെ അധ്യാപക/ അനധ്യാപക തസ്തികകളിലേക്ക് ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരുത്തൽ വരുത്തിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.<br><br>36. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കുവാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സർവകലാശാല അധികൃതരും സർക്കാരും സംയുക്തമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സർവകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ 6.3.1 മുതൽ 6.3.11 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 2. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 42 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയിൽ കോളേജുകൾ/ കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ College Development Council കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 3. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 46 | ഓഡിറ്റ് പരാമർശത്തിലെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. കേരളത്തിലെ സർവകലാശാലകളെല്ലാം അക്കൗണ്ടിംഗിനായി ഏകീകൃത സ്വഭാവമുള്ള സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 4. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 48 | പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളിന്മേൽ വകുപ്പ് നൽകിയ മറുപടികളുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു. |
| 5. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 56 | സർവകലാശാലയുടെ കീഴിൽ പുതുതായി അഫിലിയേഷൻ നൽകുന്ന കോളേജുകളിൽ നിന്നും ഫിനാൻഷ്യൽ ഗ്യാരന്റി ഈടാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 6. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 58 | പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ നൽകുന്നു. |
| 7. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 63, 64 | 63. യു.ജി.സി. റെഗുലേഷൻസ് അനുസരിച്ച് ഭൂമിയുടെ വിസ്തൃതിയിൽ കുറവ് വരുത്തിയിട്ടുണ്ടെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി നിരീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | 64. സംസ്ഥാന സർക്കാർ ഭൂമിയുടെ അളവിൽ വ്യത്യാസം വരുത്തി പുറപ്പെടുവിച്ച ഉത്തരവുകൂടി ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ലെന്ന വിഷയം മാത്രമാണ് നിലവിൽ പരിശോധിച്ചിട്ടുള്ളതെന്നും അതിനുശേഷം വന്ന മാറ്റങ്ങളും സർക്കാർ ഉത്തരവുകളും പരിശോധിച്ച് തൃപ്തികരമെങ്കിൽ പരാമർശം ഒഴിവാക്കണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി നിർദേശിക്കുന്നു. |
| 8. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 73 | സർവകലാശാലയിൽ സർക്കാർ അനുമതിയില്ലാതെ ജീവനക്കാരെ നിയമിക്കുന്നത് ശരിയായ നടപടിയല്ലെന്നും ആയത് തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തിലെ ന്യൂനതകൾ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് എത്രയും പെട്ടെന്ന് ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് സമിതി നിർദേശിക്കുന്നു. |
| 9. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 75 | ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 81 | സർവകലാശാല ഓർഡിനൻസ്/ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാതെ യൂണിവേഴ്സിറ്റി ശമ്പളപരിഷ്കരണ ഉത്തരവ് നടപ്പാക്കിയത് പൊതുതാല്പര്യത്തിന് എതിരായ |

| | | | |
|---|---|---|---|
| | | | നടപടിയാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 05.07.2016-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ യൂണിവേഴ്സിറ്റി ബാധ്യസ്ഥരാണെന്നും അതിൽ നിന്നും വ്യതിചലിച്ച നിലപാട് സ്വീകരിച്ചത് കൊണ്ടാണ് യൂണിവേഴ്സിറ്റിക്ക് നഷ്ടം സംഭവിച്ചതെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിന്മേൽ വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദേശിക്കുന്നു. |
| 11. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 96 | ധനകാര്യ വകുപ്പിൽ നിന്ന് പെൻഷൻ ഫണ്ടിനത്തിൽ അനുവദിച്ച തുക സർവകലാശാലയ്ക്ക് ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്ലാൻ ഫണ്ടിന്റെ ഗഡു ഏപ്രിൽ-മെയ് മാസത്തിൽ കിട്ടുന്ന രീതിയിൽ ക്രമീകരിക്കുന്നതിനായി ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 12. | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 102,103, 104 | 102. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ UGC Plan Grant ഇനത്തിൽ തുക ചെലവഴിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.<br><br>103. പേരാമ്പ്ര മണ്ഡലത്തിലെ ചായിക്കര University Study Centre-ന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>104. Education Multimedia Research Centre (EMMRC) എന്ന സ്ഥാപനത്തിന് ലഭിച്ച UGC Plan Grant- ഇനത്തിൽ ലഭിച്ച തുകയുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് പരാമർശം വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം - II

## ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് സമിതി (2021-23) – സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിന്മേലുള്ള ന്യൂനത പരിഹാര നടപടി റിപ്പോർട്ട്

1 2015-16 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ക്രമ നം. | ഖണ്ഡിക | പരാമർശിത വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 6.3.1 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണവും പ്രവർത്തനവും | സംസ്ഥാന സർക്കാറുകൾക്ക് ഒരു ഭാരമാകാതെ യുക്തിസഹവും വിദ്യാർത്ഥി സമൂഹത്തിന് താങ്ങാവുന്നതുമായ നിരക്കിൽ ഫീസ് ഈടാക്കി ഗുണപരമായ വിദ്യാഭ്യാസം നല്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സ്വാശ്രയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നില്കുന്ന വിദ്യാർത്ഥികൾക്ക് റഗുലർ സ്കീമിൽ അവസരങ്ങൾ പരിമിതമായത് കൊണ്ട് 'no profit no loss' തത്ത്വം അടിസ്ഥാനമാക്കിയാണ് സ്വാശ്രയ കോഴ്സുകൾ നടത്തപ്പെടുന്നത്. സ്വാശ്രയ കോഴ്സ് നടത്തിപ്പിനായി സർവകലാശാലയിൽ നിന്നും work arrangement അടിസ്ഥാനത്തിൽ സെന്ററുകളിൽ നിയമിതരായ അധ്യാപകേതര സ്ഥിരം ജീവനക്കാർ ഉൾപ്പെടെ അധ്യാപക അനധ്യാപക ജീവനക്കാരുടെ ശമ്പളം വകയിലുള്ള ചെലവ് ഉൾപ്പെടെ എല്ലാ ചിലവുകളും വകയിരുത്തുന്നത് ഈ കോഴ്സുകളിൽ നിന്നും ഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ്. |
| 2 | 6.3.2 | ഡയറക്ടറേറ്റ് ഓഫ് സെൽഫ് ഫൈനാൻസിന് സ്റ്റാറ്റ്യൂട്ടറി പദവി നൽകിയിട്ടില്ല. | 29.07.2013 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം, ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സ് (ഡി.യു.എസ്.സി.) ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി ആയി പ്രവർത്തിക്കുന്നതിന് ഡയറക്ടർ പോസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനായി വിശദമായ പ്രൊപോസൽ സെനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ 29.03.2014 തിയ്യതിയിൽ ചേർന്ന സെനറ്റ് ഡി.യു.എസ്.സി. ഒരു statutory body ആയി പ്രവർത്തിക്കുന്നതിന് കാലിക്കറ്റ് സർവകലാശാല ഒന്നാം സ്റ്റാറ്റ്യൂട്ട് 1977 ഭേദഗതി ചെയ്തു കൊണ്ട് ഡയറക്ടർ തസ്തിക ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കുകയും, ഡയറക്ടർ ഭേദഗതിക്ക് ഗവർണറുടെ അനുമതി ആവശ്യമായതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | 6.3.3 | പുതിയ 24 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല | 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം 7 സ്റ്റഡി സെന്ററുകൾ മാത്രമാണ് കാലിക്കറ്റ് സർവകലാശാല ഒന്നാം സ്റ്റാറ്റ്യൂട്ട് 1977 ചാപ്റ്റർ 44 ഉൾപ്പെടുത്തിയിട്ടുള്ളത് . ഡി യു എസ് സിയുടെ കീഴിലുള്ള എല്ലാ സ്വാശ്രയ സ്ഥാപനങ്ങളും ഉൾപ്പെടുത്തി 41 സ്റ്റഡി സെന്ററുകൾ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണ്. |
| 4 | 6.3.4 | സ്റ്റഡി സെന്ററുകൾ നടത്തുന്നതിന് NCTE, AICTE പാരാമെഡിക്കൽ കൗൺസിൽ എന്നിവയുടെ അംഗീകാരം | 27.10.2021 ന് പതിനൊന്ന് ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളുടെയും അംഗീകാരം റദ്ദ് ചെയ്തുകൊണ്ട് എൻ സി ടി യുടെ സൗത്തേൺ റീജിയണൽ കമ്മിറ്റി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനെതിരെ അപ്പീൽ സമർപ്പിച്ചെങ്കിലും അപ്പീൽ തള്ളിക്കളഞ്ഞു. ശേഷം യൂണിവേഴ്സിറ്റി ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും 09.09.2022 ന് അനുകൂല വിധി ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിധി പ്രകാരം അധ്യയന വർഷം |

| | | | |
|---|---|---|---|
| | | നേടിയിട്ടില്ല. | അവസാനം വരെ സെന്ററുകൾക്ക് പ്രവർത്തിക്കാൻ അനുമതിയുണ്ട് കോടതി വിധിക്ക് ശേഷം സെന്ററുകളുടെ അംഗീകാരം സംബന്ധിച്ച് തുടർ ഉത്തരവുകളൊന്നും എൻ സി ടി യിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.<br><br>കാലിക്കറ്റ് സർവകലാശാല നേരിട്ട് നടത്തുന്ന സെൽഫ് ഫിനാൻസിങ് സ്ഥാപനങ്ങളാണ് സെന്റർ ഫോർ ഹെൽത്ത് സയൻസും (CHSc), സ്കൂൾ ഓഫ് ഹെൽത്ത് സയൻസും (SHSc). സെന്റർ ഫോർ ഹെൽത്ത് സയൻസിൽ 1996 മുതൽ നടത്തിവരുന്ന പാരാമെഡിക്കൽ കോഴ്സുകളാണ് B.Sc. MEDICAL BIOCHEMISTRY, B.Sc. MEDICAL MICROBIOLOGY, B.Sc. MEDICAL LABORATORY TECHNOLOGY എന്നിവ. ഈ കോഴ്സുകളിൽ ഉപരി പഠനം സാധ്യമാക്കുന്നതിലേക്കായി 2000 മുതൽ സ്കൂൾ ഓഫ് ഹെൽത്ത് സയൻസിൽ ഇവയുടെ പി.ജി കോഴ്സുകളും ആരംഭിച്ചു. എന്നാൽ കേരള ആരോഗ്യ സർവകലാശാല ആക്ട് 2010 (സെക്ഷൻ 50(1)) പ്രകാരം കേരള ആരോഗ്യ സർവകലാശാല ഡീംഡ് സർവ്വകലാശാലകൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള സർവകലാശാലകളിൽ പാരാമെഡിക്കൽ കോഴ്സുകൾ നടത്താൻ പാടില്ല എന്നും 2017 ന ശേഷം കേരളത്തിലെ മറ്റ് സർവകലാശാലകളിൽ ഹെൽത്ത് സയൻസ് കോഴ്സുകളിൽ ചേർന്നവർക്ക് യോഗ്യത സർട്ടിഫിക്കറ്റും 2009 ന ശേഷം ചേർന്നവർക്ക് തുല്യത സർട്ടിഫിക്കറ്റും നൽകുകയില്ല എന്നും കേരള ആരോഗ്യ സർവകലാശാല അറിയിച്ചിട്ടുണ്ട്. (കത്ത് നമ്പർ 57/AC.I/Gen.B1/2017 kuhs dated 10.01.2017). ആയത് കൊണ്ട് CHSc യിലും SHSc യിലും 2017 മുതൽ പാരാമെഡിക്കൽ കോഴ്സുകളിലേക്ക് അഡ്മിഷൻ നടത്തിയിട്ടില്ല.<br><br>DUSC ക്ക് കീഴിൽ നടത്തപ്പെടുന്ന MBA, MCA പ്രോഗ്രാമുകളുടെ അംഗീകാരം സംബന്ധമായി AICTE കർക്കശ നിലപാട് സ്വീകരിച്ചിട്ടില്ലെങ്കിലും ഈ കോഴ്സുകൾക്ക് മികച്ച അടിസ്ഥാന സൗകര്യങ്ങളും (infrastructure facility) അക്കാദമിക പിന്തുണയും നല്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. B.PEd കോഴ്സുകൾക്ക് NCTE അംഗീകാരം ലഭിക്കുന്നതിനായി ബഹു കേരള ഹൈ കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ നിലവിലുണ്ട് ആയതിൽ NCTE യോട് അംഗീകാരവുമായി ബന്ധപ്പെട്ട വിഷയം പുനരാരംഭിക്കാനും എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള സമയം നൽകുവാനും കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ ഉത്തരവ് ഉണ്ടായിട്ടും NCTE അതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും കൈകൊള്ളാത്തതിനാൽ കോടതി അലക്ഷ്യം ബഹുകേരളം ഹൈക്കോടതിയിൽ നല്കിയിട്ടുള്ളതുമാണ്. കൂടാതെ പരാമർശത്തിൽ സൂചിപ്പിച്ചതായ എല്ലാ അപാകതകളും പരിഹരിച്ചിട്ടുണ്ട്.<br><br>സർവകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സി.സി.എസ്.ഐ.ടി. സെന്ററുകളിൽ എം.സി.എ കോഴ്സ് ഉൾപ്പെടെ വിവിധ കമ്പ്യൂട്ടർ സയൻസ് കോഴ്സുകൾ നടത്തി വരുന്നുണ്ട്. ഈ സെന്ററുകൾക്ക് എ.ഐ.സി.ടി.ഇ. അംഗീകാരം നേടുന്നതിനായി സെന്ററുകളിലെ ലാബ്, ഓഫീസ് ആവശ്യങ്ങൾക്കായി പുതിയതായി കമ്പ്യൂട്ടറുകളും പ്രിന്ററുകളും പ്രൊജക്ടറുകളും |

| | | | |
|---|---|---|---|
| | | | യു.പി.എസുകളും വാങ്ങിയിട്ടുണ്ട്. എല്ലാ സെന്ററുകളിലും ലാപ്ടോപ്പുകൾ, ഡെസ്ക് ടോപ് കംപ്യൂട്ടറുകൾ , പ്രോജെക്റ്ററുകൾ, മൾട്ടി ഫങ്ക്ഷൻ പ്രിന്ററുകൾ എന്നിവ അടിയന്തിരമായി അനുവദിച്ചു കൊടുത്തിട്ടുണ്ട്. സെന്ററുകളിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി യോഗ്യരായ അധ്യാപകരെ നിയമിച്ചിട്ടുണ്ട്. മികച്ച അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്ത സെന്ററുകൾക്ക് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 5 | 6.3.5 | സ്വന്തമായി ഭൂമിയും കെട്ടിട സൗകര്യങ്ങളുമില്ല | സംസ്ഥാന സർക്കാറുകൾക്ക് ഒരു ഭാരമാകാതെ യുക്തിസഹവും വിദ്യാർഥി സമൂഹത്തിന് താങ്ങാവുന്നതുമായ നിരക്കിൽ ഫീസ് ഈടാക്കി ഗുണപരമായ വിദ്യാഭ്യാസം നല്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സ്വാശ്രയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നില്കുന്ന വിദ്യാർഥികൾക്ക് റഗുലർ സ്കീമിൽ അവസരങ്ങൾ പരിമിതമായത്കൊണ്ട് 'no profit no loss' തത്ത്വം അടിസ്ഥാനമാക്കിയാണ് സ്വാശ്രയ കോഴ്സുകൾ നടത്തപ്പെടുന്നത്. സ്വാശ്രയ കോഴ്സ് നടത്തിപ്പിന്നായി സർവകലാശാലയിൽ നിന്നും work arrangement അടിസ്ഥാനത്തിൽ സെന്ററുകളിൽ നിയമിതരായ അധ്യാപകേതര സ്ഥിരം ജീവനക്കാർ ഉൾപ്പെടെ അധ്യാപക അനധ്യാപക ജീവനക്കാരുടെ ശമ്പളം വകയിലുള്ള ചെലവ് ഉൾപ്പെടെ എല്ലാ ചിലവുകളും വകയിരുത്തുന്നത് ഈ കോഴ്സുകളിൽ നിന്നും ഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ്. ഈ സെന്ററുകളിൽ വർക്ക് ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം സമയാസമയങ്ങളിൽ പുനക്രമീകരിക്കുന്നുണ്ട്. ഉയർന്ന യോഗ്യതയും അനുഭവസമ്പത്തുമുള്ള അധ്യാപകരുടെ സേവനം ഉറപ്പു വരുത്തുന്നതിന് വേണ്ടി NCTE, AICTE പോലുള്ള ഉയർന്ന ബോഡികൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. സ്വാശ്രയ സെന്ററുകളിൽ നിന്നും ലഭിക്കുന്ന വരുമാനം മുഴുവനായും ചിലവുകൾക്കായി വിനിയോഗിക്കുന്നത് കൊണ്ട് സ്വാശ്രയ കോഴ്സുകൾ നടത്തുന്നതിനായി സർവകലാശാലക്ക് സ്വന്തമായി ബിൽഡിംഗ് നിർമിക്കുന്നതിനുള്ള സാധ്യതകൾ ആരായാനുള്ള അവസ്ഥയിലല്ല. അതെ സമയം, M.P/M.L.A ഫണ്ടോ അല്ലെങ്കിൽ മറ്റ് ബാഹ്യ ഏജൻസികളുടെ ഫണ്ടോ ഉപയോഗിച്ച് സ്വന്തമായി സ്ഥലം വാങ്ങി ബിൽഡിംഗ് നിർമിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ച് വരുന്നു. സ്വാശ്രയ സ്ഥാപനങ്ങൾക്ക് സ്വന്തമായി സ്ഥലവും, ബിൽഡിങ്ങും സ്വായത്തമാക്കുന്നതിനും പഠിതാക്കൾക്ക് ഹോസ്റ്റൽ നിർമിക്കുന്നതിനും വേണ്ടി ഇവിടെ നിന്നും ലഭിക്കുന്ന അധിക വരുമാനം ഫലവത്തായി ഉപയോഗിക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. നിലവിൽ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു . **അനുബന്ധം – 1** |
| 6 | 6.3.6 | കമ്പ്യൂട്ടർ ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ | വിവിധ സ്വാശ്രയ സെന്ററുകളിലെ കമ്പ്യൂട്ടർ ലാബുകളിൽ അടിസ്ഥാന സൗകര്യങ്ങളിലെ പോരായ്മകൾ അതാത് സമയങ്ങളിൽ സർവകലാശാലക്ക് റിപ്പോർട്ട് ചെയ്ത് |

<table>
<tr><td></td><td></td><td>അപര്യാപ്തം</td><td>പരിഹരിക്കുവാനും കമ്പ്യൂട്ടർ ലാബുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ അതാത് സമയങ്ങളിൽ നടത്തുവാനും ബന്ധപ്പെട്ട സെന്ററുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. സെന്ററുകളിലെ ലഭ്യമായ കംപ്യൂട്ടറുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു . അനുബന്ധം – 2</td></tr>
<tr><td>7</td><td>6.3.7</td><td>അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച</td><td>വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കി യാതൊരുവിധ ഇതര സഹായങ്ങളും ഇല്ലാതെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ലഭ്യമാക്കികൊണ്ട് പ്രവർത്തിക്കാൻ സർവകലാശാല എല്ലാ ശ്രമങ്ങളും എടുക്കുന്നുണ്ട്. സ്വാശ്രയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നിശ്ചിതഭാഗം അതാത് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഉപയോഗിക്കുന്നത് പരിശോധിച്ച് വേണ്ട നടപടികൾ എത്രയും വേഗം കൈകൊള്ളുന്നതാണ്.</td></tr>
<tr><td>8</td><td>6.3.8</td><td>പുതുക്കാട് C.C.S.I.T ൽ വിദ്യാർത്ഥികൾ കുറഞ്ഞു വരുന്നു.</td><td>സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, പുതുക്കാട് 2002 ൽ പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള രണ്ടു നില കെട്ടിടത്തിൽ (12/208) പ്രവർത്തിക്കുന്ന സെൻററിൽ 2002 മുതൽ എം. സി. എ. കോഴ്സും 2021 മുതൽ ബി. എസ. സി.(ഐ. ടി.) കോഴ്സും ആരംഭിച്ചു. മേൽ സൂചിപ്പിച്ച പരിമിതികൾ ഉണ്ടായിരുന്നെങ്കിലും പലതും പരിഹരിക്കപ്പെടുകയും നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.<br><br>വിവിധ വർഷങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.
<table>
<tr><th>നമ്പർ</th><th>വർഷം</th><th>എം.സി.എ</th><th>ബി.എസ്.സി(ഐ.ടി)</th></tr>
<tr><td>1</td><td>2020-21</td><td>08</td><td></td></tr>
<tr><td>2</td><td>2021-22</td><td></td><td>21</td></tr>
<tr><td>3</td><td>2022-23</td><td>14</td><td>13</td></tr>
</table>
ജില്ലാ പഞ്ചായത്ത് നിലവിൽ കെട്ടിടത്തിൻറെ വാടക ഈടാക്കുന്നില്ല . പകരം അറ്റകുറ്റപ്പണികൾക്കായി പ്രതിമാസം 2500/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇപ്പോൾ കെട്ടിടത്തിൻറെ നവീകരണത്തിനായി ഏഴു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കൊണ്ട് മൂന്നാമത്തെ ഒരു നില കൂടി നിർമിക്കുവാൻ സാധിക്കുന്നതാണ്. ജലക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി കണക്ഷൻ ലഭ്യമാക്കിയിരിക്കുന്നു.<br><br>ലബോറട്ടറിയിൽ 07 പുതിയ കംപ്യൂട്ടറുകളും ഓഫീസിൽ ഒരു കമ്പ്യൂട്ടറും പുതിയതായി ലഭ്യമായി. ഒരു മൾട്ടി ഫങ്ക്ഷൻ പ്രിന്ററിനു കൂടി ഓർഡർ കൊടുത്തിട്ടുണ്ട് പുതിയതായി 10 കമ്പ്യൂട്ടർ ടേബിൾ, 3 ഓഫീസ് ടേബിൾ, 2 അലമാരകൾ എന്നിവ ലഭ്യമായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കൂടുതൽ വിദ്യാർത്ഥികളെയും ആകർഷിക്കുവാൻ കഴിഞ്ഞു. വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻ വർഷത്തിനേക്കാൾ വർധനവാണ് ഉണ്ടായിട്ടുള്ളത്.<br>വിദ്യാർത്ഥികൾക്കുള്ള ഫർണീച്ചറുകളുടെയും ബാക്കി അടിസ്ഥാന പരമായ ആവശ്യങ്ങൾ എന്നിവയുടെ കാര്യത്തിൽ പി ടി എ, വ്യാപാരി വ്യവസായി ഏകോപന സമിതി, പുതുക്കാട് , വിവിധ സംഘടനകൾ , ക്ലബ്ബുകൾ, സി സി ഐ ടി പുതുക്കാട് സംരക്ഷണസമിതി എന്നിവർ സഹായങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. കൂടാതെ സ്ഥലം എം എൽ എയുടെയും</td></tr>
</table>

| | | | |
|---|---|---|---|
| | | | ജില്ലാ പഞ്ചായത്തിന്റെയും പിന്തുണ സ്ഥാപനത്തിന്റെ ഉന്നമനത്തിനായി ലഭ്യമാകുന്നുണ്ട്. |
| 9 | 6.3.9 | C.C.S.I.T പുല്ലൂറ്റ് - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത - വിദ്യാർത്ഥികൾ കുറയുന്നു. | സി.സി.എസ്.ഐ.ടി, പുല്ലൂറ്റ് (കൊടുങ്ങല്ലൂർ) കെ.കെ.ടി.എം.ഗവ.കോളേജിന്റെ ഒരു പഴയ കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഈ കെട്ടിടത്തിന്റെ ശോചനീയ അവസ്ഥ പരിഗണിച്ചുകൊണ്ട് സർവകലാശാല ചേരമാൻ മാലിക് മൻസിൽ ഓർഫനേജ് കെട്ടിടത്തിന്റെ 5640 സ്ക്വയർ ഫീറ്റ് സ്ഥലം 01.08.2022 മുതൽ വാടകയ്ക്ക് എടുക്കുകയും,സി.സി.എസ്.ഐ.ടി പുല്ലൂറ്റ് കേന്ദ്രം പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കമ്പ്യൂട്ടർ ലാബിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി കംപ്യൂട്ടറുകളും മറ്റനുബന്ധ ഉപകരണങ്ങളും സ്ഥാപനത്തിന്റെ ആവശ്യപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ സി.സി.എസ്.ഐ.ടി, പുല്ലൂറ്റ് (കൊടുങ്ങല്ലൂർ) നിലവിൽ എല്ലാവിധ സൗകര്യങ്ങളുമുള്ള മികച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| 10 | 6.3.10 | U.T.E.C ചക്കിട്ടപ്പാറ - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിൽ വീഴ്ചകൾ | 1. പഞ്ചായത്ത് തങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി മതില് പണിയുന്നതിന് താൽപര്യം പ്രകടിപ്പിച്ചെങ്കിലും സെൽഫ് ഫിനാൻസിംഗ് സെന്റർ ആയതിനാൽ നടപ്പായിട്ടില്ല.<br><br>2. occupancy certificate പഞ്ചായത്തിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .<br><br>3. കളിസ്ഥലം സംരക്ഷിച്ചു നിർത്തിയതിനാൽ സെന്ററിൽ നിന്നും നേരിട്ട് കളിസ്ഥലത്തേക്ക് പ്രവേശിക്കാൻ സാധിക്കുന്നില്ല എന്ന ബുദ്ധിമുട്ട് ഉണ്ടെങ്കിലും സെന്ററിലെ ബി.പി.എഡ് വിദ്യാർത്ഥികൾക്ക് അവരുടെ പ്രാക്ടീസ്, അനുബന്ധ പ്രാക്ടിക്കൽസ് എന്നിവ ടി കളിസ്ഥലത്തു തന്നെയാണ് ചെയ്യുന്നത്. കൂടാതെ ബി.എഡ് വിദ്യാർത്ഥികൾക്ക് ഫിസിക്കൽ എഡ്യുക്കേഷൻ പേപ്പറിന്റെ ഭാഗമായി നടത്തുന്ന സ്പോർട്സ് ഡേ പ്രസ്തുത ഗ്രൌണ്ടിൽ വച്ചാണ് നടത്താറുള്ളത്.<br>4. നിലവിൽ കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ളോറിൽ നിന്നും മുകൾ നിലയിലേക്കുള്ള ഗോവണിയിലേക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നതിനായും ഓഫീസിന്റേയും ജീവനക്കാരുടേയും സുരക്ഷ ഉറപ്പ് വരുത്തുന്നതിനായും ഗ്രിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>5. കെട്ടിടത്തിൽ മൂന്നാം നിലയുടെ വർക്ക് പുരോഗമിക്കുന്നതിനാൽ രണ്ടാം നിലയിലെ വെള്ളം ലീക്ക് ചെയ്യുന്നത് ഒഴിവായിട്ടുണ്ട്.<br><br>6. കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ളോറിൽ ഗ്രിൽ വച്ചതിനാൽ മെയിൻ സ്വിച്ച് ഫേസ് ചെയ്ഞ്ച് ചെയ്യുന്ന സ്വിച്ചുകൾ എന്നിവ സംരക്ഷിക്കുന്നുണ്ട്. കൂടാതെ വയറിംഗിലെ അപാകതകൾ യൂണിവേഴ്സിറ്റി ഇലക്ട്രിക് എഞ്ചിനീയറിംഗ് വിഭാഗം പരിഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 11 | 6.3.11 | U.T.E.C സുൽത്താൻ ബത്തേരി - N.C.T.E, നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ | കെട്ടിട സൗകര്യം സംബന്ധിച്ച് NCTE നിഷ്കർഷിക്കുന്ന മാനദണ്ഡ പ്രകാരമുള്ള കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്. വൈദ്യുതവത്ക്കരണ ജോലികൾ മാത്രമാണ് പൂർത്തിയാക്കാനുള്ളത്.<br><br>അദ്ധ്യാപകരെ സമയാസമയങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. 3 പാർട് ടൈം അദ്ധ്യാപകർ ഉൾപ്പെടെ 11 അദ്ധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു. (പ്രിൻസിപ്പാൾ, അദ്ധ്യാപകർ- 7 (കരാർ അടിസ്ഥാനത്തിൽ), പാർട് ടൈം അദ്ധ്യാപകർ - 3).<br><br>നിലവിൽ കോളേജിന്റെ Build up area - 1658.94 m2 യും Floor are 1602.63 m2 യും ആണ്. അതായത് NCTR നിഷ്കർഷിച്ച മാനദണ്ഡപ്രകാരം 1500 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തേക്കാൾ കെട്ടിട സൗകര്യം ഉണ്ട്.<br>നിലവിലെ മുറികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>1. ക്ലാസ്സ് മുറികൾ - 5 (option 5)<br>2. സെമിനാർ ഹാൾ - 1<br>3. മൾട്ടി പർപ്പസ് ഹാൾ-1<br>4. ലൈബ്രറി - 1<br>5. സ്റ്റോർ റൂം - 1<br>6. വിസിറ്റിംഗ് റൂം - 1<br>7. സയൻസ് ലാബ്-1<br>8. സൈക്കോളജി ലാബ്-1<br>9. ICT റിസോഴ്സ് റൂം - 1<br>10. കരിക്കുലം ലാബ് - 1<br>11. ആർട്ട് & ക്രാഫ്റ്റ്സ് റൂം - 1<br>12. ഫിസിക്കൽ എഡ്യുക്കേഷൻ റൂം - 1<br>13. ലേഡീസ് റൂം -1<br>14. കോമൺ റൂം ഫോർ Boys - 1<br>15. പ്രിൻസിപ്പാൾ റൂം - 1<br>16. ഓഫീസ് റൂം - 1<br>17. സ്റ്റാഫ് റൂം - 1 |
| 12 | 6.3.12 | ശുപാർശകൾ | ശുപാർശകളിൽ എല്ലാം അടിയന്തിരമായി തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| 13 | 6.4.1 | അപേക്ഷകൾ സമർപ്പിക്കുന്നതും അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതും നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. | പുതിയ കോളേജുകൾ / കോഴ്സുകൾ ആരംഭിക്കുന്നതിന് എഡ്യുക്കേഷൻ ഏജൻസികൾ സമർപ്പിക്കുന്ന അപേക്ഷകളുടെയും തുടർ നടപടികളുടെയും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. |
| 14 | 6.4.2 | പ്രോവിഷണൽ | തുടർ അഫിലിയേഷന് അപേക്ഷിക്കുന്നതിനുള്ള സമയക്രമം |

| | | | |
|---|---|---|---|
| | | അഫിലിയേഷൻപുതുക്കുന്നത് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല | പരിഷ്കരിച്ചിട്ടുണ്ട്. അപേക്ഷിക്കുന്നതിനുള്ള അവസാന തിയ്യതി എല്ലാ വർഷവും ഡിസംബർ 31 ഉം ഫൈൻ /സൂപ്പർ ഫൈനോടുകൂടി ജനുവരി 15 ഉം ആയും നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം എല്ലാ അഫിലിയേറ്റഡ് കോളേജുകളും ഇപ്പോൾ തുടർ അഫിലിയേഷനുള്ള അപേക്ഷകൾ നൽകി വരുന്നുണ്ട്. പരിശോധന ആവശ്യമുള്ള പ്രോഗ്രാമുകൾക്കു പരിശോധന നടത്തുന്നതിനായി ബന്ധപ്പെട്ട വിഷയ വിദഗ്ദ്ധനെ നിയമിക്കുകയും 30 ദിവസത്തിനകം ലഭിക്കുന്ന അവരുടെ ശുപാർശയിന്മേൽ ആ പ്രോഗ്രാമുകൾക്കു തുടർ അഫിലിയേഷൻ അനുവദിക്കാറുമുണ്ട്. അഫിലിയേഷനുമായി ബന്ധപ്പെട്ട ഫീസുകൾ പൂർണമായും അടവാക്കിയതിനു ശേഷം മാത്രമാണ് ഇത് സംബന്ധിച്ച ഉത്തരവുകൾ കോളേജുകൾക്ക് കൈമാറി വരുന്നത്. എല്ലാ കോളേജുകളും എല്ലാ വർഷവും തുടർ അഫിലിയേഷൻ എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നുണ്ട്. |
| 15 | 6.4.3 | ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല | പുതിയ കോളേജുകൾ, കോഴ്സുകൾ ആരംഭിക്കൽ, സ്ഥിരം സീറ്റ് വർദ്ധനവ് എന്നിവയുള്ള അപേക്ഷകളിന്മേൽ ആവശ്യമായ പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്തതിനു ശേഷം തുടർ നടപടികൾക്കായി ജില്ലാടിസ്ഥാനത്തിൽ മറ്റ് സെക്ഷനുകളിലേയ്ക്ക് കൈമാറുന്ന രീതി, ഓരോ അപേക്ഷയിലെയും തുടർ നടപടികളുടെ സ്റ്റാറ്റസ് അറിയുന്നതിന് വിഘാതമാകുന്നുണ്ട് എന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരുന്നു, ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സർക്കാരിലേക്ക് ശുപാർശ ചെയ്തതിനു ശേഷം സർക്കാരിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭിക്കുന്ന മുറയ്ക്ക് അഫിലിയേഷൻ നൽകുന്നത് വരെയുള്ള പ്രക്രിയ ഒരേ സെക്ഷന്റെ ചുമതലയിലാക്കിയിട്ടുണ്ട്. രേഖകൾ അതെ സെക്ഷനിൽ തന്നെ സൂക്ഷിക്കുകയും ചെയ്യുന്നു ഇതിന് രേഖകൾ അതേ സെക്ഷനിൽതന്നെ സൂക്ഷിക്കുകയും ചെയ്യുന്നു. ഫയൽ സൂക്ഷിപ്പ് മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് വിഭാഗത്തിന്റെ മറ്റ് നിർദ്ദേശങ്ങളും നടപ്പാക്കിയിട്ടുണ്ട്. |
| 16 | 6.4.4 | വരവിനങ്ങളുടെ കണക്കു കൃത്യമായി സൂക്ഷിക്കുന്നില്ല. ഡി സി. ബി തയ്യാറാക്കുന്നില്ല | ഡി സി ബി തയ്യാറക്കുന്നതുമായി ബന്ധപ്പെട്ട ഓരോ സീറ്റുകളിലും കൈകാര്യം ചെയ്യപ്പെടുന്ന കോളേജുകളുടെ കളക്ഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. കോളേജുകൾ അടവാക്കുന്ന ചലാനുകൾ യഥാസമയം കളക്ഷൻ രജിസ്റ്ററിൽ ചലാൻ നമ്പർ, അടവാക്കിയ തുക, തിയ്യതി എന്ന രീതിയിൽ രേഖപ്പെടുത്താറുണ്ട്. കൂടാതെ ഓരോ സെക്ഷനുകളിലും കൈകാര്യം ചെയ്യുന്ന കോളേജുകളുടെ പേരും ഓരോ കോളേജിൽ നിന്നും വിവിധ ഇനങ്ങളിൽ ലഭ്യമാക്കേണ്ട ഫീസുകളും അവയിൽ ലഭ്യമായിട്ടുള്ള തുകകളും ബാക്കി പിരിച്ചെടുക്കേണ്ട തുകയും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് എക്സെൽ ഫോർമാറ്റിൽ തയ്യാറാക്കി സൂക്ഷിക്കുന്നുമുണ്ട്. അഫിലിയേഷൻ സംബന്ധിച്ച കോളേജുകളിൽ നിന്നും അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫീസുകൾ ഉണ്ടെന്നു പരിശോധിച്ചു ഉറപ്പുവരുത്താറുണ്ട്, കുടിശ്ശിക ഇനത്തിൽ വരുന്ന തുകകൾ യഥാസമയം തന്നെ അടവാക്കുന്നതിനു കോളേജുകൾക്ക് നിർദ്ദേശം നൽകാറുമുണ്ട്. ആയതുകൊണ്ട് തന്നെ പ്രവർത്തനം നിർത്തിയതോ, അഫിലിയേഷൻ സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ ഉള്ളതോ ആയ കോളേജുകളിൽ നിന്നല്ലാതെ കുടിശ്ശികകൾ ഒന്നും തന്നെ ലഭ്യമാക്കാൻ ഇല്ലെന്ന കാര്യം ഓഡിറ്റിനെ അറിയിക്കുന്നു. |
| 17 | 6.4.5 | സ്റ്റാറ്റ്യൂട്ട് നിബന്ധനകളെ | പുതിയ കോളേജുകൾ/കോഴ്സുകൾ ആരംഭിക്കുന്നതിനു അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ഹാജരാക്കേണ്ട |

| | | | |
|---|---|---|---|
| | | ക്കറിച്ചുള്ള അജ്ഞത, അപേക്ഷകളിൽ വ്യാപകമായി തെറ്റ് വരുന്നു | രേഖകൾ, സ്ഥിരം സീറ്റ് വർദ്ധനവിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ വിശദമാക്കുന്ന സർവകലാശാല സ്റ്റാറ്റ്യൂട്ട് സർവകലാശാലയുടെ ഒദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ മാർഗനിർദേശങ്ങൾ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് നല്കുന്നുണ്ട്. കൂടാതെ പുതിയ കോളേജുകൾ/ കോഴ്സുകൾ ആരംഭിക്കുന്നത് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. |
| 18 | 6.4.6 | സമയ പരിധി കഴിഞ്ഞു ലഭിക്കുന്ന അപേക്ഷകളിലും തുടർനടപടികൾ സ്വീകരിക്കുന്നു | പുതിയ കോളേജുകൾ, കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തിയ്യതി (ഫൈനോട്ടു കൂടി) ഡിസംബർ 31 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ ചാൻസലറുടെ അനുമതിയോടെ മാത്രമേ സ്വീകരിക്കുകയുള്ളൂ. |
| 19 | 6.4.7 | ജില്ലാതല പരിശോധനാ സമിതിയുടെ പരിശോധന റിപ്പോർട്ടുകൾ പൂർണവും സമഗ്രവും അല്ല | a. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഭൂപ്രമാണങ്ങൾ പരിശോധിക്കുന്നതിന് നിയമിച്ചിട്ടുള്ള വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകിയ ശേഷം മാത്രമേ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നുള്ളൂ. കൂടാതെ ഗവ. പ്ലീഡർ നൽകുന്ന ലീഗൽ സ്ക്രൂട്ടിനി സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്.<br><br>b. ഓരോ കോഴ്സിനും പ്രവേശിപ്പിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്താറുണ്ട്.<br><br>c. എജ്യുക്കേഷനൽ ഏജൻസികൾ ഫീസ് അടച്ച കോഴ്സുകളുടെ എണ്ണത്തിനനുസരിച്ചും അവിടത്തെ സൗകര്യങ്ങൾ അനുസരിച്ചും ഏതു കോഴ്സുകൾ വേണമെങ്കിലും ശുപാർശ ചെയ്യുവാൻ പരിശോധന സമിതികൾക്ക് അധികാരമുണ്ട്.<br><br>d. നിലവിൽ സിലബസ് ഇല്ലാത്ത കോഴ്സുകൾ ഗവർമെന്റിലേക്കു ശിപാർശ ചെയ്യുന്നത് സിലബസ്സിന്റെ അംഗീകാരത്തിന് വിധേയമായിട്ടാണ് (subject to approval of syllabus) അത്തരം കോഴ്സുകളുടെ സിലബസ് അംഗീകരണ പ്രക്രിയ ത്വരിതഗതിയിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>e. കോഴ്സുകളുടെ സെക്ഷൻ ശുപാർശ ചെയ്യാൻ പരിശോധന സമിതികൾക്ക് അധികാരമില്ല എന്ന് സ്റ്റാറ്റ്യൂട്ടിൽ പരാമർശിക്കുന്നില്ല. സർവകലാശാലയുടെ ശുപാർശ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാനുള്ള അധികാരം സർക്കാരിനാണ്. അപാകതകളുള്ള റിപ്പോർട്ടുകൾ പുനഃപരിശോധിക്കുന്നതിന് കാലതാമസം വരാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 20 | 6.4.8 | ഇൻസ്പെക്ഷ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുന്നു. | ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ പെട്ടന്ന് ലഭിക്കുവാനായി പരിശോധന സമിതികളെ നേരിട്ടും ഫോണിലൂടെയും ഇ മെയിൽ വഴിയും ബന്ധപ്പെടാറുണ്ട്. ആവശ്യമായി വന്നാൽ കത്തിലൂടെയും ഓർമപ്പെടുത്താറുണ്ട്. ആയതിനാൽ റിപ്പോർട്ടുകൾ സമയബന്ധിതമായിത്തന്നെ ലഭ്യമാക്കുന്നുണ്ട്. |
| 21 | 6.4.9 | പുതിയതായി അഫിലിയേഷൻ നൽകുന്ന കോളേജുകളിൽ നിന്ന് ഫിനാൻഷ്യൽ ഗ്യാരണ്ടി | പുതുതായി അഫിലിയേഷൻ നൽകുന്ന കോളേജുകളിൽനിന്നും സർവകലാശാല ഇപ്പോൾ ഫിനാൻഷ്യൽ ഗ്യാരണ്ടി ഈടാക്കുന്നില്ല. പകരം അഡ്മിനിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ട്. സർവകലാശാലാ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന ഫിനാൻഷ്യൽ ഗ്യാരണ്ടിക്കു പകരം കോളേജുകളിൽ നിന്നും അഡ്മിനിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് ക്രമപ്രകാരമല്ലെന്ന |

| | | | |
|---|---|---|---|
| | | വാങ്ങുന്നില്ല | ഓഡിറ്റ് പരാമർശം സർവകലാശാലാ സിണ്ടിക്കേറ്റിന്റെ ശ്രദ്ധയിൽ വരികയും സർവകലാശാലാ സ്റ്റാറ്റ്യൂട്ടിലെ അഫിലിയേഷൻ സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രക്രിയ പുരോഗമിക്കുന്നതിനാൽ തൽക്കാലം നിലവിലുള്ള രീതി തുടരാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. സ്റ്റാറ്റ്യൂട്ട് ഭേദഗതിക്കുള്ള ശുപാർശ സിൻഡിക്കേറ്റ് അംഗീകരിക്കുകയും തുടർന്ന് വിശദപരിശോധനക്കായി സർവകലാശാലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ട് സെല്ലിന്റെ പരിഗണനയ്ക്ക് വിടുകയും ചെയ്തു. സർവകലാശാലാ സ്റ്റാറ്റ്യൂട്ട് സെല്ലിന്റെ ശുപാർശ പ്രകാരം, യു.ജി.സി റെഗുലേഷനുകൾ ഭാഗികമായി മാത്രം സ്വീകരിക്കുന്നതിൽ നിയമപരമായ അപാകത ഉണ്ടോ എന്നത് സംബന്ധിച്ച് സർവകലാശാല നിയമോപദേശം തേടി. പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റ് വിഭാഗത്തിനെ അറിയിക്കുന്നതാണ്. |
| 22 | 6.4.10 | ഭൂപ്രമാണങ്ങൾ സാങ്കേതിക ജ്ഞാനമുള്ളവരുടെ പരിശോധനക്ക് വിധേയമാക്കപ്പെടുന്നില്ല | നിലവിൽഭൂപ്രമാണങ്ങളും അനുബന്ധരേഖകളും സർവകലാശാല നിയമിച്ചിട്ടുള്ള നിയമ വിദഗ്ധനെ കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് വാങ്ങാറുണ്ട്. കൂടാതെ ഗവൺമെന്റ് പ്ലീഡറുടെ കയ്യിൽ നിന്ന് ലീഗൽ സ്ക്രൂട്ടിനി സർട്ടിഫിക്കറ്റും 500 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ സത്യവാങ്മൂലവും വാങ്ങാറുണ്ട്. |
| 23 | 6.4.11 | അടിസ്ഥാന സൗകര്യങ്ങളുടെ പര്യാപ്തത ഉറപ്പു വരുത്തുന്നില്ല | 2014-15 വർഷം മുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ വേണ്ട എല്ലാ രേഖകളും കൃത്യമായി വാങ്ങി പരിശോധിക്കുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ള ജില്ലാ തല പരിശോധന സമിതി പരിശോധിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ കോളേജിനുള്ള ശുപാർശ ഗവൺമെന്റിലേയ്ക്ക് അയക്കാറുള്ളൂ. |
| 24 | 6.4.12 | ന്യൂനതകളുള്ള അപേക്ഷകൾ നിരസിക്കുന്നില്ല | 2014-15 വർഷം മുതൽ ന്യൂനതകളുള്ള അപേക്ഷകൾ മാറ്റി വയ്ക്കുകയും ന്യൂനതകൾ പരിഹരിക്കാൻ ഉള്ള സമയം നൽകുകയും ചെയ്യുന്നുണ്ട്. ന്യൂനതകൾ പരിഹരിച്ചതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുന്നുള്ളൂ. |
| 25 | 6.4.13. | സ്ഥലവിസ്തൃതി സംബന്ധിച്ച സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല | യു.ജി.സി റെഗുലേഷൻസ് അനുസരിക്കുവാൻ സർവകലാശാല ബാധ്യസ്ഥമായതു കൊണ്ടാണ് സിൻഡിക്കേറ്റ് യു ജി സി റെഗുലേഷൻസ് (Affiliation of colleges by universities) ഒന്നാം ഭേദഗതി 2012 ഈ സർവകലാശാലയിൽ 2013 മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചത്. ഇതു സംബന്ധിച്ച് സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രസ്തുത ഭേദഗതി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>മേൽ സൂചിപ്പിച്ച നടപടികളുടെ വെളിച്ചത്തിൽ ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| **2018-19 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്** | | | |
| 26 | 6(XXIII) | കാലിക്കറ്റ് സർവകലാശാലയിൽ പെൻഷൻ ഫണ്ട് രൂപീകരണത്തിനായി അക്കൗണ്ട് ആരംഭിക്കുന്നത് സംബന്ധിച്ച് | പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായുള്ള പൊതുനിയമവാലി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് സർക്കാരിലേക്ക് സമർപ്പിച്ച കത്തുകൾക്ക് ഒരു ഓർമ്മപ്പെടുത്തൽ കത്തു കൂടി Letter No. 10968/FIN-BUD-1/2019/Fin dated: 23.06.2021 പ്രകാരം സമർപ്പിച്ചിട്ടുണ്ട് . മറുപടി ലഭ്യമായിട്ടില്ല.<br>പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു നിയമാവലി ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാല പെൻഷൻ ഫണ്ട് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ നിർദേശിച്ചു കൊണ്ട് സർക്കാർ ഒരു ഉത്തരവ് G.O (P)No. 8/2022/Fin dated: 19.01.2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.<br><br>എന്നാൽ പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് സൂചന G.O (P)No. 52/2022/Fin dated: 10.05.2022 പ്രകാരം മരവിപ്പിച്ചുകൊണ്ട് പിന്നീട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിനാൽ പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ കൂടുതൽ സർക്കാർ നിർദേശമുണ്ടാകുന്ന മുറക്ക് സ്വീകരിക്കുന്നതാണ് .<br><br>02/03/2023–ന് സമ്മേളിച്ച സർവ്വകലാശാല സിന്റിക്കേറ്റിന്റെ ഐറ്റം നമ്പർ. 2023.308* തീരുമാനപ്രകാരം സർവ്വകലാശാല പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി സർവ്വകലാശാല തനത് ഫണ്ടിൽ നിന്നും ₹100 കോടി രൂപ ട്രഷറി സ്ഥിരനിക്ഷേപമാക്കി മാറ്റാനും പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ അനുമതിക്കായി അപേക്ഷിക്കാനും തീരുമാനിക്കുകയുണ്ടായി.<br><br>സർവ്വകലാശാല പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി സർവ്വകലാശാല തനത് ഫണ്ടിൽ നിന്നും ₹100 കോടി രൂപ ട്രഷറി സ്ഥിരനിക്ഷേപമാക്കി മാറ്റാനുള്ള തീരുമാനത്തിൽ സർക്കാർ അനുമതിക്കായി അപേക്ഷ Letter No. 10968/FIN-BUD-1/2019/Fin dated: 26.04.2023 പ്രകാരം സമർപ്പിച്ചിട്ടുണ്ട്.<br><br>ഇതിൻ പ്രകാരം സർവ്വകലാശാല തനത് ഫണ്ടിൽ നിന്നും ₹100 കോടി രൂപ ട്രഷറി സ്ഥിരനിക്ഷേപമാക്കി മാറ്റാനുള്ള നടപടി സർവ്വകലാശാല സ്വീകരിച്ചു വരികയാണ്. |
| 27 | 6 II(f) | സർക്കാർ അംഗീകാരമില്ലാതെ അനദ്ധ്യാപക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന് ജീവനക്കാരുടെ വിവരം | സിസ്റ്റം അനലിസ്റ്റ്, ടെക്നീഷ്യൻ (ഡാറ്റ സെന്റർ), ടെക്നീഷ്യൻ (സി.എസ്.ഐ.ഫ്.), പബ്ലിക് അഡ്രസ് സിസ്റ്റം ഓപ്പറേറ്റർ, പ്രോഗ്രാമർ, ടെക്നിഷ്യൻ (USIC ), ലെയ്സൺ ഓഫീസർ, ന്യൂ ഡൽഹി എന്നീ തസ്തികകളുമായി ബന്ധപ്പെട്ട മറുപടി താഴെ കൊടുക്കുന്നു. |

| ക്രമ നമ്പർ | തസ്തിക | 2019 ൽ സേവനമനുഷ്ഠിക്കുന്നവരുടെ എണ്ണം | | | അംഗീകാരമുള്ള തസ്തികകളുടെ എണ്ണം | അധിക തസ്തികകളുടെ എണ്ണം | അധിക തസ്തികകളുടെ വിശദീകരണം |
|---|---|---|---|---|---|---|---|
| | | സ്ഥിരം ജീവനക്കാർ | താൽക്കാലിക ജീവനക്കാർ | ആകെ | | | |
| 1 | സി | ഇല്ല | 1 | 1 | ഇല്ല | 1 | പരീക്ഷ ഭവൻ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | സ്റ്റം അന ലിസ്റ്റ് | | | | | | കമ്പ്യൂട്ടർവൽക്കരണം, സർവ്വകലാശാലയിൽ ഡിജിറ്റൽ ഫയലിംഗ് സിസ്റ്റം, പ്രവേശന നടപടികൾക്കായി ഇ-ഗവേണൻസ് സംവിധാനം , വിദ്യാർത്ഥികൾക്കുള്ള മറ്റ് ഓൺലൈൻ സേവനങ്ങൾ എന്നിവ നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് നിയമനം നടത്തിയിട്ടുള്ളത് ഓർഡിനൻസ് ഭേദഗതി ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ബഹു . ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് |
| | | | 2 | ടെക്നീഷ്യൻ (ഡാറ്റ സെന്റർ) | ഇല്ല | 3 | 3 | ഇല്ല | 3 | പരീക്ഷ ഭവൻ കമ്പ്യൂട്ടർ വൽക്കരണം , സർവ്വകലാശാലയിൽ ഡിജിറ്റൽ ഫയലിംഗ് സിസ്റ്റം, പ്രവേശന നടപടികൾക്കായി ഇ -ഗവേണൻസ് സംവിധാനം , വിദ്യാർത്ഥികൾക്കുള്ള മറ്റ് ഓൺലൈൻ സേവനങ്ങൾ എന്നിവ നടപ്പാക്കുന്നതിന്റെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഭാഗമായിട്ടാണ് നിയമനം നടത്തിയിട്ടുള്ളത് |
| 3 | ടെക്നീഷ്യൻ (സി.എസ്.ഐ.എഫ്.) | ഇല്ല | 3 | 3 | ഇല്ല | 3 | താത്ക്കാലികമായി നടത്തിയ നിയമനം ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറുപടി കാത്തിരിക്കുന്നു |

4. സർവകലാശാലയിലെ വിവിധ സെമിനാർ ഹാളുകളിലേയും, കോൺഫറൻസ് റൂമുകളിലേയും പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം പ്രവർത്തിപ്പിക്കുന്നതിനും, അറ്റകുറ്റപ്പണിക്കും, പരിപാലനത്തിനും പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം ഓപ്പറേറ്റർ തസ്തികയിൽ ഒരാളുടെ സേവനം അത്യാവശ്യമായി വന്നതിനാലാണ്, പ്രസ്തുത തസ്തികയിൽ താല്ക്കാലികമായി നിയമനം നടത്തിയത്.

5. പ്രോഗ്രാമർ തസ്തികയിൽ നിലവിൽ നാല് പേർ സ്ഥിരം ജീവനക്കാരായും, 22 പേർ കരാർ അടിസ്ഥാനത്തിലും നിയമിതരായിട്ടുണ്ട്. പ്രോഗ്രാമർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന അഞ്ച് പേർ വിട്ടുതലായതിനാൽ, പ്രസ്തുത പ്രോഗ്രാമർമാർക്ക് പകരമാളുകളെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

6. യൂണിവേഴ്സിറ്റി സയൻസ് ഇൻസ്ട്രുമെന്റേഷൻ സെന്ററിൽ (USIC) ഏഴ് അംഗീകൃത ടെക്നിഷ്യൻ തസ്തികയിൽ നിലവിൽ ഒരാൾ സ്ഥിരം ജീവനക്കാരനായും, 6 പേർ കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത തസ്തികയിൽ അംഗീകൃത എണ്ണത്തേക്കാൾ കൂടുതൽ എണ്ണം ജീവനക്കാരാരും നിയമിതരായിട്ടില്ല.

7. ന്യൂഡെൽഹിയിൽ ലൈസൺ ഓഫീസർ തസ്തികയിൽ പാർട്ട് ടൈം കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. യുജിസിക്കും മറ്റ് ഫണ്ടിംഗ് ഏജൻസികൾക്കും സമർപ്പിച്ച പ്രോജക്ടുകളുമായി ബന്ധപ്പെട്ട പേപ്പർ വർക്കുകളുടെ തുടർനടപടികളിൽ പങ്കെടുക്കുന്നതിനായി ന്യൂഡൽഹിയിൽ ഒരു ലൈസൺ ഓഫീസർ 10.01.2012 മുതൽ പാർട്ട് ടൈം കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. ന്യൂഡൽഹിയിലെ

<table>
<tr>
<td></td>
<td></td>
<td></td>
<td>ലൈസൺ ഓഫീസറെ നിയമിക്കുന്നതിനെ ഓർഡിനൻസിൽ ഉൾപ്പെടാത്ത കാരണത്താൽ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ എതിർത്തിരുന്നുവെങ്കിലും ഒരു ലൈസൺ ഓഫീസറുടെ സേവനം അനിവാര്യമാണെന്ന് കരുതി പിന്നീട് ആക്ഷേപം പിൻവലിക്കുകയായിരുന്നു. ന്യൂഡൽഹിയിലെ ലെയ്സൺ ഓഫീസറുടെ സ്ഥിരം തസ്തിക ഉൾപ്പെടുത്തുന്നതിനുള്ള ഓർഡിനൻസ് ഭേദഗതി ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തു.<br><br>07.03.2013-ന് നടന്ന സിൻഡിക്കേറ്റ് ഇനം നമ്പർ 2013.228-ൽ ന്യൂഡൽഹിയിലെ ഒരു ലൈസൺ ഓഫീസറുടെ സേവനം സർവകലാശാലയ്ക്ക് അനിവാര്യമാണെന്നും അദ്ദേഹത്തിന്റെ മികച്ച സേവനം പിൻവലിച്ചാൽ അത് സമ്പർക്ക പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലും അതിനാൽ കാലഹരണപ്പെട്ട സമാന തസ്തികകൾ അനുയോജ്യമായ രീതിയിൽ പരിവർത്തനം ചെയ്ത് ലൈസൺ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിന് കത്തെഴുതാൻ തീരുമാനിച്ചു. ഇതു പ്രകാരം ഒഴിഞ്ഞുകിടക്കുന്ന ടെലിഫോൺ സൂപ്പർവൈസർ തസ്തിക പരിവർത്തനം ചെയ്ത് ന്യൂഡൽഹിയിൽ ലൈസൺ ഓഫീസറുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനു അനുമതി തേടിക്കൊണ്ട് 19.12.2014, 17.04.2018 തീയതികളിൽ സർക്കാറിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത്, നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് ന്യൂഡൽഹിയിൽ ലെയ്സൺ ഓഫീസറെ കരാർ (പാർട്ട് ടൈം) അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് നിയമിച്ചിരുന്നു. കരാർ കാലാവധി അവസാനിച്ചശേഷം 179 ദിവസത്തേക്ക് വീണ്ടും പുതുക്കി നൽകി വരുന്നു.</td>
</tr>
<tr>
<td>28</td>
<td>6 III(e)</td>
<td>സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ പരാമർശിച്ചിട്ടുള്ളതും ശമ്പളപരിഷ്ക്കരണ ഉത്തരവിലോ സർക്കാർ അനുമതിയിലോ ഉൾപ്പെടാത്തതും ആയ തസ്തികകളുടെയും സേവനത്തിലുള്ളവരുടെയും വിവരം</td>
<td>
<table>
<tr><th>ക്രമ നമ്പർ</th><th>തസ്തിക</th><th>ജീവനക്കാരുടെ എണ്ണം</th><th>അധികവിവരം – ചുവടെ ചേർക്കുന്നു *</th></tr>
<tr><td>1</td><td>പൂൾ ഓഫീസർ</td><td>ആരുംതന്നെ ഇല്ല</td><td></td></tr>
<tr><td>2</td><td>സെക്ഷൻ ഓഫീസർ(FC&D) ഹയർ ഗ്രേഡ്</td><td>ആരുംതന്നെ ഇല്ല</td><td></td></tr>
<tr><td>3</td><td>സെക്ഷൻ ഓഫീസർ(FC&D)</td><td>ആരുംതന്നെ ഇല്ല</td><td></td></tr>
</table>
</td>
</tr>
</table>

| | | | | |
|---|---|---|---|---|
| * 2009-ലെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയത് പ്രകാരം പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (FC&D) ഹയർ ഗ്രേഡ്, സെക്ഷൻ ഓഫീസർ (FC&D) എന്നീ തസ്തികകളെ ഓഫീസ് സൂപ്രണ്ട് തസ്തികയിൽ ഉൾപ്പെടുത്തുകയുണ്ടായി. ടി തസ്തികകളിൽ ഒമ്പതാം ശമ്പള പരിഷ്ക്കരണം നടത്തുന്ന സമയത് ഉണ്ടായിരുന്നവർ പ്രസ്തുത തസ്തികകളിൽ തന്നെ തുടരാൻ അനുവദിക്കുകയും ചെയ്തു. നിലവിൽ പൂൾ ഓഫീസർ, സെക്ഷൻ ഓഫീസർ (FC&D) ഹയർ ഗ്രേഡ്, സെക്ഷൻ ഓഫീസർ (FC&D) എന്നീ തസ്തികകളിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. | | | | |
| | 6 IV (d) | സ്റ്റാറ്റ്യൂട്ട് ഓർഡിനൻസ് എന്നിവയിൽ പ്രദിപാദിച്ചിട്ടില്ലാത്തതും ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതും സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമായ് തസ്തികകളുടെയും സേവനത്തിലുള്ളവരുടെയും വിവരം | തസ്തിക | ജീവനക്കാരുടെ എണ്ണം | അധിക വിവരം |
| | | | ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) | 29 | 2009-ലെ ഒമ്പതാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം പൂൾ ഓഫീസർ സെക്ഷൻ ഓഫീസർ, സെക്ഷൻ ഓഫീസർ (FC&D) ഹയർ ഗ്രേഡ്, സെക്ഷൻ ഓഫീസർ (FC&D) തസ്തികകളെ ഓഫീസ് സൂപ്രണ്ട് തസ്തികയായി നിജപ്പെടുത്തുകയും ടി തസ്തികകളി സമയത്ത് ഉണ്ടായിരുന്നവരെ പ്രസ്തുത തസ്തികകളിൽ തന്നെ തുടരാൻ അനുവദിക്കുകയും ചെയ്തു. ടി തസ്തികകളിലെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ബഹു: കേരള ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന വിവിധ കേസുകൾ തീർപ്പായതിനാൽ ഓഫീസ് സൂപ്രണ്ട് തസ്തികയുടെ അനുവദനീയമായ എണ്ണം 59 ആയി നിജപ്പെടുത്തി 1:1 അനുപാതത്തിൽ ഹയർ ഗ്രേഡ് നൽകുകയും ചെയ്തു. |
| **2020 - 21 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്** | | | | |
| 29 | 2 b | U.G.C പ്ലാൻ ഗ്രാന്റ് ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നീക്കിയിരിപ്പ് വന്ന 2,48,60,269/- രൂപ ചിലവിഴിക്കാതെ | UGC യുടെ കീഴിലുള്ള ഒരു Inter University Centre ആണ് Consortium for Educational Communication (CEC). CEC യുടെ കീഴിൽ (as Apex Body) 21 Media Centres പ്രവർത്തിച്ച വരുന്നു. CEC ആണ് ഈ 21 സെന്ററുകളെ സംബന്ധിച്ച പോളിസി മാർഗനിർദ്ദേശങ്ങൾ തരുന്നതും ഫണ്ടുകളുടെ വകയിരുത്തലിന്റെ മേൽനോട്ടം വഹിക്കുന്നതും. | | |

| | | | |
|---|---|---|---|
| | | തിരിച്ചടച്ചു. | പൊതു പ്ലാൻ ഫണ്ടിന്റെ ഭാഗമായിരിയ്ക്കുത്തന്നെ UGC/CEC മീഡിയ സെന്ററുകൾക്ക് Non-recurring/TAC ഫണ്ട് (സാങ്കേതിക സംവിധാനം മെച്ചപ്പെടുത്തുന്നതിനായ സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിന്) അനുവദിക്കുന്നത് UGC/CEC നേരിട്ട് രൂപീകരിക്കുന്ന സ്റ്റാറ്റ്യൂട്ടറി ബോഡി ആയ Technical Advisory Committee (TAC) ആണ്. TAC ന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായിട്ട് മാത്രമേ ഈ ഫണ്ട് ചെലവഴിക്കാൻ സെന്ററുകൾക്ക് കഴിയുകയുള്ളൂ.<br>ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.<br>1. ഓരോ പ്ലാൻ കാലയളവിലും 21 സെന്ററുകളിൽ നിന്നും CEC യിൽ നിന്നും ആവശ്യമുള്ള ഉപകരണങ്ങളുടെ പ്രൊപ്പോസലുകൾ TAC ക്ഷണിക്കുന്നു.<br>2. അവയെല്ലാം പരിഗണിച്ചുകൊണ്ട് പൊതുവായ ഒരു ലിസ്റ്റ് തയ്യാർ ചെയ്യുന്നു. ഈ ലിസ്റ്റ് പ്രകാരമാണ് സെന്ററുകൾ ഉപകരണങ്ങൾ വാങ്ങേണ്ടത്.<br>3. ഈ ലിസ്റ്റ്, UGC യിൽ നിന്നും ക്രമ പ്രകാരമുള്ള അനുമതിയ്ക്ക് ശേഷം TAC/CEC സെന്ററുകൾക്ക് അയച്ചു കൊടുക്കുന്നു.<br>4. ഇവിടെ ഈ Common TAC ലിസ്റ്റും, ഈ പൊതുവായ ലിസ്റ്റിൽ നിന്നും സെന്ററിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തു കൊണ്ട് തെരഞ്ഞെടുത്ത ഉപകരണങ്ങളുടെ ലിസ്റ്റും, ഫണ്ട് വിനിയോഗം സംബന്ധിച്ച CEC യുടെ മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ട് തെരഞ്ഞെടുത്ത ഉപകരണങ്ങളുടെ ലിസ്റ്റും, ഫണ്ട് വിനിയോഗം സംബന്ധിച്ച CEC യുടെ മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ട് സെന്ററിന്റെ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ (BoM) പരിഗണനയ്ക്കും അനുമതിയ്ക്കും വെക്കാറുണ്ട്.<br>5. BoM ന്റെ അനുമതിക്ക് ശേഷം യൂണിവേഴ്സിറ്റിയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും തേടുന്നു.<br>6. ശേഷം നിയമപ്രകാരമുള്ള ടെൻഡർ നടപടികളിലൂടെ ഉപകരണങ്ങളും മറ്റും വാങ്ങുന്നു.<br>ഫണ്ട് വിനിയോഗസമയം നീട്ടിക്കിട്ടാൻ UGC യുടെ അനുമതി തേടുന്നതും അതിനനുസൃതമായി സമയം നീട്ടി അനുവദിക്കുന്നതും TAC തന്നെയാണ്. എന്നിരുന്നാലും അതാത് കാലങ്ങളിൽ സെന്ററും UGC യിലേക്കും CEC യിലേക്കും ഫണ്ട് വിനിയോഗസമയം നീട്ടികിട്ടുവാനായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്.<br>2017 ൽ പ്ലാനുകൾ നിർത്തലാക്കിയതിനു ശേഷം ഫണ്ടുകളുടെ Streamlining നു വേണ്ടിയാണ് നിക്കിയിരിപ്പ് തുക UGC ആവശ്യപ്പെട്ടത്, അത് പ്രകാരവും CEC യുടേയും BoM ന്റെയും തീരുമാനങ്ങൾക്കും പിന്നീട് യൂണിവേഴ്സിറ്റിയുടെ അനുമതിക്കും ശേഷമാണ് സെന്റർ തുക തിരിച്ചടയ്ക്കുന്നത്. ഇതിലേക്ക് നയിച്ച നാൾവഴികളുടെ വിശദീകരണം ചുവടെ ചേർക്കുന്നു.<br>• TAC List വരാതെ ഉപകരണങ്ങൾ സ്വയം തീരുമാനമെടുത്ത് വാങ്ങാൻ centres ന് കഴിയുകയില്ല. ഏത് വിധേന വാങ്ങണമെന്നും (Centralised Purchase or Centre Llevel Purchase) പലപ്പോഴും |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുന്നത് TAC തന്നെയാണ്.<br><br>• ഫെബ്രുവരി 2015 ൽ TAC List വന്നത് തന്നെ ഒരു പ്രധാന ഉപകരണമായ Server ന്റെ വാങ്ങൽ തല്ക്കാലം നിർത്തി വയ്ക്കണമെന്ന നിർദ്ദേശവുമായാണ്. June 2015 അവസാനമാണ് പ്ലാൻ ഗ്രാന്റ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. പിന്നീട് 2015, നവംബറിൽ നടന്ന 94-ാമത് കോർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ എല്ലാ മീഡിയ സെന്ററുകൾക്കുമായുള്ള CEC യുടെ നേതൃത്വത്തിലുള്ള ഒരു സെൻട്രലൈസ്ഡ് പർച്ചേസ് പ്രോസസ്സ് ആണ് CEC ശുപാർശ ചെയ്തത്.<br><br>• 17.06.2016 ൽ പതിനൊന്നാം BoM മീറ്റിംഗിൽ 10 ലക്ഷത്തിന് മുകളിൽ വില വരുന്ന ഉപകരണങ്ങൾ വാങ്ങുന്ന കാര്യത്തിൽ CEC യുടെ നിർദ്ദേശങ്ങൾക്ക് കാത്തിരിക്കുവാനായിരുന്നു തീരുമാനം. ഇക്കാരണത്താൽ സെന്റർ തലത്തിലുള്ള 10 ലക്ഷം രൂപയ്ക്കു മുകളിൽ വില വരുന്ന ഉപകരണങ്ങളുടെ വാങ്ങൽ പ്രക്രിയ തൽക്കാലത്തേക്ക് നിർത്തിവച്ചു. അതേ സമയം പത്തു ലക്ഷത്തിൽ താഴെ വില വരുന്ന ഉപകരണങ്ങളുടെ വാങ്ങലിനായി 2016-17 സാമ്പത്തിക വർഷത്തിൽത്തന്നെ 22 ലക്ഷം രൂപയോളം സെന്റർ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>• 12th പദ്ധതി പ്രകാരമുള്ള ചെലവുകൾ 30.09.2017 വരെ മാത്രമേ അനുവദിക്കു എന്ന് 9.6.2017 ലെ UGC യുടെ അറിയിപ്പ് കിട്ടുന്നു.<br><br>• യു ജി സി യുടെ അറിയിപ്പ് വന്നതിന് പുറകെ 21.06.2017 നു നടന്ന BoM മിറ്റിംഗിൽ TAC ലിസ്റ്റ് പ്രകാരം ഉപകരണങ്ങൾ വാങ്ങുന്ന കാര്യം സമർപ്പിക്കുകയും BoM നടപടിക്രമങ്ങൾ പൂർത്തിയാക്കി അതിന്റെ മിനുട്സ് ഓർഡർ ആക്കിയതിനു തൊട്ടു പിന്നാലെ പർച്ചേസ് കമ്മിറ്റി മിറ്റിംഗ് 13.07.2017 നു വിളിച്ചു കൂട്ടി ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനുള്ള സിണ്ടിക്കേറ്റ് അനുമതി ലഭിച്ചത് 19.07.2017 നും തീരുമാനം നടപ്പിലാക്കി ഉത്തരവ് 25.08.201 നും ലഭ്യമായി .<br><br>• 26.08.2017 നു തന്നെ 5 ലക്ഷത്തിനു താഴെ വില വരുന്ന 13 ഐറ്റംസ് അടങ്ങിയ ക്വട്ടേഷൻ നോട്ടീസ് അപ് ലോഡ് ചെയ്യുകയുണ്ടായി. സർവ്വകലാശാല നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി 32 ലക്ഷത്തിൽപരം രൂപയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓര്ഡർ കൊടുക്കാനുള്ള അനുമതി 20.09.2017 ൽ നടന്ന സിണ്ടിക്കേറ്റ് യോഗത്തിൽ നൽകുകയും തീരുമാനം നടപ്പിലാക്കി ഉത്തരവ് 09.10.2017 ന് ലഭ്യമാകുകയും ചെയ്തു.<br><br>• 5 ലക്ഷത്തിനു മുകളിൽ വില വരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള ഇ ടെണ്ടർ യൂണിവേഴ്സിറ്റിയുടെ പർച്ചേസ് ഡിവിഷൻ ആണ് ചെയ്തത്. അതിനായുള്ള |

| | | | |
|---|---|---|---|
| | | | നോട്ടീസിന്റെ കരട് രൂപം പർച്ചേസ് ഡിവിഷനു സെന്റർ സമർപ്പിച്ചിരുന്നു. ഇത് പ്രകാരമുള്ള e-tender notice, Purchase Division 19.09.2017 നു പ്രസിദ്ധീകരിച്ചു.<br>• എല്ലാ മീഡിയ സെന്ററുകളുടെയും Apex Body യായ CEC 28.09.2017 ൽ നടന്ന TAC മീറ്റിംഗിൽ ഇക്കാര്യം ചർച്ചചെയ്യപ്പെട്ടിരുന്നു. മിക്ക സെന്ററുകളും ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടിക്രമങ്ങളുടെ വ്യത്യസ്ത ഘട്ടങ്ങളിൽ ആയതിനാൽ ഫണ്ട് വിനിയോഗത്തിനായി കൂടുതൽ സമയം അനുവദിച്ചു കിട്ടുന്നതിനായി യു.ജി.സി യോട് അപേക്ഷിക്കുവാൻ കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ഇതിനോടൊപ്പം തന്നെ സെന്റർ CEC യ്ക്കും UGC യ്ക്കും പദ്ധതി തുക വിനിയോഗം നീട്ടിക്കിട്ടുവാനായി കത്തുകൾ അയച്ചിരുന്നു.<br>• പിന്നീട് CEC-100th Co ordination Committee Meeting ൽ പദ്ധതിത്തുക വിനിയോഗം 31.03.2019 വരെ നീട്ടികിട്ടാൻ അഭ്യർത്ഥിച്ച കാര്യവും എന്നാൽ GFR 17 ലെ മാർഗനിർദ്ദേശങ്ങൾക്കു വിധേയമാമായത്കൊണ്ട് സമയം നീട്ടികിട്ടാൻ സാധിക്കില്ല എന്ന് UGC അറിയിച്ച കാര്യവും റിപ്പോർട്ട് ചെയ്തിരുന്നു.<br>• ഇതിനെ ആസ്പദമാക്കിയാണ് CEC എല്ലാ മീഡിയ സെന്ററുകളോടും ബാലൻസ് തുക UGC യ്ക്ക് തിരിച്ചു കൊടുക്കുവാൻ ആവശ്യപ്പെടുന്നതും അതിനുള്ള പ്രക്രിയകൾ സെന്റർ തുടങ്ങുന്നതും.<br><br>മുൻപ് പറഞ്ഞിരുന്നത് പോലെ, CEC, Centres ന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി പുറപ്പെടുവിക്കുന്ന പൊതു മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് EMMRC ഉപകരണങ്ങൾ വാങ്ങുന്നത്. ഇത്തരം പദ്ധതി തുകയുടെ സ്വതന്ത്രമായ വിനിയോഗം സെന്ററിനെ മാത്രം ആശ്രയിച്ചിരിക്കുന്ന കാര്യമല്ല. TAC ലിസ്റ്റ് ചെയ്യുന്ന ഉപകരണങ്ങൾ എപ്പോൾ, എങ്ങനെ വാങ്ങണം എന്ന തീരുമാനം കൈക്കൊള്ളുന്നത് UGC യും CEC യും ആണ്. ഇതിൽ സെന്ററിന് ചെയ്യാനാവുന്ന കാര്യങ്ങൾ കാലതാമസം കൂടാതെ, അനുമതികളും തീരുമാനങ്ങളും ലഭിയ്ക്കുന്ന മുറയ്ക്ക് തന്നെ ചെയ്തിട്ടുണ്ട്.<br>ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് സംബന്ധമായ പരാമർശങ്ങൾ വീണ്ടും CEC യുടേയും യുജിസിയുടേയും ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. കഴിഞ്ഞ BoM മീറ്റിംഗിൽ, തിരിച്ചടച്ച തുക പ്രതിപൂരണം ചെയ്തുകിട്ടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു CEC ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു. TAC അംഗീകരിച്ച 96 ലക്ഷം രൂപയുടെ ബജറ്റ് പ്രൊപ്പോസലും CEC ഈയടുത്ത് സെന്ററിന് അയച്ചു തന്നിരുന്നു. തുക ഉടനെത്തന്നെ അനുവദിച്ചു കിട്ടുവാനുള്ള അഭ്യർത്ഥന അതേത്തുടർന്ന് Centre യുജിസി യ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്.<br>ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തീരുമാനങ്ങൾ നടപ്പാക്കുന്നത് CEC, UGC, BoM ഇവയുടെ നിർദ്ദേശ പ്രകാരമാണ്. സെന്ററിന് മേല്പറഞ്ഞ കാര്യങ്ങളിൽ |

| | | | |
|---|---|---|---|
| | | | സ്വന്തമായി നടപടികൾ എടുക്കാൻ കഴിയില്ല എന്ന വസ്തുത ഇവിടെ ബോധിപ്പിച്ചു കൊള്ളുന്നു. |

ANILKUMAR. V.S
Additional Secretary
Higher Education Dept.
Govt. Secretariat
Thiruvananthapuram

**അനുബന്ധം 1**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കോഴ്സുകൾ | ആരംഭിച്ച വർഷം | സ്വന്തമായി ഭൂമിയുണ്ടോ ഉണ്ടെങ്കിൽ എത്ര | കെട്ടിടത്തിന്റെ വിസ്തീർണം (m2) | ക്ലാസ് മുറികളുടെ എണ്ണം | സെമിനാർഹാൾ/ ലേഡീസ് റൂം | ഹോസ്റ്റൽ സൗകര്യം |
|---|---|---|---|---|---|---|---|---|
| 1. | സെന്റർ ഫോർ പിജി സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക്, സുൽത്താൻ ബത്തേരി | MSW | 2001 | ഉണ്ട് | 421 m2 വാടക കെട്ടിടം | 3 | ഇല്ല | ഇല്ല |
| .2. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, മണ്ണാർക്കാട് | MCA, MSc Computer Science | 1999 | ഇല്ല | 1840 m2 | 3 | 1,1 | ഇല്ല |
| 3. | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്റർ സുൽത്താൻ .ബത്തേരി | B.Ed | 2002 | ഉണ്ട് 1.25 acre | സ്വന്തം കെട്ടിടം 1658.94 m2 | 7 | 1,1 | ഇല്ല |
| 4. | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്റർ കാലിക്കറ്റ് | B.Ed | 1982 | ഉണ്ട് 87 cent | സ്വന്തം കെട്ടിടം 1500 m2 | | | |
| 5. | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് വടകര | MBA | 2001 | ഇല്ല | 350..33 sq.ft | 2 | 1,1 | ഇല്ല |
| 6. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് | MSc. BCA | 2000 | ഇല്ല | 610.72 m2 | 5 | ഇല്ല, ഉണ്ട് | ഇല്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഇൻഫർമേഷൻ ടെക്നോളജി, മഞ്ചേരി | | | | | | | |
| 7. | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കുറ്റിപ്പുറം | MBA | 2010 | ഇല്ല | 561.5 m2 | 3 | ഇല്ല | ഇല്ല |
| 8. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി,പു ഇക്കാട് | MCA<br>B.SC IT | 2002<br>2021 | ഇല്ല | 278.70 m2 | 4 | 1 | ഇല്ല |
| 9. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ പുല്ലൂട്ട് | MCA<br>M Voc | 2002<br>2020 | ഇല്ല | 523.97 m2 | 6 | ഇല്ല | ഇല്ല |
| 10. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, കുറ്റിപ്പുറം | MCA | 2010 | ഇല്ല | 561.05 m2 | 3 | ഇല്ല | ഇല്ല |
| 11. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, തളിക്കുളം | B.Sc IT<br>MCA | 2002 | ഇല്ല | 5500 m2 | 6 | ഇല്ല | ഇല്ല |
| 12. | കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ് സെന്റർ കോഴിക്കോട് | BSc. FT<br>M.Sc FT | 1999 | ഉണ്ട് | സ്വന്തം കെട്ടിടം | 5 | ഇല്ല | ഇല്ല |

അനുബന്ധം 2

| ക്രമ നം | സ്ഥാപനം | ലഭ്യമായ കംപ്യൂട്ടറുകളുടെ എണ്ണം | പ്രവർത്തന ക്ഷമമായത് | കമ്പ്യൂട്ടർ സ്ഥാപിക്കാൻ ആവശ്യമായ ഫർണിച്ചറിന്റെ ലഭ്യത | യു പി എസ് സംവിധാനം | ലാബ് പൊടി പടലങ്ങൾ തട്ടാതെ സജ്ജീകരിച്ചിട്ടുണ്ടോ, എ സി ഉണ്ടോ | ഇന്റർനെറ്റ് സൗകര്യം ഉണ്ടോ | ക്രമ നം. |
|---|---|---|---|---|---|---|---|---|
| 1. | സെന്റർ ഫോർ പിജി സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക്, സുൽത്താൻ .ബത്തേരി | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് ,ഇല്ല | ഉണ്ട് | 1. |
| 2. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, മണ്ണാർക്കാട് | 15 | 15 | ഉണ്ട് | ഇല്ല | ഉണ്ട് , ഇല്ല | ഉണ്ട് | 2. |
| 3. | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ സുൽത്താൻ .ബത്തേരി | 7 | 7 | ഇല്ല | ഉണ്ട് | ഉണ്ട് ,ഇല്ല | ഇല്ല | 3. |
| 4. | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ,കോഴിക്കോട് | 18 | 17 | ഉണ്ട് | ഇല്ല | ഉണ്ട് , ഇല്ല | ഇല്ല | 4. |
| 5. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കോഹിനൂർ | 88 | 46 | ഉണ്ട് | ഉണ്ട് | ഉണ്ട് ,ഇല്ല | ഇല്ല | 5. |
| 6. | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, വലപ്പാട് | 21 | 13 | ഇല്ല | ഇല്ല | ഉണ്ട് ,ഇല്ല | ഇല്ല | 6. |
| 7. | സെന്റർ ഫോർ | 55 | 13 | ഉണ്ട് | ഇല്ല | ഉണ്ട് ,ഇല്ല | ഇല്ല | 7. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, മഞ്ചേരി | | | | | | | |
| 8. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, അരണാട്ടുകര | 22 | 20 | ഇല്ല | ഇല്ല | ഉണ്ട് ,ഇല്ല | ഇല്ല | 8. |
| 9. | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്റർ, ചാലക്കുടി | 19 | 18 | ഭാഗികമായി ഉണ്ട് | ഇല്ല | ഉണ്ട് ,ഇല്ല | ഉണ്ട് | 9. |
| 10. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി,പുതുക്കാട് | 52 | 8 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 10. |
| 11. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ പുല്ലൂട്ട് | 35 | 12 | ഇല്ല | വാങ്ങാൻ ഉള്ള നടപടികൾ അവസാന ഘട്ടത്തിലാണ് | ഉണ്ട് ,ഇല്ല | ഇല്ല | 11. |
| 12. | സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, കുറ്റിപ്പുറം | 8 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 12. |